# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## നസ്രേത്ത് വിഭാഗം

### പാഠാവലി മൂന്ന്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം–686 004
ossaebodhanam.org, ossae.org

**AN OSSAE PUBLICATION**
**Sunday School Padavali-3**
First Revised Edition: December 2012
Sixth Edition: January 2023
Sixth Edition
Copies: 5,000
Price: ₹ 60.00
Printed at Catholicate Press, Devalokam

# പ്രവേശിക

നമ്മുടെ സഭയുടെ ആത്മീയ-ആരാധനാ പാരമ്പര്യത്തിൽ ഏറ്റവും പ്രാധാന്യം ഉള്ള ഒന്നാണ് തിരുവചന പഠനം. 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ' എന്ന ദൈവവചനം അവരോടുള്ള തമ്പുരാന്റെ ആർദ്രമായ കരുതലിനെ പ്രതിഫലിപ്പിക്കുന്നതും കുഞ്ഞുങ്ങളുടെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നതുമാണ്. ബാല്യം മുതലേ ഹൃദയത്തിൽ ദൈവത്തെ അറിഞ്ഞ് വളരുക എന്നത് ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ അനുഭവമാണ്. ആത്മീയ ജീവിതത്തിന്റെ പാഠങ്ങൾ പരിശീലിപ്പിച്ച് ഉറപ്പിച്ച് വളരുന്ന ഒരു ജീവിതശൈലി ഉണ്ടാകണം, കാരണം നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുവാൻ ശക്തമായ ഒരു ആത്മീയ അടിത്തറ ആവശ്യമാണ്. അതുകൊണ്ട് കുഞ്ഞുങ്ങളെ ക്രൈസ്തവ സാക്ഷ്യത്തിൽ പരിശീലിപ്പിക്കുക എന്നത് ക്രൈസ്തവ ദൗത്യവും ദൈവസന്നിധിയിലുള്ള വലിയ ഉത്തരവാദിത്വവുമാണ്. ദൈവാനുഭവത്തിലേക്ക് നയിക്കുന്ന തിരുവചനജ്ഞാനവും, അതിന്റെ സൗന്ദര്യം അനുഭവിച്ച വിശുദ്ധരുടെ ജീവിതവും, അതിന് നന്ദി കരേറ്റുന്ന ആരാധനയുടെ മഹത്വവും, ഇവയുടെ നിറവിലും സ്വത്വബോധത്തിലും നിർവ്വഹിക്കേണ്ട സമൂഹത്തോടുള്ള ഉത്തരവാദിത്വവും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്ന പാവനമായ ശുശ്രൂഷയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നമ്മൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം തലമുറകളായി നമ്മൾക്ക് പകർന്നു കിട്ടിയ ശക്തമായ സത്യവിശ്വാസമാണ്.

സൺഡേസ്കൂൾ വിദ്യാഭ്യാസം സെക്കുലർ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളിൽകൂടി വിലയിരുത്തപ്പെടേണ്ടതല്ല. ജീവിതകാലം മുഴുവൻ നീളുന്ന, അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന, ദൈവാന്വേഷണമാണത്. പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ദൈവാത്മാവിന്റെ പ്രോജ്വലനം ലഭിക്കുമ്പോഴാണ് സൺഡേസ്കൂൾ പഠനം പ്രയോജനകരമാകുന്നത്. കാലങ്ങൾക്കു മുമ്പേ ലഭിച്ച ദൈവീക വെളിപ്പാടുകളുടെ കാലാതീതമായ മഹത്വം തിരിച്ചറിഞ്ഞ്, കാലാനുസൃതമായി വ്യാഖ്യാനിച്ചു കൊടുക്കുക എന്നതാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. സൺഡേസ്കൂൾ വിദ്യാഭ്യാസം തിരുവചനത്തിൽ കാണുന്ന മാതൃകയിൽ നിവർത്തിക്കപ്പെടേണ്ടതാണ്. ദൈവഹിതത്തെ ജനത്തെ അറിയിക്കുവാൻ തക്കവണ്ണം പ്രവാചകന്മാരെ കാലാകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുണ്ട്. ആ നിയോഗം തന്നെയാണ് സൺഡേസ്കൂൾ അദ്ധ്യാപകരും നിർവ്വഹിക്കുന്നത്. അദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും ഈ നിയോഗത്തിലും പഠനപ്രക്രിയയിലും പങ്കുചേരുമ്പോൾ ആണ് സൺഡേസ്കൂൾ പഠനം അർത്ഥവത്താകുന്നത്. ക്ലാസ്സുകളിൽ കുഞ്ഞുങ്ങൾ പഠിക്കുന്ന നല്ല മൂല്യങ്ങൾ കുടുംബത്തിൽ പരിശീലിക്കുമ്പോഴാണ് അത് അവർക്ക് പ്രയോജനകരമായി തീരുന്നത്. ദൈവകല്പനകളെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണമെന്ന് മോശ യിസ്രായേൽ മക്കളോട് പറയുന്നുണ്ട്. 'നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം' (ആവ. 6:7).

സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളോട് ക്രിസ്തീയമായ ഒരു അവബോധത്തോടെ പ്രതികരിക്കുന്ന ഒരു തലമുറ രൂപപ്പെടേണ്ടത് ആവശ്യമാണ്. സംഘർഷഭരിതമാകുന്ന ഒരു ലോകത്തിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും മാതൃകകളെ പകരുവാൻ കഴിവുള്ളവരായി നമ്മുടെ പുതുതലമുറ വളർന്നു വളരണം. എങ്കിൽ മാത്രമേ യേശുക്രിസ്തു കൈയ്യിലെടുത്ത് അനുഗ്രഹിച്ച ശിശുക്കളുടെ ഭാഗ്യത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളും കടന്നുവരികയുള്ളു. ആ സാക്ഷ്യമാണ് സമൂഹത്തിന്റെ നന്മയിലേക്കുള്ള രൂപാന്തര

ത്തിനും സ്വർഗ്ഗരാജ്യാനുഭവത്തിലേക്കുള്ള വളർച്ചയ്ക്കുമായി സഭ നിർവ്വഹിക്കേണ്ട ആഗോള ദൗത്യം.

തിരുവചനവും സഭയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും ഫലപ്രദമായി പകർന്നുകൊടുക്കത്തക്കവിധം നമ്മുടെ സൺഡേസ്കൂൾ പഠനപദ്ധതി ക്രിയാത്മകമായ പരിഷ്കരണങ്ങളോടെ മുമ്പോട്ടു പോകുകയാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും അദ്ധ്യാപന രീതിയിലും ഈ വ്യത്യാസങ്ങൾ പ്രകടമാണ്. ഓൺലൈൻ റിസോഴ്സുകൾ പഠനപ്രക്രിയയിൽ വലിയ സഹായം ആയി മാറിയിട്ടുണ്ട്. പുതിയ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി സൺഡേസ്കൂൾ വിദ്യാഭ്യാസം സന്തോഷകരമാക്കുവാനും അതിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ ധാർമ്മികവും ആത്മീയവുമായ മൂല്യബോധത്തെ ഉയർത്തുവാനും സാധിക്കട്ടെ.

**അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, OSSAE

# ആമുഖം

യേശുക്രിസ്തു ഏക കർത്താവും രക്ഷകനും ദൈവവുമാകുന്നു എന്ന ബോധ്യം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കുകയെന്നതാണ് OSSAE യുടെ ബോധനലക്ഷ്യം. എല്ലാ ക്ലാസ്സുകളിലും പ്രസ്തുത വിശ്വാസസത്യം ആവർത്തിക്കപ്പെടണം. വേദപുസ്തകവും ആരാധനയും സഭാചരിത്രവും മഹത് വ്യക്തികളെക്കുറിച്ചുള്ള പഠനവും പ്രസ്തുത ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ നിർവഹിക്കപ്പെടുവാൻ അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം. കുഞ്ഞുങ്ങളുടെ ഭാവിജീവിതം കരുപ്പിടിപ്പിക്കുന്നതിലും ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിലും 'യേശുക്രിസ്തു എന്റെ ദൈവമാകുന്നു' എന്ന ബോധ്യം ഉണ്ടാകണം. ത്രിയേക ദൈവത്തിൽ വിശ്വസിക്കുവാനും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര മഹാസംഭവത്തിൽ, വിശുദ്ധ സഭയുടെ അംഗമെന്ന നിലയിൽ പങ്കാളികളായി ദൈവരാജ്യ മഹത്വത്തിനായി ജീവിക്കുവാനും സൺഡേസ്കൂൾ പഠനം പ്രചോദനമാകണം.

നിലവിൽ എന്താണ് എന്നതിനെക്കാൾ പ്രധാനമാണ് ഇനിയും എന്തൊക്കെയാകാം എന്നത്. പഠനം കഴിവതും വിദ്യാർത്ഥി കേന്ദ്രീകൃതമാക്കണം. അധ്യാപകർ ആജ്ഞാപിക്കുന്ന സ്ഥിരശൈലി മാറ്റി സഹായിയുടെയും സംരക്ഷകന്റെയും സംയുക്തശൈലിയിലേക്കു മാറണം. പരമസത്യമായ ദൈവത്തെ അറിയുവാനും അനുഭവമാക്കുവാനും അതുപ്രകാരമുള്ള ജീവിതം നയിക്കുവാനുമുള്ള മാർഗ്ഗദർശനമാണ് ഇന്നിന്റെ ഗുരുധർമ്മം. 'വളർച്ച' അധ്യാപകനും വിദ്യാർത്ഥിക്കും ഒരുപോലെ സംജാതമാകണം. കഠോപനിഷത്തിന്റെ ശാന്തിപാഠം, അധ്യയനത്തിന്റെ ഈ ആത്യന്തിക ലക്ഷ്യം വിവരിക്കുന്നു. "ഓം സഹനാവവതു സഹനൗ ഭുനക്തു; സഹവീര്യം കരവാവഹൈ; തേജസ്വിനാവധീതമസ്തു; മാ വിദ്വിഷാവഹൈ." നമ്മെ (ഗുരുവിനെയും ശിഷ്യനെയും) ഒരുമിച്ച് (ദൈവം) അനുഗ്രഹിക്കട്ടെ. നാം രണ്ടുപേരും ഒരുമിച്ച് ഭുജിക്കട്ടെ. നാം രണ്ടുപേരും പരസ്പരം ശക്തി പകരട്ടെ. നാം അധ്യയനം ചെയ്ത് തേജസ്സുറ്റതാവട്ടെ." ഭാരതത്തിന്റെ തദ്ദേശീയ ക്രൈസ്തവ സഭയായ മലങ്കരസഭ അതിന്റെ വളർന്നുവരുന്ന തലമുറയ്ക്ക് ദേശസ്നേഹവും സ്വത്വബോധവും പകർന്നു നൽകണം.

മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ ദൈവീകരായി വളർത്തുകയെന്ന സുവിശേഷ ദൗത്യത്തിൽ വലുതായ ഉത്തരവാദിത്വം ഉണ്ട്. പരീക്ഷയ്ക്ക്, ആണ്ടിൽ ഒരിക്കൽ കുട്ടികളെ പരിശീലിപ്പിക്കുന്ന പതിവിനു പകരം ആഴ്ചയിൽ അല്പസമയമെങ്കിലും ക്രമമായി വേദപഠനത്തിനു സമയം കണ്ടെത്തണം. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പ്രബോധിപ്പിക്കുന്നതുപോലെ 'ഭവനത്തിലെ സഭ' (Home Church) ആണ് വേദപഠനത്തിന്റെ ഈറ്റില്ലം. മാതാപിതാക്കളാണ് കുഞ്ഞുങ്ങളെ സ്വാധീനിക്കുവാൻ ഏറ്റവും കഴിവുള്ള അധ്യാപകർ. ബാലപാഠം മുതൽ 12-ാം ക്ലാസ്സുവരെയുള്ള പാഠങ്ങൾ വീഡിയോ ക്ലാസ്സുകളായി ossaebodhanam.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സൺഡേസ്കൂളിൽ അധ്യാപകർ നൽകുന്ന ക്ലാസ്സുകളോടൊപ്പം ഓൺലൈൻ ക്ലാസ്സുകൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. പരീക്ഷയിലെ ഉന്നത വിജയം മാത്രമല്ല ലക്ഷ്യം; കുഞ്ഞുങ്ങൾ ദൈവീകരാകുകയെന്നതാണ് പരമമായ ലക്ഷ്യം. ചെറുതായിരിക്കുന്നതു മാത്രമല്ല, വലുതാകാൻ ശ്രമിക്കാത്തതാണ് ആത്മീയ അപചയത്തിനു കാരണം! നന്മ നിറഞ്ഞതും ദൈവരാജ്യമഹത്വത്തിന് അനുയോജ്യവുമായ ചിന്താധാരകൾ നമ്മുടെ മനസ്സുകളിൽ നിറയട്ടെ, വരുംതലമുറയിലേക്ക് അവ അനസ്യൂതം പ്രവഹിക്കട്ടെ!

ദേവലോകം
23-02-2021

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

# ഉള്ളടക്കം

**യൂണിറ്റ് ഒന്ന്: വേദപുസ്തക സംഭവങ്ങൾ**

പാഠം ഒന്ന്: ദൈവം ഇഷ്ടപ്പെടുന്ന കാഴ്ച.................9
പാഠം രണ്ട്: അബ്രാഹാമിന്റെ മഹാമനസ്കത.................12
പാഠം മൂന്ന്: മുൾപ്പടർപ്പിലെ അഗ്നി.................15
പാഠം നാല്: ഉപവാസത്തിന്റേയും പ്രാർത്ഥനയുടെയും ശക്തി.................19
പാഠം അഞ്ച്: ശിംശോൻ: വ്രതനിഷ്ഠയുടെ ബലം.................22
പാഠം ആറ്: സ്നാപകയോഹന്നാൻ - ഉജ്ജ്വലദീപം.................25
പാഠം ഏഴ്: ബാലനായ യേശു ദൈവാലയത്തിൽ.................29
പാഠം എട്ട്: യഥാർത്ഥ അയൽക്കാരൻ.................32
പാഠം ഒൻപത്: പ്രകൃതി സൃഷ്ടാവിനെ അനുസരിക്കുന്നു.................35
പാഠം പത്ത്: ശിഷ്യന്മാർ - വിളിയും തെരഞ്ഞെടുപ്പും.................38

**യൂണിറ്റ് രണ്ട്: പ്രാർത്ഥന**

പാഠം പതിനൊന്ന്: ദൈവസ്നേഹത്തെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം..........42
പാഠം പന്ത്രണ്ട്: കരുണയുള്ള ദൈവത്തോട് പ്രാർത്ഥിക്കാം.................45
പാഠം പതിമൂന്ന്: വി. ത്രിത്വത്തോട് നമുക്ക് പ്രാർത്ഥിക്കാം.................48

**യൂണിറ്റ് മൂന്ന്: ആരാധനാഗീതങ്ങൾ**

പാഠം പതിന്നാല്: നമുക്ക് ദൈവമാതാവിനോട് മദ്ധ്യസ്ഥത അണയ്ക്കാം....... 51
പാഠം പതിനഞ്ച്: നമുക്ക് പാടി ആരാധിക്കാം.................54

**യൂണിറ്റ് നാല്: എന്റെ പള്ളി**

പാഠം പതിനാറ്: വി. ത്രോണോസ്.................56

**യൂണിറ്റ് നാല്: എന്റെ പള്ളി**

പാഠം പതിനേഴ്: പള്ളി ഉപകരണങ്ങൾ.................60

**യൂണിറ്റ് അഞ്ച്: മഹത് വ്യക്തിപരിചയം**

പാഠം പതിനെട്ട്: മാർ ബഹനാം സഹാദായും സഹോദരി സാറായും...............64
പാഠം പത്തൊൻപത്: മർത്തശ്ശ്മുനിയും ഏഴുമക്കളും .................68

**യൂണിറ്റ് ആറ്: നല്ല ശീലങ്ങൾ**

പാഠം ഇരുപത്: ക്ഷമ-ഏറ്റവും ശ്രേഷ്ഠമായ പ്രതികരണം................. 71
പാഠം ഇരുപത്തി ഒന്ന്: പരോപകാരം-പുണ്യപ്രവർത്തി.................74

# പാഠങ്ങളുടെ ഘടന

(തയ്യാറാക്കിയത്: പ്രൊഫ. ഡോ. സാം വി. ഡാനിയേൽ)

1. **മുഖ്യസന്ദേശം, പാഠോദ്ദേശ്യം:** ഓരോ പാഠത്തിൽനിന്നും ഉരുത്തിരിഞ്ഞുവരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്.
2. **മനഃപാഠവാക്യം:** ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം ക്ലാസ്സിന്റെ അവസാനം വിശുദ്ധ വേദപുസ്തകത്തിൽനിന്ന് ടീച്ചർ കുട്ടികളെ വായിച്ചു കേൾപ്പിക്കുകയും പല പ്രാവശ്യം ഏറ്റു പറയിക്കുകയും ചെയ്യണം.
3. **പഠനസഹായികൾ:** പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി അവതരിപ്പിക്കുവാൻ ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയെക്കുറിച്ച് ഈ ഭാഗത്തു നൽകിയിരിക്കുന്നു.
4. **ആമുഖം:** പാഠഭാഗത്തിന്റെ അവതരണം ഏറ്റവും ആകർഷകവും ആസ്വാദ്യകരവുമാക്കുവാൻ ഈ ഭാഗം സഹായിക്കുന്നു.
5. **പാഠഭാഗം:** പാഠത്തിന്റെ ഉള്ളടക്കമാണിത്. ഇതു കഴിയുന്നത്ര വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്കു നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ടീച്ചർ ക്ലാസ്സിൽ കൊണ്ടുപോകണം. വേദഭാഗങ്ങൾ എടുത്തു വായിച്ചു കേൾപ്പിക്കണം. വിവരണങ്ങൾ കഥ പറയുംപോലെയാവണം. കുട്ടികളോടു ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കണം. പ്രധാന ആശയങ്ങൾ വരുമ്പോൾ ഒന്നിച്ച് ഏറ്റുപറയിക്കണം.
6. **നമുക്കു ചിന്തിക്കാം:** പാഠഭാഗത്തിലെ ആശയങ്ങൾ എത്രമാത്രം കുട്ടികൾ ഗ്രഹിച്ചു എന്ന് പരിശോധിക്കുന്നതിനായി നൽകിയിരിക്കുന്ന ചോദ്യങ്ങളാണ് ഇവ.
7. **പ്രവർത്തനങ്ങൾ:** ഈ ഭാഗത്തു നൽകിയിരിക്കുന്നവ പലതും അഭിനയിക്കാനും വരയ്ക്കുവാനും ചെയ്തു കാണിക്കുവാനും കഥ പറയുവാനും എഴുതിക്കൊണ്ടുവരുവാനും ഉള്ളതാണ്.
8. **നമുക്കു പാടാം:** പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. അതു ടീച്ചർ പാടിക്കൊടുക്കുകയും കുട്ടികൾ ഏറ്റുപാടുകയും വേണം.
9. **നമുക്കു പ്രാർത്ഥിക്കാം:** പാഠഭാഗത്തിലെ ആശയവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥന ടീച്ചറിന് കുട്ടികളോടൊപ്പം ക്ലാസ്സിൽതന്നെ നടത്താവുന്നതാണ്. എല്ലാവരും എഴുന്നേറ്റുനിന്ന് കുരിശു വരച്ചുവേണം പ്രാർത്ഥിക്കുവാൻ.
10. **നിശ്ചയം:** ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്നതും അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ ആശയം കുട്ടികളെക്കൊണ്ടു പറയിക്കണം.
11. **തുടർവായനയ്ക്ക്:** പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ, ഒരാഴ്ച വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്നതിനും ധ്യാനിക്കുന്നതിനുമായി നൽകിയിരിക്കുന്നു.

# യൂണിറ്റ് ഒന്ന്

# വേദപുസ്തക സംഭവങ്ങൾ

പാഠം ഒന്ന്

## ദൈവം ഇഷ്ടപ്പെടുന്ന കാഴ്ച

(ഉല്പത്തി 4:1-15)

**മുഖ്യസന്ദേശം:**ജീവിതവിശുദ്ധിയോടും നല്ല മനസോടുമുള്ള കാഴ്ചയാണ് ദൈവത്തിന് അർപ്പിക്കേണ്ടത്.

**മനഃപാഠവാക്യം:**"ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല'' (സങ്കീ. 51:17).

**പഠനസഹായി:**കൃഷികൾ, മൃഗങ്ങൾ, ആടിനെ മേയിക്കുന്നവർ തുടങ്ങിയ ചിത്രങ്ങൾ

### ആമുഖം

മറ്റുള്ളവരെ സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന ആളുകളുണ്ട്. ഇപ്രകാരം സന്തോഷം അനുഭവിക്കണമെങ്കിൽ നാം കൊടുക്കുന്ന സഹായത്തിന് ചില പ്രത്യേകതകൾ ഉണ്ടാകണം. നല്ല മനസ്സോടെ വേണം മറ്റുള്ളവരെ സഹായിക്കേണ്ടത്. പകുതി മനസ്സോടും പിറുപിറുപ്പോടുംകൂടി യാതൊരുവനും ഒന്നും നല്കരുത്. "സങ്കടത്തോടെ അരുത്, നിർബ്ബന്ധത്താലും അരുത്, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊരി. 9:7) എന്ന് പൗലൂസ് ശ്ലീഹാ എഴുതിയിരിക്കുന്നു. ദൈവത്തിന് ബലിയർപ്പിച്ച കായേന്റെയും ഹാബേലിന്റെയും ജീവിതാനുഭവമാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

ആദിമാതാപിതാക്കളെക്കുറിച്ച് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ആദാമിന്റെയും ഹവ്വായുടെയും മക്കളെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം അറിയാം? മൂത്തമകൻ കായേൻ വയലിൽ കൃഷിചെയ്ത് ജീവിതവൃത്തി നടത്തിപ്പോന്നവൻ. ഇളയവനായ ഹാബേൽ ആട്ടിടയൻ. ഇരുവരും അവരവരുടെ തൊഴിൽ നന്നായി ചെയ്യുന്നവരായിരുന്നു. ദൈവകൃപ മൂലമാണ് എല്ലാം സാദ്ധ്യമാകുന്നതെന്ന ബോധ്യം ഇരുവർക്കും ഉണ്ടായിരുന്നു. ലഭിക്കുന്നതിന്റെ ഒരംശം നന്ദിസൂചകമായി ദൈവത്തിന് ബലി അർപ്പിക്കുക എന്ന പതിവ് അക്കാലം മുതൽ നിലനില്ക്കുന്നു. രണ്ടു സഹോദരന്മാരും തങ്ങളുടെ തൊഴിൽ മേഖലകളിലെ ഫലങ്ങളിൽ നിന്ന് ദൈവത്തിന് വഴിപാട് അർപ്പിക്കുവാൻ തീരുമാനിച്ചു.

കായേൻ തന്റെ കൃഷിയുടെ ഫലങ്ങൾ ദൈവത്തിന് അർപ്പിച്ചു. ഹാബേലാകട്ടെ കടിഞ്ഞൂൽ ആടുകളിൽ ശ്രേഷ്ഠമായതിനെ തെരഞ്ഞെടുത്താണ് ദൈവത്തിനു ബലി അർപ്പിച്ചത്. ദൈവം ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കായേൻ തിന്മ ചെയ്യുന്നവനായിരുന്നതിനാൽ അവന്റെ വഴിപാടിൽ പ്രസാദിച്ചില്ല. അതിനാൽ അവന് കോപം ഉണ്ടായി. കോപം അടക്കുവാൻ യഹോവ കായേനോടു കല്പിച്ചു. പാപം ചെയ്യാതെ നന്മ ചെയ്യുവാനും വിശുദ്ധനായി ജീവിക്കുവാനും ഉപദേശിച്ചു. അനുഗ്രഹം പ്രാപിക്കുവാനുള്ള നിർദ്ദേശങ്ങൾ കായേന് ഒട്ടും ഇഷ്ടമായില്ല.



ബലി അർപ്പിക്കുന്ന ഹാബേൽ, ക്രുദ്ധനായ കായേൻ

..............................................

## ഗീതം

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബ്രാഹാം തൻ ബലിയും കൈക്കൊണ്ട് കർത്താവേ
നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട-
അൻപാലടിയാരെ കാക്കുക.

..............................................

## പ്രാർത്ഥന

ദൈവമായ കർത്താവേ, ഭക്തിയോടെ നിന്റെ ആലയത്തിലേക്ക് പ്രവേശിച്ച് അതി ശ്രേഷ്ഠമായ കാഴ്ചകൾ അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ

..............................................

## നിശ്ചയം

ഞങ്ങൾ സന്തോഷത്തോടെ നേർച്ചകാഴ്ചകൾ അർപ്പിച്ച് ദൈവത്തെ പ്രസാദിപ്പിക്കും

## നമുക്കു ചിന്തിക്കാം


1. ആദാമിന്റെ ആദ്യത്തെ രണ്ട് മക്കൾ ആരെല്ലാം? അവരുടെ തൊഴിൽ എന്തായിരുന്നു?
2. ഹാബേലിന്റെ കാഴ്ചയർപ്പണത്തിന് തുല്യമാകുന്നുണ്ടോ നമ്മുടെ നേർച്ചകാഴ്ചകൾ?
3. ആദ്യഫലപ്പെരുന്നാളിൽ കുടുംബങ്ങളുടെ പങ്കാളിത്തം എങ്ങനെ?
4. ജീവകാരുണ്യ/സ്തോത്രകാഴ്ച സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ നടത്തുന്നതെന്തിന്? നമ്മൾ സന്തോഷത്തോടെ അതിൽ സഹകരിക്കുമോ?
5. ദൈവം കായേന്റെ ബലിയിൽ പ്രസാദിക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു?

## പ്രവർത്തനങ്ങൾ

- ✷ ദൈവവും കായീനുമായുള്ള സംഭാഷണം നാടകരൂപത്തിലാക്കി അഭിനയിക്കുക. ടീച്ചർ നിങ്ങളെ സഹായിക്കും.

### പദപ്രശ്നം

വൃത്തത്തിനുള്ളിലെ അക്ഷരങ്ങൾ കൂട്ടി വായിക്കൂ!




**വലത്തോട്ട്**

1. നിങ്ങളിൽ ......................ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ശുശ്രൂഷക്കാരനാകേണം (വി. മത്താ 20:26) (3)
2. യേശു ജനിച്ച പട്ടണം (4)
3. ഏലി പുരോഹിതന്റെ കൂടെ പാർത്ത ബാലൻ; യിസ്രായേലിലെ പ്രവാചകനായിരുന്നു (4)

**പദപരിചയം**

സഹ-വാക്യാർത്ഥം; (കൂടെ, കൂട്ടിനുള്ളത്), ഉദരം-അർത്ഥം (വയർ)

സഹോദരൻ = സഹ+ഉദരൻ. സഹ = കൂടെ, ഉദരം = വയറ് അപ്പോൾ സഹോദരൻ എന്നാൽ കൂടെ ഉദരത്തിൽ കിടന്നവൻ അല്ലെങ്കിൽ കൂടെപ്പിറന്നവൻ എന്നാണർത്ഥം.

- ✷ **സഹോദരനോട് / കൂട്ടുകാരനോട് ദേഷ്യം തോന്നിയാൽ എന്തു ചെയ്യും?**

  1. ക്ഷമാപൂർവ്വം നിശ്ശബ്ദനാവും, 2. കോപം തുടച്ചു കളയും, 3. മനശ്ശക്തി ലഭിക്കാൻ പ്രാർത്ഥിക്കും, 4. സൗഹൃദം പുനഃസ്ഥാപിക്കും/പുഞ്ചിരിച്ച് വീണ്ടും സമീപിക്കും.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | എബ്രായർ 11:1-6 |
| തിങ്കൾ | സങ്കീർത്തനം 127:1-5 | അപ്പോ.പ്ര. 5:1-6 |
| ചൊവ്വ | അപ്പോ.പ്ര. 4:32-37 | അപ്പോ.പ്ര. 5:7-11 |
| ബുധൻ | യാക്കോബ് 2:15-18 | ലൂക്കോസ് 16:19-23 |
| വ്യാഴം | ലൂക്കോസ് 16:24-31 | മത്തായി 6:1-4 |
| വെള്ളി | സദൃശ്യവാക്യം 10:22-32 | ലേവ്യ 2:14-16 |
| ശനി | ലേവ്യ 23:22-25 | * |

പാഠം രണ്ട്

# അബ്രാഹാമിന്റെ മഹാമനസ്കത

(ഉല്പത്തി 12, 13, 14)

**മുഖ്യസന്ദേശം**: മറ്റുള്ളവരെകൂടി പരിഗണിക്കാതെ സ്വാർത്ഥമായി നേടുന്നത് നില നില്ക്കില്ല.

**മനഃപാഠവാക്യം**: "ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു" (സങ്കീ. 133:1).

**പഠനസഹായികൾ:** കൂടാരങ്ങളുടെ ചിത്രങ്ങൾ, അബ്രഹാം പ്രയാണം ചെയ്ത പ്രദേശഭൂപടം.

## ആമുഖം

മാതാപിതാക്കൾ തങ്ങളുടെ സ്വത്തുക്കൾ മക്കൾക്ക് ഭാഗം വച്ചു നല്കാറുണ്ട്. മാതാപിതാക്കൾ നല്കുന്നതിൽ തൃപ്തിയടയുന്നവരും മുഖ്യഭാഗം കൈവശപ്പെടുത്താൻ ശ്രമിക്കുന്നവരും ഉണ്ട്. അർഹിക്കാത്തത് ആഗ്രഹിക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്യുന്നവരുടെ പിൽക്കാല അനുഭവങ്ങൾ നന്നായി വരാറില്ല. ഈ ആശയം വ്യക്തമാക്കുന്ന ഒരു സംഭവമാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ദൈവകല്പനയനുസരിച്ച് അബ്രഹാം സ്വന്തദേശത്തെയും പിതൃഭവനത്തേയുംവിട്ട് പുറപ്പെട്ടുപോയി. ദൈവം കാണിപ്പാനിരിക്കുന്ന ദേശമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അബ്രഹാമിന്റെ സഹോദരപുത്രനായ ലോത്തും ഒപ്പമുണ്ടായിരുന്നു. ഇരുവർക്കും സമ്പത്തായി അനേകം ആടുമാടുകളും ഇടയന്മാരുമുണ്ടായിരുന്നു. സമ്പത്തിന്റെ വലിപ്പവും ഇടയന്മാരുടെ പിണക്കവും മൂലം അവർക്ക് ഒന്നിച്ചു താമസിക്കാൻ ബുദ്ധിമുട്ടായി. ഇതിനാൽ ഇരുകൂട്ടരും സ്വതന്ത്രമായി ജീവിക്കുന്നതാകും നല്ലത് എന്ന് അബ്രഹാം ചിന്തിച്ചു. ലോത്തിനെ സ്വന്തം മകനെപ്പോലെ അബ്രഹാം കരുതിയിരുന്നു. അബ്രഹാം ലോത്തിനോട് ഇപ്രകാരം പറഞ്ഞു: "നാം സഹോദരന്മാരല്ലേ. ദേശമെല്ലാം നിന്റെ മുമ്പാകെ ഇല്ലയോ? എന്നെ വിട്ടുപിരിഞ്ഞാലും. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം."

ലോത്ത് പ്രദേശമാകെ ഉറ്റുനോക്കി. യോർദ്ദാൻ നദിക്കക്കരെയുള്ള ഫലഭൂയിഷ്ഠമായ കിഴക്കൻ പ്രദേശം അദ്ദേഹം തെരഞ്ഞെടുത്തു. അവർ തമ്മിൽ പിരിഞ്ഞു. അബ്രഹാം കനാൻ ദേശത്ത് പാർപ്പുറപ്പിച്ചു. അബ്രഹാമിന്റെ ആവശ്യങ്ങൾ പരിഗണിക്കാതെ, അല്പം സ്വാർത്ഥതയോടെ, ഏറ്റവും നല്ലത് ലോത്ത് തെരഞ്ഞെടുത്തു. പിതൃതുല്യനായ അബ്രഹാമിനെ അവഗണിച്ച ലോത്തിന് സ്വയമായി തെരഞ്ഞെടുത്ത സമ്പത്തുകൾ നഷ്ടമായി. തിരിഞ്ഞുനോക്കുവാൻപോലുമാകാതെ ഓടിപ്പോകേണ്ട ഗതികേടുണ്ടായി. എന്നാൽ ത്യാഗമനസ്കതയോടെ, അവശേഷിച്ച ഭൂപ്രദേശം തെരഞ്ഞെടുത്ത അബ്രാഹാമും സന്തതിപരമ്പരകളും അനുഗ്രഹീതരായി.

.............................................

## പ്രാർത്ഥന

ദൈവമേ, തിന്മയും കളങ്കവും ധൂർത്തും ചിന്തിക്കാതിരിക്കുവാൻ വിശുദ്ധമായ ഹൃദയം ഞങ്ങൾക്ക് നൽകണമേ. ആമ്മീൻ.

.............................................

## നിശ്ചയം

ത്യാഗമനോഭാവവും സഹോദരസ്നേഹവും വളർത്തി, സ്വാർത്ഥചിന്ത കൂടാതെ ദൈവേഷ്ടത്തിന് പ്രാധാന്യം കൊടുത്ത് ഞങ്ങൾ വളരും.

## നമുക്കു ചിന്തിക്കാം


1. അബ്രഹാമിന്റെ സഹോദരപുത്രൻ ആര്?
2. അബ്രഹാമും ലോത്തും തമ്മിൽ പിരിയുവാൻ കാരണമെന്ത്?

## പ്രവർത്തനങ്ങൾ


1. അബ്രാഹാമിന് ദൈവം നല്കിയ വാഗ്ദത്തങ്ങൾ (അനുഗ്രഹങ്ങൾ) ഉല്പത്തി 12-ൽ നിന്നും കണ്ടെത്തി കുറിക്കുക.
2. ത്യാഗമനോഭാവം ഉൾക്കൊള്ളുന്ന കഥകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

### വഴി കണ്ടുപിടിക്കുക

അബ്രഹാമിന് മലനിരകൾക്ക് പുറത്തിറങ്ങാൻ വഴി കണ്ടുപിടിക്കുക



എത്തിച്ചേരേണ്ട ഇടം



അബ്രഹാമും ലോത്തും

### പദപരിചയം

അബ്രഹാമിനെ "വിശ്വാസികളുടെ പിതാവ്" എന്ന് വിളിക്കുന്നു. 'അബ്രഹാം' എന്ന പേരിന്റെ വിവിധരൂപങ്ങൾ ഏതൊക്കെയുണ്ടെന്ന് അറിയാമോ? അബ്രഹാം, അവിരാ, അവറാൻ, അവറാച്ചൻ, എബി, ഏബൽ, അബി, ഏബ്രഹാം.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീർത്തനം 103:1-3 |
| തിങ്കൾ | ഉല്പത്തി 12:1-4 | സങ്കീർത്തനം 103:4-6 |
| ചൊവ്വ | ഉല്പത്തി 13:4-7 | സങ്കീർത്തനം 103:7-110 |
| ബുധൻ | ഉല്പത്തി 13:8-9 | സങ്കീർത്തനം 103:11-13 |
| വ്യാഴം | ഉല്പത്തി 13:10-11 | സങ്കീർത്തനം 103:14-17 |
| വെള്ളി | ഉല്പത്തി 13:14-16 | സങ്കീർത്തനം 103:18-20 |
| ശനി | ഉല്പത്തി 13:17-18 | * |

പാഠം മൂന്ന്

## മുൾപ്പടർപ്പിലെ അഗ്നി

(പുറപ്പാട് 3: 1–22)

**മുഖ്യസന്ദേശം**: ദൈവം നമ്മെ തെരഞ്ഞെടുത്താൽ നമുക്ക് വൻകാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.

**മനഃപാഠവാക്യം**: "ദൈവത്താൽ നാം വീര്യം പ്രവർത്തിക്കും" (സങ്കീ. 60:12).

**പഠനസഹായി:** മരുഭൂമിയുടെ ദൃശ്യങ്ങൾ, ഈജിപ്ത് ഭൂപടം.

### ആമുഖം

കഷ്ടപ്പാടുകൾ അനുഭവിക്കുന്നവരെ പല വ്യക്തികളും സംഘടനകളും സഹായിക്കുന്നത് കണ്ടിട്ടില്ലേ. യിസ്രായേൽ ജനതയ്ക്ക് പണ്ട് മിസ്രയേമ്യരിൽനിന്നും വളരെയധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നു. അവരെ രക്ഷിക്കുവാൻ ദൈവം കണ്ടെത്തിയ ഒരു സാധാരണക്കാരനായിരുന്നു മോശ. മോശയെ ദൈവം വിളിക്കുന്നതും ദൈവത്തിന്റെ കല്പനപ്രകാരം മിസ്രയീമിൽനിന്നും തന്റെ ജനമായ യിസ്രായേലിനെ രക്ഷിക്കുന്നതുമായ സംഭവമാണ് ഇന്ന് നാം പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

ഫറവോ രാജാവ് യിസ്രായേൽക്കാരെ അടിമകളാക്കി പണിയെടുപ്പിച്ചു കഷ്ടപ്പെടുത്തി. അക്കാലത്ത് ഒരു ദിവസം മോശ എന്ന എബ്രായപുരുഷൻ ഹോറേബ് മലഞ്ചെരുവിൽ തന്റെ അമ്മായിഅപ്പന്റെ ആടുകളെ മേയ്ക്കുകയായിരുന്നു. താഴ്വാരത്തിൽ വിശ്രമിക്കുന്ന അവസരത്തിൽ ഒരു അത്ഭുതകരമായ കാഴ്ച കണ്ടു! ഒരു മുൾപ്പടർപ്പ് കത്തിയെരിയുന്നു. അദ്ദേഹം ഓടി അടുത്തുചെന്നു. മുൾപടർപ്പിൽ തീ എരിയുകയാണ്. പക്ഷേ, മരം വെന്തുപോകുന്നില്ല. അത്ഭുതംതന്നെ! കുറെക്കൂടി അടുത്തുചെന്നപ്പോഴതാ മുൾപ്പടർപ്പിനകത്തുനിന്ന് ദൈവം 'മോശെ, മോശെ' എന്ന് വിളിക്കുന്നു. തന്റെ പേര് വിളിക്കുന്നതു കേട്ടപ്പോൾ അത്ഭുതംകൊണ്ട് അനങ്ങാതെ നിന്നുപോയി. തന്നെ കൃത്യമായി അറിയുന്ന ഒരാളാണ് വിളിക്കുന്നത്. നാല്പതു വർഷം രാജകുമാരനായി ജീവിച്ചശേഷം ഏതാണ്ട് നാല്പതു വർഷങ്ങളായി ആട്ടിടയനായി കഴിയുന്നു. പക്ഷേ, തന്നെ കൃത്യമായി പേരെടുത്ത് വിളിക്കുന്നതുകേട്ട് അദ്ദേഹം സ്വയം മറന്ന് 'ഇതാ ഞാൻ' എന്നു പറഞ്ഞ് തല കുനിച്ചു. 'നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നും ചെരിപ്പ് അഴിച്ചുകളക' എന്ന് ദൈവം കല്പിച്ചു. താൻ മുമ്പു ജീവിച്ചതും നടന്നതുമായ മാർഗ്ഗം മാറ്റി പുതിയ പാത സ്വീകരിക്കാനുള്ള ആഹ്വാനമായി മോശ അത് മനസ്സിലാക്കി.

എന്തിനാണ് യഹോവ മോശയെ വിളിച്ചതെന്നറിയാമോ? മിസ്രയിമിൽപോയി കഷ്ടപ്പെടുന്ന യിസ്രായേൽക്കാരെ ഫറവോന്റെ ആധിപത്യത്തിൽനിന്നും മോചിപ്പിച്ചു കൊണ്ടുവരണം. മരുഭൂമിയിലൂടെ വന്ന് ഇതേ സ്ഥലത്ത് ഹോരേബിൽ യഹോവയെ ആരാധിക്കണം. വിക്കനായ മോശെയ്ക്കു ആ കാര്യം അസാധ്യമായിത്തോന്നി. പക്ഷേ, ദൈവം അവനെ ധൈര്യപ്പെടുത്തി അയച്ചു. കൂട്ടിന് സഹോദരനായ അഹറോനേയും നിയോഗിച്ചു. അങ്ങനെ മോശ യഹോവയുടെ ശക്തിയാൽ തന്റെ ജനത്തെ വിടുവിച്ച് മരുഭൂമിയിലൂടെ നയിച്ച് കനാൻദേശം വരെ കൊണ്ടുചെന്നു. ദൈവത്തിന്റെ ശക്തിയാൽ വൻകാര്യങ്ങൾ നേടുവാൻ കഴിയുമെന്ന് ഈ സംഭവത്തിലൂടെ പ്രകടമായി.

ദൈവത്താൽ അസാധ്യമായതൊന്നുമില്ല. കണ്ടില്ലേ, ആടുമേയ്ച്ചു നടന്ന വിക്കനായ മോശ ജനലക്ഷങ്ങളുടെ എക്കാലത്തേയും വലിയ നേതാവായി മാറിയത്! ദൈവനിയോഗം സ്വീകരിക്കുന്നവർക്ക് ധാരാളം ദൈവികസഹായങ്ങൾ ലഭിക്കും. അവർക്ക് വൻകാര്യങ്ങൾ പ്രവർത്തിക്കുവാൻ കഴിയും. പഴയ ശീലങ്ങളെ ഉപേക്ഷിച്ച് പുതുക്കം പ്രാപിച്ചവരായി നമ്മൾ മാറണം.



മോശയും കത്തിയെരിയുന്ന മുൾപ്പടർപ്പും

.............................................

## ഗീതം

(1) സീനായ് ശൈലത്തിൽ
മൂശ ദർശിച്ച
മുൾക്കൂട്ടം കന്യേ
നിൻചിത്രം തന്നെ.

(2) മുൾമരമെരിയാതെരിതീ തൻ നടുവിൽ കണ്ടതുപോൽ
ചിന്മയനമ്മറിയാമിൽ വസിച്ചു ശരീരം പൂണ്ടു.

.............................................

## പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവേ, നിന്റെ ഹിതം അനുസരിച്ചവരോടുകൂടി ആനന്ദിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ

.............................................

## നിശ്ചയം


ദൈവകൃപയിൽ ആശ്രയിച്ച് ഞങ്ങൾ ഞങ്ങളുടെ ചുമതലകൾ ഭംഗിയായി നിർവഹിക്കും.

## നമുക്കു ചിന്തിക്കാം

1. യിസ്രായേൽക്കാർ അടിമകളായിരുന്നതെവിടെ?
2. അവരെ വിടുവിക്കുവാൻ ദൈവം തിരഞ്ഞെടുത്തതാരെ?
3. ദൈവം മോശയെ വിളിച്ച ഭാഗം വേദപുസ്തകത്തിൽനിന്നും വായിക്കുക.

## പ്രവർത്തനങ്ങൾ

1. ബിന്ദുക്കൾ യോജിപ്പിച്ച് മുൾപ്പടർപ്പ് കണ്ടെത്തുക.



**പാദുകം**

2. ചെരുപ്പുമായി ബന്ധപ്പെട്ട വേദഭാഗം (വി. യോഹ. 3:16) കണ്ടെത്തി മനഃപാഠമാക്കുക.
3. താഴെത്തന്നിരിക്കുന്ന കുട്ടിക്കവിത ഈണത്തിൽ ചൊല്ലിനോക്കൂ. അതോടൊപ്പം രണ്ടാമത്തെ ഗീതവും.

**കുട്ടിക്കവിത (1)**

പരിപാവനമാം
പള്ളിക്കുള്ളിൽ
പാദുകമൊന്നും
പതിയരുതേ.

**ഗീതം (2)**

മോശ തന്റെ ആടുമേച്ചു
കാനനത്തിൽ നില്ക്കുന്നേരം
മുൾപ്പടർപ്പെരിഞ്ഞിടാതെ
കത്തുന്ന തീജ്വാലകണ്ടു.

## തുടർവായനയ്ക്ക്

| **ദിവസം** | **പ്രഭാതം** | **വൈകുന്നേരം** |
|---|---|---|
| ഞായർ | * | പുറപ്പാട് 1:8-14 |
| തിങ്കൾ | സങ്കീർത്തനം 37:29-34 | പുറപ്പാട് 2:1-10 |
| ചൊവ്വ | ആവർത്തനം 5:12-15 | പുറപ്പാട് 4:1-5 |
| ബുധൻ | യോഹന്നാൻ 1:29-34 | പുറപ്പാട് 4:6-17 |
| വ്യാഴം | യോഹന്നാൻ 1:35-42 | മത്തായി 4:18-22 |
| വെള്ളി | സങ്കീർത്തനം 130 | യെശയ്യ 6:1-8 |
| ശനി | സങ്കീർത്തനം 103:11-18 | * |

പാഠം നാല്

# ഉപവാസത്തിന്റേയും പ്രാർത്ഥനയുടെയും ശക്തി

(എസ്ഥേർ 3, 4)

**മുഖ്യസന്ദേശം:** ഉപവാസത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്ക് വലിയ ശക്തിയുണ്ട്.

**മനഃപാഠവാക്യം:** "പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല" (വി. മത്തായി 17:21).

**പഠനസഹായികൾ:** കൊട്ടാരങ്ങൾ, രാജാവ്, രാജ്ഞി, യഹൂദവേഷവിധാനങ്ങൾ എന്നിവയുടെ ചിത്രങ്ങൾ

## ആമുഖം

ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും നാം നേരിടേണ്ടിവരും. അത്തരം അപകടാവസ്ഥയിൽ ഹൃദയശുദ്ധിയുള്ള മനുഷ്യൻ ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടെ കാര്യങ്ങൾ ചെയ്യും. പ്രയാസങ്ങളിൽ ദൈവം അവർക്കു തുണയായിരുന്ന് അവരെ വിടുവിക്കും. ഇത്തരം അനുഭവങ്ങൾ ചരിത്രത്തിൽ അനവധിയാണ്. പണ്ട് ഒരു യഹൂദ യുവതി രാജ്ഞിയായപ്പോൾ ഉണ്ടായ ഒരു സംഭവമാണ് ഇന്നത്തെ പാഠഭാഗം.

## പാഠഭാഗം

യിസ്രായേൽജനം ഫറവോന്റെ അടിമത്വത്തിൽ അനുഭവിച്ച പീഢനങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ? ബാബിലോൺ എന്ന നാട്ടിലും ഇതേ അനുഭവം യിസ്രയേൽക്കാർക്കുണ്ടായി. അന്ന് അഹശ്വേരോശ് എന്ന രാജാവായിരുന്നു ആ രാജ്യം ഭരിച്ചിരുന്നത്. ബാബിലോണിലെ അടിമകളുടെ കൂട്ടത്തിൽ മൊർദെഖായി എന്നൊരു യഹൂദനും കുടുംബവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതൃസഹോദരപുത്രിയായിരുന്നു എസ്ഥേർ. നല്ല സ്വഭാവമഹിമയുള്ള സുന്ദരിയായിരുന്നു എസ്ഥേർ. അവളുടെ മാതാപിതാക്കൾ വളരെ മുമ്പേ മരിച്ചുപോയിരുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ട എസ്ഥേറിനെ വളർത്തിയത് മൊർദെഖായിയായിരുന്നു. എസ്ഥേർ വളർന്ന് യുവതിയായി. അഹശ്വേരോശ് രാജാവിന് എസ്ഥേറിനോട് വളരെ താൽപര്യം തോന്നി. രാജാവ് അവളെ തന്റെ രാജ്ഞിയാക്കി. അങ്ങനെ എസ്ഥേർ രാജകൊട്ടാരത്തിൽ താമസമാക്കി.

രാജാവിന്റെ മന്ത്രിയായിരുന്നു ഹാമാൻ. രാജാവിന്റെ ഭൃത്യന്മാരെല്ലാവരും ഹാമാനെ കുമ്പിട്ടു വന്ദിക്കണം എന്നായിരുന്നു ചിട്ട. യഹൂദന്മാരുടെ പതിവ് യഹോവ ഒഴികെ മറ്റാരെയും കുമ്പിടാൻ പാടില്ല എന്നായിരുന്നു. അതിനാൽ മൊർദ്ദേഖായി ഹാമാനെ കുമ്പിടാൻ കൂട്ടാക്കിയില്ല. ഹാമാന് ഇത് തീരെ ഇഷ്ടപ്പെട്ടില്ല. മൊർദ്ദേഖായിയേയും അവന്റെ ജാതിയേയും ഒന്നാകെ കൊന്നു കളയുവാൻ ഹാമാൻ തീരുമാനിച്ചു. രാജാവിൽനിന്നും അതിനുള്ള കല്പനയും വാങ്ങി. യഹൂദർക്കു ഉണ്ടാകാൻ പോകുന്ന വലിയ ആപത്ത് മൊർദ്ദേഖായി മനസ്സിലാക്കി. അദ്ദേഹം രാജ്ഞിയായ എസ്ഥേറിനെ സമീപിച്ച് എന്തെങ്കിലും ചെയ്ത് സ്വന്ത വർഗ്ഗത്തെ നാശത്തിൽനിന്നും രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. അദ്ദേഹം എസ്ഥേറിനെ ഓർമ്മപ്പെടുത്തി. "നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ മറ്റൊരു

സ്ഥലത്തുനിന്ന് യഹൂദന്മാർക്ക് ഉദ്ധാരണവും രക്ഷയും ഉണ്ടാകും. ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലല്ലോ നീ രാജസ്ഥാനത്ത് വന്നിരിക്കുന്നത്."

യഹോവയിൽ ആശ്രയിച്ച് മൂന്നുദിവസത്തേക്ക് യഹൂദരെല്ലാം തന്നോടൊന്നിച്ച് ഉപവസിച്ച് പ്രാർത്ഥിക്കുവാൻ എസ്ഥേർ നിർദ്ദേശം നല്കി. അവർ ഒത്തൊരുമിച്ച് യഹോവയോട് രക്ഷയ്ക്കായി പ്രാർത്ഥിച്ചു. യഹോവ അവരുടെ പ്രാർത്ഥന കേട്ടു. എസ്ഥേറിന് രാജാവിനെ മുഖം കാണിക്കുവാനുള്ള അനുവാദം ലഭിച്ചു. രാജ്ഞി രാജാവിനെ പ്രീതിപ്പെടുത്തി യഹൂദജനത്തിന് ഹാമാന്റെ ദുരുപായം മൂലം സംഭവിക്കുവാൻ പോകുന്ന അപകടാവസ്ഥ ബോദ്ധ്യപ്പെടുത്തി. രാജാവിന് ഹാമാന്റെമേൽ കോപം ജ്വലിച്ചു. അവനെ തൂക്കിക്കൊല്ലുവാൻ കല്പിച്ചു. മൊർദ്ദെഖായിയുടെ നാശത്തിനായി രഹസ്യമായി ഹാമാൻ തയ്യാറാക്കിയിരുന്ന കഴുമരം കൊണ്ടുവന്ന് അതിന്മേൽ ഹാമാനെ തൂക്കിക്കൊന്നു. യഹൂദന്മാർക്ക് പ്രകാശവും സന്തോഷവും ആനന്ദവും ഉണ്ടായി. അങ്ങനെ ആപത്തിലായിരുന്ന സ്വന്തജനത്തെ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ബലത്തിൽ എസ്ഥേർ രാജ്ഞിക്ക് രക്ഷിക്കുവാൻ കഴിഞ്ഞു. ദുരുപായവും ദുഷ്ടതയും കൈമുതലാക്കുന്ന ദുഷ്ടശക്തികളെ തുടച്ചുനീക്കുവാൻ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടിയുള്ള യാചനകൾക്ക് കഴിയും എന്ന് ഈ സംഭവം പഠിപ്പിക്കുന്നു.



രാജാവ് തന്റെ ചെങ്കോൽ എസ്ഥേറിന്റെ നേരെ നീട്ടുന്നു.
എസ്ഥേർ മുട്ടുകുത്തി വണങ്ങുന്നു.

## ഗീതം

(വലിയ നോമ്പിലെ ശയനനമസ്കാരത്തിലെ ഗീതം)

മോശയും ഏലിയാവും
നാല്പതുദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായെ ജയിച്ചു.

## പ്രാർത്ഥന

ഞങ്ങൾക്ക് മാതൃകയായ നല്ല ഇടയനായ കർത്താവേ, പ്രാർത്ഥനയും ഉപവാസവും വഴി ശക്തി നേടാൻ ഞങ്ങൾക്ക് കൃപ നൽകണമേ. ആമ്മീൻ

## നിശ്ചയം

പ്രതികൂലസാഹചര്യങ്ങളെ ഉപവാസത്താലും പ്രാർത്ഥനയാലും ഞാൻ ജയിക്കും.

## നമുക്ക് ചിന്തിക്കാം

1. ബാബിലോണിലെ അടിമകളുടെ കൂട്ടത്തിലുണ്ടായിരുന്ന യഹൂദൻ?
2. മൊർദേഖായിയുടെ പിതൃസഹോദരപുത്രി?
3. എസ്ഥേർ രാജ്ഞിയായി മാറിയതെങ്ങിനെ?

## പ്രവർത്തനങ്ങൾ

പരസ്പരം ചേരുന്ന വാക്കുകളുടെ ബിന്ദുക്കൾ തമ്മിൽ കൂട്ടിയോജിപ്പിക്കുക.

| | | | |
|---|---|---|---|
| മൊർദ്ദെഖായി | ● | ● | മന്ത്രി |
| എസ്ഥേർ | ● | ● | ബാബിലോൺ രാജാവ് |
| അഹശ്വരോശ് | ● | ● | യഹൂദപുരുഷൻ |
| ഹാമാൻ | ● | ● | രാജ്ഞി |

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | എസ്ഥേർ 5:1-5 |
| തിങ്കൾ | എസ്ഥേർ 5:6-11 | എസ്ഥേർ 5:12-14 |
| ചൊവ്വ | എസ്ഥേർ 6:1-7 | എസ്ഥേർ 6:8-14 |
| ബുധൻ | എസ്ഥേർ 7:1-4 | എസ്ഥേർ 7:5-10 |
| വ്യാഴം | എസ്ഥേർ 8:1-6 | എസ്ഥേർ 8:13-15 |
| വെള്ളി | സങ്കീർത്തനം 89:17-27 | സദൃശ്യവാക്യം 10:7-14 |
| ശനി | സങ്കീർത്തനം 138:1-8 | * |

പാഠം അഞ്ച്

## ശിംശോൻ: വ്രതനിഷ്ഠയുടെ ബലം

(ന്യായാധിപന്മാർ 13, 14, 15 അധ്യായങ്ങൾ)

**മുഖ്യസന്ദേശം**: വി. മാമോദീസായിലൂടെ ലഭിച്ച ദൈവികശക്തി, ദൈവകല്പനകൾ പാലിച്ച് നാം നിലനിർത്തണം.

**മനഃപാഠവാക്യം:** "യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ" (സങ്കീ 128:1).

**പഠനസഹായികൾ:** സന്യാസശ്രേഷ്ഠന്മാരുടെയും വി. യോഹന്നാൻ സ്നാപകന്റേയും ചിത്രങ്ങൾ.

### ആമുഖം

കുഞ്ഞുങ്ങളേ, നമ്മുടെ സഭയിലെ തിരുമേനിമാരെ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? ഇവരുടെ വേഷവിധാനങ്ങൾ, ജീവിതശൈലി എന്നിവയിലെ പ്രത്യേകത ശ്രദ്ധിച്ചിട്ടുണ്ടോ. ഇതര സഭാവിഭാഗങ്ങളിലെ സന്യാസശ്രേഷ്ഠരിലും ഇത്തരം ചില പ്രത്യേകതകൾ ഉണ്ടല്ലോ. സന്യാസശ്രേഷ്ഠർ ചില പ്രത്യേക ചിട്ടകൾ പാലിക്കുന്നവരാണ്. മറ്റുള്ളവരിൽനിന്നും അവരെ വേർതിരിക്കുന്നതും ഇത്തരം പ്രത്യേകതകളാണ്. വ്രതനിഷ്ഠയുടെ പ്രത്യേകത മൂലം അസാധാരണ കൃപകൾ ദൈവത്തിൽനിന്നും സമ്പാദിച്ചിട്ടുള്ള അനേകരുണ്ട്. പ. പരുമലതിരുമേനി അങ്ങനെ ഒരാളായിരുന്നു. സന്യാസവ്രതം സ്വീകരിച്ചവർ വ്രതനിഷ്ഠയും ജീവിതശൈലിയും തെറ്റിച്ചാൽ ഉണ്ടാകുന്ന അനർത്ഥങ്ങൾ അനവധിയാണ്. ശിംശോൻ എന്ന വ്യക്തിക്കുണ്ടായ അനുഭവങ്ങൾ നമുക്ക് പഠിക്കാം.

### പാഠഭാഗം

യിസ്രായേല്യരെ പതിവായി ആക്രമിച്ചിരുന്ന ശത്രുക്കളായിരുന്നു ഫെലിസ്ത്യർ. യിസ്രായേല്യരെ ഫെലിസ്ത്യരുടെ കയ്യിൽനിന്നും രക്ഷിക്കാൻ അമ്മയുടെ ഗർഭത്തിൽവച്ചു തന്നെ യഹോവ തെരഞ്ഞെടുത്ത ആളായിരുന്നു ശിംശോൻ. ദൈവദൂതൻ മുൻകൂട്ടി ശിംശോന്റെ മാതാപിതാക്കളോട് അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുവിക്കരുത്, അവൻ യഹോവയ്ക്ക് 'നാസീർ' ആയിരിക്കേണം എന്നു പറഞ്ഞിരുന്നു.

നാസീർവ്രതക്കാർ അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് (ഉദാ. യോഹന്നാൻ സ്നാപകൻ, ശമുവേൽ പ്രവാചകൻ, ശിംശോൻ). അവർ വീഞ്ഞോ മദ്യമോ കുടിക്കാതെ, മുടി ഒരിക്കലും വെട്ടാതെ, ദൈവത്തിനുള്ളവരായി കഴിയണം. ആ വ്രതനിഷ്ഠകൾ തെറ്റിച്ചാൽ പല അനർത്ഥങ്ങളും ഉണ്ടാകും.

ദൈവാത്മാവിന്റെ പ്രേരണയാൽ ശിംശോൻ അസാധാരണശക്തിയുള്ളവനായി വളർന്നുവന്നു. യുവാവായിരിക്കെ തന്നെ ആക്രമിക്കാൻ വന്ന ബാലസിംഹത്തെ പിടിച്ച് കീറിക്കളഞ്ഞു! മറ്റൊരവസരത്തിൽ ഒറ്റക്ക് 30 പേരെ വധിച്ചു. ഒരു കഴുതയുടെ താടിയെല്ലു പയോഗിച്ച് ഫെലിസ്ത്യരെ ശിംശോൻ ആക്രമിച്ചു. 1000 പേരെ കൊന്നുകളഞ്ഞു. അസാമാന്യ ബലവാനും മല്ലനുമായി മാറിയ ശിംശോനെ ശത്രുക്കളായ ഫെലിസ്ത്യർ ഭയപ്പെട്ടു. യിസ്രായേൽക്കാർ അവനിൽ അഭിമാനംകൊണ്ടു. ഒരിക്കൽ ഉറങ്ങിക്കിടന്ന ശിംശോനെ പിടികൂടാൻ ഫെലിസ്ത്യർ പട്ടണം വളഞ്ഞു. ശിംശോനാകട്ടെ പട്ടണവാതിലിന്റെ കതകും

കട്ടിളക്കാലും പറിച്ചെടുത്ത് മലമുകളിൽ കൊണ്ടുവച്ചു. നാസീർ വ്രതക്കാരനായിരുന്നതിനാൽ ശിംശോൻ ഫെലിസ്ത്യരിൽനിന്നും ദൈവശക്തിയാൽ രക്ഷപെട്ടു.

ക്രമേണ യുവാവായ ശിംശോൻ തന്റെ വ്രതനിഷ്ഠകൾ പലതും തെറ്റിച്ചു. ഒരു ഫെലിസ്ത്യ സ്ത്രീയെ വിവാഹം ചെയ്തെങ്കിലും ബന്ധം അധികനാൾ നിലനിന്നില്ല. പിന്നീട് ദലീലാ എന്ന മറ്റൊരു സ്ത്രീയെ സ്നേഹിച്ച് അവളുടെ വീട്ടിൽ താമസമാക്കി. ഫെലിസ്ത്യർ ശിംശോന്റെ ശക്തിയുടെ രഹസ്യം ചോർത്തിയെടുക്കുവാൻ ദലീലയെ രഹസ്യമായി ശട്ടം കെട്ടി. ദലീല ശ്രമിച്ചെങ്കിലും നടന്നില്ല. ശിംശോൻ ദലീലയെ അധികം സ്നേഹിച്ചിരുന്നു. ദലീല സ്നേഹം നടിച്ച് ശക്തിയുടെ രഹസ്യം വെളിപ്പെടുത്താൻ വീണ്ടും വീണ്ടും നിർബ്ബന്ധിച്ചു. ഒടുവിൽ തന്റെ ഒരിക്കലും വെട്ടാത്ത മുടിയിലെ ശക്തി അവൻ വെളിപ്പെടുത്തി.

ശിംശോൻ ഉറങ്ങിക്കിടന്നപ്പോൾ ദലീല നാസീർ വ്രതക്കാരനായ ശിംശോന്റെ തല ക്ഷൗരം ചെയ്യിച്ചു. പെട്ടെന്ന് ശിംശോന്റെ ശക്തി ക്ഷയിച്ചു. തന്റെ വ്രതത്തെക്കുറിച്ച് ഓർക്കാതെ അനർത്ഥം ശിംശോൻ സ്വയം വരുത്തിവെച്ചു. അവന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഫെലിസ്ത്യർ വളരെ വേഗം ശിംശോനെ പിടികൂടി. അവന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു. ചങ്ങലകൾകൊണ്ട് കെട്ടിയിട്ടു. പിന്നീട് മാവുപൊടിക്കുന്ന ജോലി ചെയ്യിച്ചു.

ശിംശോന് തന്റെ തെറ്റുകളിൽ അനുതാപമുണ്ടായി. അവൻ യഹോവയോട് നിലവിളിച്ചു പ്രാർത്ഥിച്ചു. ക്രമേണ ശിംശോന്റെ മുടി വളരാൻ തുടങ്ങി. കണ്ണുകളില്ലെങ്കിലും യഹോവയുടെ ശക്തി വീണ്ടും ശിംശോന്റെമേൽ പ്രവഹിച്ചു. ഫെലിസ്ത്യരുടെ ക്ഷേത്രത്തിൽ ഉത്സവം നടക്കുകയായിരുന്നു. വിനോദത്തിനുവേണ്ടി അന്ധനായ ശിംശോനെ അവർ ക്ഷേത്രത്തിൽ കൊണ്ടുവന്ന് തൂണിന്മേൽ കെട്ടിയിട്ടു. ജനങ്ങൾ അവനെ പരിഹസിച്ചു. ശിംശോൻ തന്നെ കെട്ടിയിട്ട കൂറ്റൻ തൂണുകൾ പിടിച്ചു കുലുക്കി താഴെയിട്ടു. അനേകായിരം ഫെലിസ്ത്യർ ക്ഷേത്രം വീണ് മരിച്ചു. ഒപ്പം ശിംശോനും. ഇങ്ങനെ യിസ്രയേല്യരെ ഫെലിസ്ത്യരിൽനിന്നും രക്ഷിക്കുക എന്ന നിയോഗം ശിംശോൻ പൂർത്തിയാക്കി. ദൈവിക നൽവരങ്ങൾ ലഭിക്കുന്നവർ അതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ അനർത്ഥങ്ങളുണ്ടാകും എന്ന് ശിംശോന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

..........................................

## ഗീതം

ശിംശോനെന്നൊരു മല്ലൻ
ന്യായാധിപനാകും വീരൻ
നാസീർവ്രതമുള്ളോരേവൻ
അനുഗ്രഹ നിറവുള്ളോൻ

..........................................

## പ്രാർത്ഥന

കരുണയുള്ള ദൈവമേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും സാത്താനെ ഞങ്ങളിൽനിന്നും അകറ്റുകയും ചെയ്യണമേ. ആമ്മീൻ.

..........................................

## നിശ്ചയം

ദൈവത്തിൽനിന്നും ലഭിക്കുന്ന കൃപാവരങ്ങൾ ഞങ്ങൾ നിലനിർത്തും.
ദൈവത്തോടുള്ള വാഗ്ദാനങ്ങൾ ഞങ്ങൾ പാലിക്കും

## നമുക്കു ചിന്തിക്കാം

1. ശിംശോൻ ആരായിരുന്നു?


2. ശിംശോന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?
3. നാസീർവ്രതം എന്നാലെന്ത്?
4. ശിംശോന്റെ ശക്തി തെളിയിക്കുന്ന സംഭവങ്ങൾ ഏതെല്ലാം?

## പ്രവർത്തനങ്ങൾ

1. സന്യാസികളുടെ ചിത്രങ്ങൾ സമ്പാദിച്ച് ശേഖരപുസ്തകത്തിൽ ഒട്ടിക്കുക.
2. നിങ്ങളുടെ ദിനചര്യ എന്തൊക്കെ? കുറിക്കുക
3. 'ബലം' പരാമർശിക്കുന്ന 5 വേദവാക്യങ്ങൾ എഴുതുക
   *ഉദാ:* 'യഹോവ എന്റെ സങ്കേതവും ബലവും ആകുന്നു.'
   'ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ.'
4. നാസീർ എന്നാലെന്ത്? നാസീർ വ്രതക്കാരൻ പാലിക്കേണ്ട നിഷ്ഠകൾ എന്തെല്ലാമായിരുന്നു? വ്രതസ്ഥർ എങ്ങനെ ജീവിക്കണം?

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ന്യായാധിപന്മാർ 14:5-10 |
| തിങ്കൾ | ന്യായാധിപന്മാർ 14:11-14 | സങ്കീർത്തനം 119:9-16 |
| ചൊവ്വ | സദൃശ്യവാക്യം 6:6-11 | ലൂക്കോസ് 2:22-27 |
| ബുധൻ | ലൂക്കോസ് 2:28-33 | ലൂക്കോസ് 2:34-40 |
| വ്യാഴം | എഫെസ്യർ 6:10-19 | സങ്കീർത്തനം 15:1-5 |
| വെള്ളി | ഉല്പത്തി 32:22-26 | ഉല്പത്തി 32:27-32 |
| ശനി | ഇയ്യോബ് 42:10-17 | * |



പാഠം ആറ്

## സ്നാപകയോഹന്നാൻ - ഉജ്ജ്വലദീപം

(യോഹ 5:35, ലൂക്കോസ് 7:28, ലൂക്കോ 1; 3:7-14, 3:21-22, മത്തായി 3:1, 2, 13-17, 14:1-12)

**മുഖ്യസന്ദേശം:** നമ്മുടെ ജീവിതവും പ്രവർത്തനവും മറ്റുള്ളവരെ യേശുവിങ്കലേക്ക് ആകർഷിക്കുന്ന തരത്തിലായിരിക്കണം.

**മനഃപാഠവാക്യം:** "അവൻ വളരേണം, ഞാനോ കുറയേണം" (വി.യോഹ. 3:30).

**പഠനസഹായികൾ:** മരുഭൂമിയുടെ ചിത്രം

### ആമുഖം

വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്ന ഭാഗം നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? പുരോഹിതൻ വി. ത്രോണോസിനെ ചുറ്റുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിലായി കത്തിച്ച മെഴുകുതിരിയുമായി നടക്കുന്ന ശുശ്രൂഷകനെ കണ്ടിട്ടുണ്ടല്ലോ? ഇത് എന്തിനെ സൂചിപ്പിക്കുന്നു? യേശുവിന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനെയാണ് സൂചിപ്പിക്കുന്നത്. 'അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു' (യോഹ 5:35) എന്ന് കർത്താവ് യോഹന്നാൻ സ്നാപകനെ വിശേഷിപ്പിച്ചതുകൊണ്ടാണ് ശുശ്രൂഷകൻ ജ്വലിക്കുന്ന മെഴുകുതിരി കൈയിൽ പിടിച്ചിരിക്കുന്നത്.

### പാഠഭാഗം

സഖര്യാപുരോഹിതനും ഭാര്യ ഏലിസബത്തും ദൈവമുമ്പാകെ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടന്നവരുമായിരുന്നു (വി.ലൂക്കോസ് 1:6). പ്രായം ഏറെ ചെന്ന ഇവർക്ക് മക്കളില്ലായിരുന്നു. ഒരിക്കൽ സഖര്യാപുരോഹിതൻ ദൈവാലയത്തിൽ ധൂപം സമർപ്പിച്ചുകൊണ്ടിരുന്നപ്പോൾ ധൂപപീഠത്തിന്റെ വലത്തുഭാഗത്ത് ദൈവത്തിന്റെ ദൂതനായ ഗബ്രിയേൽ പ്രത്യക്ഷനായി. "സഖര്യാവേ ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി നിന്റെ ഭാര്യ എലിസബേത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും. അവന് യോഹന്നാൻ എന്ന് പേരിടേണം" എന്ന് അറിയിച്ചു. ദൈവദൂതൻ അറിയിച്ചതുപോലെ വൃദ്ധയായ എലിസബേത്ത് ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. അവന് യോഹന്നാൻ എന്നു പേരിട്ടു. മരുഭൂമിയുടെ ഏകാന്തതയിൽ വ്രതസ്ഥനായി ജീവിച്ച യോഹന്നാന് അവിടെവച്ച് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. അതനുസരിച്ച് അവൻ പാപമോചനത്തിനായുള്ള മാനസാന്തരസ്നാനത്തിനായി ജനങ്ങളെ ആഹ്വാനം ചെയ്യുകയും മാനസാന്തരപ്പെട്ടവരെ യോർദ്ദാനിൽ സ്നാനം കഴിപ്പിക്കുകയും ചെയ്തു. ഈ സമയത്താണ് യേശുവിനെ യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിക്കുന്നത്.

തന്നെക്കാൾ യോഗ്യനായവനാണ് യേശു എന്നും അദ്ദേഹം സാക്ഷാൽ ദൈവപുത്രനാണെന്നും യോഹന്നാൻ സ്നാപകൻ ജനത്തെ പറഞ്ഞു മനസ്സിലാക്കി. അനീതിക്കെതിരെ അതിശക്തമായ ഭാഷയിലാണ് യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചത്. 'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല' എന്നും 'അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക് ആയിരുന്നു' എന്നും യേശു യോഹന്നാൻ സ്നാപകനെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

നിർഭയനായിരുന്ന യോഹന്നാൻ സ്നാപകൻ ആ കാലഘട്ടത്തിൽ രാജ്യം ഭരിച്ചിരുന്ന ഹേരോദാ രാജാവ് തന്റെ സഹോദരഭാര്യയായ ഹെരോദ്യയെ സ്വന്തം ഭാര്യയാക്കിയത് തെറ്റാണെന്ന് വിളിച്ചുപറഞ്ഞു. ഇതുകാരണം രാജാവ് യോഹന്നാനെ പിടിച്ചുകെട്ടി തട വിലാക്കുകയും തലവെട്ടി കൊല്ലുകയും ചെയ്തു. തന്റെ വാക്കുകളിലൂടെ അനേകരെ കർത്താവിലേക്ക് ആകർഷിക്കുവാൻ യോഹന്നാൻ സ്നാപകനു കഴിഞ്ഞു എന്നുള്ളത് നമുക്ക് മാതൃകയാക്കാം.



യേശുവിനെ യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിക്കുന്നു

## നമുക്കു പാടാം

ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻ മൂശയോടൊന്നിച്ച്;
സ്ക്കറിയായ്ക്കതു നല്കി മൂശാ
സ്ക്കറിയാ യോഹന്നാനേകി;
യോഹന്നാൻ കർത്താവിന്നും
കർത്താ തൻ ശ്ലീഹന്മാർക്കും
നാനാ സൃഷ്ടി വിഭാഗങ്ങൾക്കേകി ശ്ലീഹന്മാർ

## നമുക്കു പ്രാർത്ഥിക്കാം

കർത്താവേ, മറ്റുള്ളവർക്ക് നിന്നെ കാണിച്ചു കൊടുക്കുവാൻ തക്കവണ്ണം ഞങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തേണമേ. ആമ്മീൻ

..........................................

**നിശ്ചയം**

മറ്റുള്ളവർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുക്കുവാനായി
ഞങ്ങൾ എന്നും ശ്രമിക്കും

## നമുക്കു ചിന്തിക്കാം

1. യോഹന്നാൻ സ്നാപകന്റെ മാതാപിതാക്കൾ ആരെല്ലാം? അവരെപ്പറ്റി വി. ലൂക്കോ 1:6-ൽ പറയുന്ന വിശേഷണം എന്ത്?
2. ഗബ്രിയേൽ ദൂതൻ സഖര്യാ പുരോഹിതന് പ്രത്യക്ഷപ്പെട്ട് പറഞ്ഞതെന്ത്?
3. യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിച്ചത് ഏതു നദിയിൽ?
4. യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ച് അറിയിച്ച മാലാഖയുടെ പേര്?
5. എന്തിനായിട്ടാണ് യോഹന്നാൻ ജനത്തിന് സ്നാനം നല്കിയത്?
6. "സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല" എന്നു പറഞ്ഞതാര്?

## പ്രവർത്തനങ്ങൾ

നടന്ന ക്രമത്തിൽ എഴുതുക.

1. യേശുവിന്റെ ജനനം
2. സഖര്യാപുരോഹിതന്റെ ഗാനം
3. യോഹന്നാന്റെ ജനനം
4. യേശുവിന്റെ മാമോദീസാ
5. യോഹന്നാന്റെ വധം
6. യോഹന്നാന്റെ മാനസാന്തര പ്രസംഗം

## പദപ്രശ്നം

| | | | |
|---|---|---|---|
| 1 | | 4 | |
| 2 | | | |
| | | 3 | |
| | ▒ | | ▒ |

**വലത്തോട്ട്**

1. യോഹന്നാൻ സ്നാനം കഴിപ്പിച്ച നദി (4 അക്ഷരം)
2. ശദ്രക്കിന്റെ മറ്റൊരു പേര് (4 അക്ഷരം, ദാനിയേൽ 1:7)
3. ഇദ്ദേഹവും യോഹന്നാനാൽ സ്നാനമേറ്റു (2 അക്ഷരം)

**താഴോട്ട്**

1. കർത്താവിന്റെ മുന്നോടി (4 അക്ഷരം)
4. സിംഹക്കുഴിയിൽ എറിയപ്പെട്ട ബാലൻ (4 അക്ഷരം)

## അധ്യാപകർക്കുള്ള നിർദ്ദേശം

വി. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അധ്യായം വായിച്ച് യോഹന്നാൻ സ്നാപകന്റെ ജനനവും അനുബന്ധസംഭവങ്ങളും കുട്ടികൾക്ക് വിശദീകരിച്ചു നല്കുക.

**ശ്രദ്ധിക്കുക! ഗ്രഹിക്കുക!**



- **സ്നാനം:**
  സ്നാനമെന്നാൽ കുളി എന്നർത്ഥം.
  ദിവസേന സ്നാനം കഴിക്കണം
  (വ്യക്തിശുചിത്വനിയമങ്ങളിലൊന്ന്)



- **മാനസാന്തര സ്നാനം:**
  യോഹന്നാൻ നല്കിയ സ്നാനം
  വി. ലൂക്കോസ് 3:3, അപ്പോ. പ്ര. 19:4.
  പാപങ്ങൾ വിട്ട് മനം തിരി
  യുന്നതിനുള്ള ആഹ്വാനം.



- **പരിശുദ്ധാത്മ സ്നാനം:**
  പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവി
  ന്റെയും നാമത്തിൽ....
  കർത്താവ് പുനരുത്ഥാനത്തിനുശേഷം ഉപദേശിച്ചത് (വി. മത്താ 28:9). എന്നാൽ കർത്താവ് സ്നാനം സ്വീകരിച്ചപ്പോൾ ചില അത്ഭുതസംഭവങ്ങളുണ്ടായി. പരസ്യശുശ്രൂഷയുടെ ആരംഭമായുള്ള ത്രിത്വത്തിന്റെ വെളിപ്പെടൽ അവിടെ നടന്നു. മറ്റാരുടെയും സ്നാന സമയത്ത് അങ്ങനെയൊരു അത്ഭുതം നടന്നതായി വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.
  (Manifestation of Holy Trinity)

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോസ് 1:5-16 |
| തിങ്കൾ | സങ്കീർത്തനം 89:1-10 | ലൂക്കോസ് 1:67-80 |
| ചൊവ്വ | സദൃശ്യവാക്യം 15:1-10 | മത്തായി 3:13-17 |
| ബുധൻ | സങ്കീർത്തനം 119:1-8 | യോഹന്നാൻ 13:3-11 |
| വ്യാഴം | 1 ശമുവേൽ 23:14-18 | അപ്പോ.പ്ര. 16:25-31 |
| വെള്ളി | വി.ലൂക്കോസ് 8:19-21 | 2 കൊരിന്ത്യർ 3:1-7 |
| ശനി | നെഹമ്യാവ് 2:1-6 | * |

പാഠം ഏഴ്

## ബാലനായ യേശു ദൈവാലയത്തിൽ

(ലൂക്കോസ് 2:41-52)

**മുഖ്യസന്ദേശം:** ദൈവാലയത്തിൽ പതിവായി പോയി ആരാധനയിൽ സംബന്ധിക്കുകയും ദൈവിക കാര്യങ്ങൾ പഠിക്കുകയും ചെയ്യണം.

**മനഃപാഠവാക്യം:** “നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും” (സങ്കീ. 84:4).

**പഠനസഹായി:** യരുശലേം ദൈവാലയത്തിന്റെ ചിത്രം, മാതാപിതാക്കളും കുട്ടികളും പള്ളിയിൽ പോകുന്ന ചിത്രം.

### ആമുഖം

നിങ്ങൾ പള്ളിയിൽ പോകുന്നത് ആരുടെ കൂടെയാണ്? കൊച്ചുകുട്ടികൾ മാതാപിതാക്കളുടെ കൈപിടിച്ചു കൊണ്ടു പോകും. ചിലർ കാറിൽ പോകും. അതുപോലെ തിരിച്ചും. നാം പതിവായി ആരാധനയിൽ സംബന്ധിക്കണം. യേശു തമ്പുരാനും യെരുശലേം ദൈവാലയത്തിൽ പതിവായി പോകാറുണ്ടായിരുന്നു. ഒരു പെസഹാപ്പെരുന്നാളിൽ ബാലനായ യേശു പങ്കെടുത്തപ്പോൾ ഉണ്ടായ ഒരു സംഭവമാണ് ഇന്ന് നാം പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം


കുടുംബാംഗങ്ങൾ ഒരുമിച്ച് വലിയ ആൾക്കൂട്ടമുള്ള സ്ഥലത്തു പോകുമ്പോൾ എല്ലാവരും ഒരുമിച്ചു നില്ക്കണ്ടേ? തീർച്ചയായും. കുട്ടികൾ ചിലപ്പോൾ വലിയ കടകളിലോ പെരുന്നാൾ കൂട്ടങ്ങളിലോ മാതാപിതാക്കളുടെ കൈവിട്ടുപോകുന്ന സംഭവങ്ങൾ കേട്ടുകാണും. തിരക്കിൽ വളരെ സൂക്ഷിക്കണം. ബാലനായ യേശുവിന്റെ മാതാപിതാക്കൾക്കും അത്തരം പ്രയാസമുണ്ടായി.

ബാലനായ യേശുവും മാതാപിതാക്കളും നസ്രത്തിൽ താമസിക്കുന്ന കാലം. എല്ലാ വർഷവും പെസഹാപെരുന്നാൾ വരുമ്പോൾ അങ്ങു ദൂരെയുള്ള യരുശലേം ദൈവാലയത്തിൽ പോകുമായിരുന്നു. ബന്ധുക്കളും കൂട്ടുകാരും അയൽക്കാരും എല്ലാം ചേർന്നാണ് യാത്ര; വലിയൊരു സംഘമായി.

യേശുവിനു പന്ത്രണ്ടു വയസ്സുള്ളപ്പോൾ പതിവുപോലെ അവർ പെരുന്നാളിനു പോയി. പെരുന്നാൾ കഴിഞ്ഞ് യേശുവിന്റെ മാതാപിതാക്കൾ ബന്ധുക്കളും അയൽക്കാരുമൊപ്പം തിരികെ പോന്നു. യേശു ആ കൂട്ടത്തിൽ കാണുമെന്ന് മറിയാമും യൗസേഫും കരുതി. തിരികെ വരുന്നവഴി ഒരു പകൽ മുഴുവൻ യാത്ര ചെയ്തപ്പോൾ മകനെ കണ്ടില്ല. യൗസേഫും മറിയയും വളരെ വിഷമിച്ചു. ബന്ധുക്കളുടെ ഇടയിലൊക്കെ യേശുവിനെ തിരഞ്ഞു. കാണാഞ്ഞിട്ട് തിരികെ യരുശലേം ദൈവാലയംവരെ വീണ്ടും പോയി. അവിടെ കണ്ട കാഴ്ച അവരെ അത്ഭുതപ്പെടുത്തി. ബാലനായ യേശു വലിയ ഗുരുക്കന്മാരുടെ നടുവിൽ ഇരുന്ന് ന്യായപ്രമാണം പഠിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു. അവന്റെ സംസാരവും പെരുമാറ്റവും അവർക്കും അതിശയമുളവാക്കുന്നതായിരുന്നു. അമ്മ അവനോട്; “മകനെ, ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു” എന്നു പറഞ്ഞു. അപ്പോൾ യേശു അവരോട്,

"എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ" എന്നു പറഞ്ഞു. സ്വർഗ്ഗസ്ഥനായ ദൈവമാണ് തന്റെ സാക്ഷാൽ പിതാവെന്നാണ് യേശു വെളിവാക്കിയത്. പിന്നീടവൻ മാതാപിതാക്കളോടൊപ്പം തിരികെ നസ്രേത്തിലേക്കു പോയി. അവർക്കു കീഴടങ്ങി ജീവിച്ചു.

ഇന്ന് നാം പെരുന്നാളുകളിൽ സംബന്ധിക്കുമ്പോൾ പ്രാധാന്യം കൊടുക്കുന്നതെന്തിന്? പുറംമോടികളിൽ മുഴുകാതെ ദേവാലയത്തിൽ ആരാധനയിൽ ക്രമമായി സംബന്ധിക്കേണ്ടതിന്റെ പ്രാധാന്യമാണ് നാം ഇവിടെ കാണുന്നത്. യേശു ചെയ്തതുപോലെ ദേവാലയം ആരാധനയ്ക്കും ധ്യാനത്തിനും പഠനത്തിനുമായി ഉപയോഗിക്കണം.



യേശു പെരുന്നാളിൽ യെരുശലേം ദൈവാലയത്തിൽ

## നമുക്കു പാടാം

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ

## നമുക്കു പ്രാർത്ഥിക്കാം

കർത്താവേ, പതിവായി ആരാധനയിൽ സംബന്ധിക്കുവാനും അങ്ങയുടെ വചനങ്ങൾ പഠിക്കുവാനും ഞങ്ങൾക്ക് ഇടയാകണമെ. ആമ്മീൻ

## നിശ്ചയം

ഞാൻ പതിവായി ദൈവാലയത്തിൽ ആരാധനയിൽ സംബന്ധിക്കും.
സൺഡേസ്ക്കൂൾ ക്ലാസ്സുകളിൽ ക്രമമായി പങ്കെടുക്കുകയും ചെയ്യും

## നമുക്കു ചിന്തിക്കാം

1. ഏതു പെരുന്നാളിൽ സംബന്ധിക്കുവാൻ പോയപ്പോഴാണ് യേശുവിനെ കാണാതായത്?

2. തിരികെ പോരുമ്പോൾ യേശു എവിടെക്കാണുമെന്നാണ് മാതാവും യൗസേഫും വിചാരിച്ചത്?
3. കാണാതെ പോയ യേശുവിനെ എവിടെ കണ്ടെത്തി? അവൻ എന്തു ചെയ്യുകയായിരുന്നു?
4. മാതാപിതാക്കളുടെ ചോദ്യത്തിന് യേശുവിന്റെ മറുപടി എന്തായിരുന്നു?
5. ബാലനായ യേശു എന്തിനാണ് ദൈവാലയത്തിൽ പോയത്?
6. നാം ദൈവാലയത്തിൽ പോകുന്നത് എന്തിനാണ്?

## നമുക്കു പ്രവർത്തിക്കാം

### കണ്ടുപിടിക്കുക

ചില പെരുന്നാളുകൾ ഈ കോളത്തിലെ വാക്കുകളിൽ ഒളിഞ്ഞിരിപ്പുണ്ട്. കണ്ടുപിടിക്കുക (വൃത്തമിടുക; അടയാളപ്പെടുത്തുക)

| | | | | |
|---|---|---|---|---|
| കൂ | ടാ | ര | ദി | നം |
| ടാ | ഓ | ശാ | ന | ബ |
| ര | വ | പെ | സ | ഹ |
| പെ | ർ | ന്തി | ക | രാ |
| രു | ഗ്ഗീ | ക്കോ | ല | സ |
| ന്നാ | ഈ | സ് | റ്റ | ർ |
| ശ് | സ് | തി | മം | തി |

### പദപരിചയം

പെസഹാ എന്നത് എബ്രായ പദമാണ്. 'കടന്നുപോക്ക്' എന്നാണർത്ഥം. 'Passover' എന്ന് ഇംഗ്ലീഷ് വാക്ക്. 'പെസഹോ' എന്ന് സുറിയാനി വാക്ക്.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | പുറപ്പാട് 12:1-12 |
| തിങ്കൾ | മത്തായി 12:1-8 | മത്തായി 6:9-15 |
| ചൊവ്വ | ലൂക്കോസ് 19:1-10 | മത്തായി 26:17-26 |
| ബുധൻ | അപ്പോ.പ്ര. 1:6-11 | യോഹന്നാൻ 28:35-40 |
| വ്യാഴം | സങ്കീർത്തനം 119:97-104 | എഫെസ്യർ 6:11-18 |
| വെള്ളി | സങ്കീർത്തനം 119:105 -112 | യാക്കോബ് 1:5-8 |
| ശനി | 1 രാജാക്കന്മാർ 8:27-30 | * |

പാഠം എട്ട്

# യഥാർത്ഥ അയൽക്കാരൻ

(വി. ലൂക്കോസ് 10:25-37)

**മുഖ്യസന്ദേശം:** ആപത്തിൽപെട്ടവരെ സഹായിക്കുന്നത് ക്രിസ്തീയ ധർമ്മമാണ്.

**മനഃപാഠവാക്യം:** "സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും വലുതായുള്ള സ്നേഹം ആർക്കും ഇല്ല" (വി. യോഹ. 15:14).

**പഠനസഹായികൾ:** ഈ ഉപമയിലെ വിവിധ കഥാചിത്രങ്ങൾ, യരുശലേം, യരിഹോ, ശമര്യ എന്നീ സ്ഥലങ്ങൾ അടയാളപ്പെടുത്തിയ ഭൂപടം.

## ആമുഖം

നമുക്കെല്ലാം കൂട്ടുകാരും അയൽക്കാരും ഉണ്ടല്ലോ. ആരൊക്കെയാണ് നിങ്ങളുടെ അയൽക്കാർ? അയൽക്കാരുമായി നല്ല സ്നേഹത്തിലാണോ? നിങ്ങൾ അവരോട് ഇടപെടാറുണ്ടോ? നിങ്ങളുടെ ഒരു അയൽക്കാരന്റെ പേരു പറയാമോ? നിങ്ങൾ സ്കൂളിൽ പൊയ്ക്കൊണ്ടിരിക്കുമ്പോൾ മഴ വന്നു എന്നിരിക്കട്ടെ. നിങ്ങളുടെ കയ്യിൽ കുടയുണ്ട്. എന്നാൽ കുടയില്ലാത്ത മറ്റൊരു കുട്ടി നനഞ്ഞുപോകുന്നതു കണ്ടാൽ നിങ്ങൾ എന്തു ചെയ്യും? ആ കുട്ടിയെ കൂടി നിങ്ങളുടെ കുടയിൽ കയറ്റിക്കൊണ്ടു പോകില്ലേ? ഇപ്രകാരം മറ്റുള്ളവരെ സഹായിക്കുന്നവരാണ് യഥാർത്ഥ അയൽക്കാർ.

നിത്യജീവിതത്തിൽ നാം എത്രയോ രോഗികളെയും കഷ്ടപ്പെടുന്നവരെയും കാണുന്നു. അവർക്ക് നമ്മുടെ സഹായം ആവശ്യമുണ്ട്. നാം അവരെ സഹായിക്കുവാൻ ചുമതലപ്പെട്ടവരുമാണ്. എന്നാൽ ചില ആളുകൾ അങ്ങനെയുള്ളവരെ കണ്ട് തിരിഞ്ഞു പൊയ്ക്കളയും. മറ്റു ചിലരാകട്ടെ അവരാൽ കഴിവുള്ള എല്ലാ സഹായങ്ങളും ചെയ്യും. ഒരിക്കൽ ഒരു യഹൂദപണ്ഡിതൻ യേശുവിനോട് ചോദിച്ചു: "ആരാണ് എന്റെ അയൽക്കാരൻ?" അതിന് ഉത്തരമായി യേശു അവന് ഒരു ഉപമ പറഞ്ഞുകൊടുത്തു. ആ ഉപമ ഇന്ന് നമുക്കു പഠിക്കാം.

## പാഠഭാഗം


ഒരിക്കൽ ഒരു യഹൂദൻ യരുശലേം പട്ടണത്തിൽനിന്നും യരിഹോ എന്ന സ്ഥലത്തേക്ക് യാത്ര ചെയ്യുകയായിരുന്നു. ഒരു വിജനപ്രദേശത്ത് എത്തിയപ്പോൾ കൊള്ളക്കാർ അവനെ ആക്രമിച്ച് മുറിവേല്പിച്ചു. അയാളുടെ വസ്ത്രങ്ങളും പണവും അപഹരിക്കുകയും അയാളെ അർദ്ധപ്രാണനായി വഴിയിൽ ഉപേക്ഷിച്ചിട്ട് ഓടി മറയുകയും ചെയ്തു. പാവം യാത്രക്കാരൻ നിസ്സഹായനായി അവിടെ കിടന്നു.

അപ്പോൾ ആ വഴി ഒരു പുരോഹിതനും തുടർന്ന് ഒരു ലേവ്യനും കടന്നുപോയി. എങ്കിലും അവർ അയാളെ ശ്രദ്ധിക്കുകയോ സഹായിക്കുകയോ ചെയ്തില്ല. കുറെ കഴിഞ്ഞ് ഒരു ശമര്യാദേശക്കാരൻ അതുവഴി വന്നു. മുറിവേറ്റുകിടന്ന മനുഷ്യനെ കണ്ടപ്പോൾ ശമര്യക്കാരന് അവനോട് അനുകമ്പ തോന്നി, കഴുതപ്പുറത്തു നിന്നിറങ്ങി അയാളുടെ അടുത്തു ചെന്നു; അയാളെ ആശ്വസിപ്പിച്ചിട്ട് എണ്ണയും വീഞ്ഞും പകർന്ന് മുറിവുകൾ കെട്ടി.

തുടർന്ന് ആ ശമര്യാക്കാരൻ മുറിവേറ്റ മനുഷ്യനെ തന്റെ കഴുതപ്പുറത്തു കയറ്റി, അടുത്തുള്ള ഒരു സത്രത്തിൽ എത്തിച്ച് അവനെ പരിചരിച്ചു. പിറ്റേന്ന് അയാൾ യാത്ര

തുടരുന്നതിനുമുമ്പ് രണ്ട് വെള്ളി നാണയങ്ങൾ സത്രക്കാരനെ ഏല്പിച്ചിട്ട് ഇങ്ങനെ പറഞ്ഞു: “ഇവനെ നന്നായി ശുശ്രൂഷിക്കണം. അധികം ചെലവു വന്നാൽ ഞാൻ തിരികെ വരുമ്പോൾ തന്നുകൊള്ളാം”. ഇതു പറഞ്ഞ് അയാൾ യാത്ര തുടർന്നു. യഹൂദന്മാർ വിദ്വേഷത്തോടെയാണ് ശമര്യരെ കണ്ടിരുന്നത്. എന്നാൽ ഇവിടെ ആ നല്ല ശമര്യൻ വിദ്വേഷം മറന്ന് യഹൂദനെ ശുശ്രൂഷിക്കുന്നതാണ് കാണുന്നത്.

യേശു തമ്പുരാൻ ഈ ഉപമ പറഞ്ഞിട്ട് ആ യഹൂദപണ്ഡിതനോട് ചോദിച്ചു: “ഈ മൂന്നുപേരിൽ ആരാണ് ആക്രമിക്കപ്പെട്ടവന് അയൽക്കാരനായി പ്രവർത്തിച്ചത്? പണ്ഡിതൻ എന്തു മറുപടി പറഞ്ഞുകാണും. ചിന്തിക്കുക.




## നമുക്കു പാടാം

വൃദ്ധന്മാർ പിഴ ചെയ്തീടിൽ  
ഉണ്ണികൾ തൻ വിളി കേൾക്കണമേ  
ഉണ്ണികൾ തൻ നമസ്കാരത്താൽ  
രക്ഷിതമായല്ലോ നിനവ.

## നമുക്കു പ്രാർത്ഥിക്കാം

നല്ല അയൽക്കാരനെ തിരിച്ചറിയുന്നതിനും നല്ല അയൽക്കാരനായി ജീവിക്കുന്നതിനും കർത്താവേ ഞങ്ങൾക്കു സംഗതിയാക്കേണമേ. ആമ്മീൻ

## നിശ്ചയം


മറ്റുള്ളവർക്ക് കഴിയുന്ന ഉപകാരങ്ങൾ ചെയ്ത് നല്ല അയൽക്കാരായി ഞങ്ങൾ ജീവിക്കും

## നമുക്കു ചിന്തിക്കാം

1. വഴിയാത്രക്കാരൻ എങ്ങനെയായിരിക്കാം സഞ്ചരിച്ചത്?
2. കൊള്ളക്കാർ എന്തിനുവേണ്ടിയായിരിക്കാം അയാളെ ആക്രമിച്ചത്?
3. അർദ്ധപ്രാണനായി കിടന്ന മനുഷ്യനെ കണ്ട് ശ്രദ്ധിക്കാതെ കടന്നുപോയ രണ്ട് ആളുകൾ ആരെല്ലാം?
4. ആ മനുഷ്യനെ കണ്ട് ശുശ്രൂഷ ചെയ്തത് ആര്?
5. മുറിവുകളിൽ മരുന്നായി പണ്ട് ഉപയോഗിച്ചിരുന്ന വസ്തുക്കൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. നല്ല അയൽക്കാരെ സൃഷ്ടിക്കുക.
2. വീട്, മരം കൃഷിസ്ഥലം എന്നിവയും പൊതുവായ ഒരു കിണറുമാണ് ചിത്രത്തിൽ. കൃത്യം മൂന്നു രേഖകൾകൊണ്ട് തുല്യമായി വിഭജിക്കുക. കിണർ പൊതുവാണ്. രേഖകൾ തമ്മിൽ ഖണ്ഡിക്കാം.
3. 'ഗുഡ് സമരിറ്റൻ ഡേ' എന്ന പേരിൽ ഒരു അയൽപക്ക ദിനാചരണം നടത്തുക. ചുറ്റുപാടുമുള്ള വീടുകൾ കയറി ആശംസകൾ കൈമാറുക.
4. വളരെ സമീപമുള്ള കുടുംബങ്ങളുടെ പേര്, വീട്ടുപേര്, തൊഴിൽ തുടങ്ങിയവ ഉൾക്കൊണ്ട ഒരു നൈബർ ചാർട്ട് കട്ടിക്കടലാസിൽ തയ്യാറാക്കുക.



## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോസ് 10:25-28 |
| തിങ്കൾ | എഫെസ്യർ 5:1-4 | ഗലാത്യർ 5:13-15 |
| ചൊവ്വ | സങ്കീർത്തനം 145:16-21 | യോഹന്നാൻ 13:31-35 |
| ബുധൻ | 2 രാജാക്കന്മാർ 6:1-7 | 1 കൊരിന്ത്യർ 16:13, 14 |
| വ്യാഴം | സങ്കീർത്തനം 143:1-7 | 1 രാജാക്കന്മാർ 10:1-13 |
| വെള്ളി | സങ്കീർത്തനം 143:8-12 | 1 രാജാക്കന്മാർ 3:16-28 |
| ശനി | 1 യോഹന്നാൻ 3:13-18 | * |

പാഠം ഒൻപത്

# പ്രകൃതി സൃഷ്ടാവിനെ അനുസരിക്കുന്നു

(വി. ലൂക്കോസ് 8:22-25)

**മുഖ്യസന്ദേശം:** യേശു സാക്ഷാൽ ദൈവപുത്രനും സകല സൃഷ്ടിയുടെയും ഉടയവനുമാകുന്നു.

**മനഃപാഠവാക്യം:** "ഏതു ഭവനവും ചമപ്പാൻ ഒരാൾ വേണം. സർവ്വവും ചമച്ചവനോ ദൈവം തന്നെ" (എബ്രായർ 3:4).

**പഠനസഹായികൾ:** മുക്കുവർ വള്ളത്തിൽ പോകുന്ന ചിത്രം, കടലിന്റെ ദൃശ്യങ്ങൾ.

## ആമുഖം

'സുനാമി' അഥവാ അപകടകാരികളായ തുറമുഖതിരകളെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? 1996-ൽ സംഭവിച്ച സുനാമി ദുരന്തത്തിൽ ആയിരക്കണക്കിന് ആളുകൾ മരിച്ചു. വലിയ നാശനഷ്ടങ്ങളുണ്ടായി. അത് ഇന്നും മനുഷ്യമനസ്സിൽ മായാതെ നില്ക്കുന്നു. ഇത്തരം പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ നിസ്സഹായനായി നോക്കി നില്ക്കുവാനേ മനുഷ്യന് കഴിയുന്നുള്ളൂ. സകലത്തെയും സൃഷ്ടിച്ച ദൈവം അവയ്ക്കെല്ലാം നാഥനാണ്. പ്രകൃതി ശക്തികളെ നിയന്ത്രിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. ഒരിക്കൽ യേശു തമ്പുരാൻ ശിഷ്യരുമൊത്ത് വള്ളത്തിൽ യാത്രചെയ്യുമ്പോൾ അത്തരം ഒരു സംഭവം ഉണ്ടായി. അപ്പോൾ യേശു എന്തു ചെയ്തു എന്നു നോക്കാം.



കടൽക്ഷോഭത്തിൽ വള്ളം

## പാഠഭാഗം

കൂട്ടുകാർക്കിതാ ഒരു കൊച്ചുനാടകം.

*രംഗം 1*

(ഗലീലക്കടൽ, ശിഷ്യന്മാർ വെള്ളത്തിലേക്കു വള്ളം തള്ളിയിറക്കുന്നു.)

യോഹന്നാൻ: അതാ കൂട്ടുകാരേ, ഗുരു വരുന്നു, അദ്ദേഹത്തെ കൂടെ വള്ളത്തിൽ കയറ്റാം.

യാക്കോബ്: അതു നന്നായി യേശു വള്ളത്തിലിരുന്നു കഥകൾ പറയുമ്പോൾ തുഴയുവാൻ എനിക്കു നല്ല ഉത്സാഹമാണ്. ക്ഷീണം തോന്നുകയേ ഇല്ല.

പത്രോസ് : നല്ല തെളിഞ്ഞ ആകാശം; ഗുരോ വന്നു കയറിയാലും. ഇതാ ഈ തലയ്ക്കൽ തന്നെ ഇരുന്നാട്ടെ.

(യേശു പടകിന്റെ തലയ്ക്കൽ ചാരി ഇരിക്കുന്നു. ശിഷ്യർ വള്ളം തുഴയുന്നു)

യേശു: ഹായ്, നല്ല തണുത്ത കാറ്റ്. നല്ല ക്ഷീണം തോന്നുന്നു. ഇവിടെ തല വച്ചൊന്നു കിടക്കട്ടെ. അക്കരെ ചെല്ലുമ്പോൾ എഴുന്നേല്ക്കാം.

(യേശു സുഖമായി ഉറങ്ങുന്നു. ശിഷ്യർ തുഴയുന്നു)

*രംഗം 2*

(ആകാശം ഇരുണ്ടു. കടലിന്റെ ശാന്തത മാറി, കോളിളക്കമായി)

പത്രോസ് : അയ്യോ, ലക്ഷണം പെട്ടെന്നു മാറിയല്ലോ. നല്ലൊരു ചുഴലിക്കാറ്റു വരുന്ന മട്ടുണ്ട്. ആകാശം ആകെ ഇരുണ്ടുകൂടുന്നല്ലോ. വള്ളം നമ്മുടെ കൈയിൽ നില്ക്കുന്ന ലക്ഷണമില്ല.

യാക്കോബ് : അയ്യോ, ഇതു ചുഴലിക്കാറ്റുതന്നെ. ഇതാ നമ്മുടെ വള്ളം ആടി ഉലയുന്നല്ലോ. യോഹന്നാനേ, ദേ നമ്മുടെ വള്ളത്തിൽ വെള്ളം കയറുന്നെടാ. നമ്മളിപ്പം മുങ്ങും. യഹോവേ എനിക്കു ഭയം തോന്നുന്നു.

എല്ലാവരും ഒന്നിച്ച്: യേശുവേ, നാഥാ, വള്ളം മുങ്ങുന്നേ. രക്ഷിക്കണേ., ഞങ്ങൾ നശിച്ചു പോകുന്നു! യേശുവേ, രക്ഷിക്കണേ, അയ്യോ വള്ളം മുങ്ങുന്നേ.

(ബഹളം കേട്ട് യേശു ഞെട്ടി ഉണരുന്നു)

യേശു: കാറ്റേ, തിരമാലകളേ, അടങ്ങൂ! നിങ്ങൾ ശാന്തമാകൂ.

യോഹന്നാൻ: ഇതെന്തത്ഭുതം! കാറ്റും കടലും ഗുരുവിനെ അനുസരിക്കുന്നല്ലോ.

യേശു: പ്രിയ ശിഷ്യരേ, നിങ്ങൾക്ക് അല്പം പോലും വിശ്വാസമില്ലാതെ പോയതു കഷ്ടം! ഞാൻ വള്ളത്തിലുള്ളപ്പോൾ നിങ്ങൾ എന്തിനിത്ര ഭയപ്പെടുന്നു!

(ശിഷ്യന്മാർ പരസ്പരം നോക്കിക്കൊണ്ട്)

യാക്കോബ് : കാറ്റിനെയും കടലിനെയും ശാസിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുന്ന ഇവനാരായിരിക്കാം!

പത്രോസ് : ഇവൻതന്നെ സാക്ഷാൽ മശിഹാ, ദൈവപുത്രൻ. അവനെ നമുക്കും വണങ്ങാം.

(എല്ലാവരും വള്ളത്തിൽ മുട്ടുകുത്തി യേശുവിനെ വണങ്ങുന്നു.)

## നമുക്കു പാടാം

കടൽകുഴിയഗ്നിച്ചൂളകളിൽ
നിന്ന് കരേറിയ പ്രാർത്ഥനകൾ
അടിയാരുടെ പ്രാർത്ഥനകൾക്കും
കൃപയാൽ വാതിൽ തുറക്കണമേ.

## നമുക്കു പ്രാർത്ഥിക്കാം

പ്രയാസത്തിന്റെയും പ്രതിസന്ധിയുടെയും ഘട്ടങ്ങളിൽ ദൈവാശ്രയത്തോടെ മുന്നേറാൻ ഞങ്ങളെ സഹായിക്കണേ. ആമ്മീൻ


## നിശ്ചയം


ജീവിതത്തിൽ ഏതു വിഷമഘട്ടത്തിലും തളരാതെ ഞാൻ ദൈവത്തിൽ ആശ്രയിക്കും

## പ്രവർത്തനങ്ങൾ

കൂട്ടം തെറ്റിയവരെ കണ്ടുപിടിക്കുക (അടിയിൽ വരയിടുക).

1. തിരമാല, കടൽ, തെങ്ങ്, വള്ളം, മത്സ്യം
2. സുനാമി, കൊടുങ്കാറ്റ്, ഭൂമികുലുക്കം, വനം, വെള്ളപ്പൊക്കം
3. പത്രോസ്, മഗ്ദലനമറിയം, യോഹന്നാൻ, അന്ത്രയോസ്, തോമസ്
4. മുക്കുവന്റെ വലയിൽ മീനെത്ര.
5. ഉറങ്ങുന്ന ക്രിസ്തുവിനെ കണ്ടുപിടിക്കുക. കുത്തിട്ട കോളങ്ങൾ കളർ ചെയ്യുക.





### കഥ പൂർണ്ണമാക്കുക

യേശുതമ്പുരാൻ...ഗലീലി തീരം...സെബദിയും മക്കളും...മത്സ്യബന്ധനത്തിൽ...എന്നെ അനുഗമിക്കുക...എല്ലാം ഉപേക്ഷിച്ചു...കർത്താവിന്റെ ശിഷ്യന്മാരായി.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോസ് 8:43-48 |
| തിങ്കൾ | ലൂക്കോസ് 9:1-9 | ലൂക്കോസ് 9:37-43 |
| ചൊവ്വ | ലൂക്കോസ് 5:1-11 | ലൂക്കോസ് 5:27-32 |
| ബുധൻ | മത്തായി 4:23-25 | മത്തായി 10:16-23 |
| വ്യാഴം | പുറപ്പാട് 14:15-25 | അപ്പോ.പ്ര. 28:1-6 |
| വെള്ളി | പുറപ്പാട് 14:26 -31 | മത്തായി 14:22-33 |
| ശനി | സങ്കീർത്തനം 65 | * |

പാഠം പത്ത്

# ശിഷ്യന്മാർ - വിളിയും തെരഞ്ഞെടുപ്പും

(വി. മത്താ 10:1-4, വി. ലൂക്കോസ് 6:12-16)

**മുഖ്യസന്ദേശം:** ജീവിതത്തിൽ സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമുമ്പ് ദൈവകൃപയ്ക്കായി പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമാണ്.

**മനഃപാഠവാക്യം:** 'ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ' (വി.മർക്കോസ് 8:34).

**പഠനസഹായികൾ:** അന്ത്യഅത്താഴത്തിന്റെയും മാർ തോമാശ്ലീഹായുടെയും ചിത്രങ്ങൾ.

## ആമുഖം

കൂട്ടുകാരില്ലാത്ത ആരെങ്കിലുമുണ്ടോ? എങ്ങനെയുള്ളവരെയാണ് നിങ്ങൾ സ്നേഹിതരാക്കുന്നത്? നമുക്ക് ഏറ്റവും അടുപ്പമുള്ള കൂട്ടുകാർ ഏതാനും പേർ കാണുമല്ലോ. യഥാർത്ഥ കൂട്ടുകാർ എങ്ങനെയുള്ളവരായിരിക്കും? യേശു തമ്പുരാൻ തന്റെ പ്രധാന ശിഷ്യന്മാരായി 12 പേരെയാണ് തിരഞ്ഞെടുത്തത്. രാത്രി മുഴുവൻ ഒരു മലയിൽ ചെന്നിരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു കഴിഞ്ഞശേഷം നേരം പുലർന്നപ്പോഴാണ് ഈ തിരഞ്ഞെടുപ്പ് അദ്ദേഹം നടത്തിയത്. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരെ അദ്ദേഹം തിരഞ്ഞെടുത്തതായി കാണാം. ഇതെക്കുറിച്ച് കൂടുതലായി നമുക്ക് ഇന്ന് പഠിക്കാം.

## പാഠഭാഗം

യേശുക്രിസ്തു പ്രത്യേകമായി 12 പേരെ തെരഞ്ഞെടുത്ത് അവരെ തന്റെ അപ്പോസ്തലന്മാർ എന്നു വിളിച്ചു. അവരുടെ പേരുകൾ: പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, ഫീലിപ്പോസ്, ബർത്തലോമായി, തോമസ്, മത്തായി, അല്ഫായിയുടെ മകൻ യാക്കോബ്, തദ്ദായി, ശീമോൻ, യൂദാ ഇസ്കരിയോത്താ. ഇവരിൽ പത്രോസും അന്ത്രയോസും സഹോദരങ്ങളും ഗലീലക്കാരായ മുക്കുവരും ആയിരുന്നു. അതുപോലെ യാക്കോബും യോഹന്നാനും സഹോദരന്മാരായിരുന്നു. ഗലീലയിലെ ബെത്സയിദക്കാരായ മുക്കുവർ. ഇരുവരും ആദ്യ നാളുകളിൽ അല്പം എടുത്തു ചാട്ടക്കാരായിരുന്നതിനാൽ 'ഇടിമക്കൾ' എന്നർത്ഥമുള്ള 'ബോവനെർഗസ്' എന്ന് കർത്താവ് അവരെ വിളിച്ചിരുന്നു. മത്തായി കഫർന്നഹൂമിൽ ചുങ്കം പിരിക്കുന്നവനായിരുന്നു. ഭാരതത്തിൽ വന്ന് ക്രിസ്തുമതം സ്ഥാപിച്ച തോമസ് എന്ന ശിഷ്യനെ ദിദിമോസ് എന്നും വിളിച്ചിരുന്നു (ഇരട്ട എന്നർത്ഥം). ശീമോൻ ശിഷ്യനാകുംമുമ്പ് ഒരു വിപ്ലവകാരിയായിരുന്നു. തദ്ദായി എന്ന യൂദാ കൂട്ടത്തിൽ പണ്ഡിതനായി എണ്ണപ്പെട്ടിരുന്നു.

നല്ല ക്ഷമയുള്ളവരും ശക്തരുമായിരുന്നു മീൻപിടുത്തക്കാർ. ഒരുപക്ഷേ, അതുകൊണ്ടാവാം പന്ത്രണ്ടുപേരിൽ കൂടുതലും മുക്കുവരായത്. സമൂഹത്തിന്റെ പല വിഭാഗക്കാരെയും കർത്താവ് തിരഞ്ഞെടുത്ത് ശിഷ്യരാക്കി, അവരെ പരിവർത്തനം ചെയ്തതായി നമുക്കു മനസ്സിലാക്കാം. അവരിൽ ഒറ്റുകാരനായ യൂദാ ഒഴികെ ബാക്കിയെല്ലാവരും ക്രിസ്തുവിന്റെ സുവിശേഷം ലോകമെങ്ങും പ്രഘോഷിച്ച് രക്തസാക്ഷികളായി ഭാഗ്യമരണം പ്രാപിച്ചു. അവരുടെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം.

## കർത്താവിന്റെ പന്ത്രണ്ട് ശിഷ്യന്മാർ

ശ്ലീഹന്മാർ പന്ത്രണ്ടാണവരിൽ
മൂപ്പൻ പത്രോസ് സോദരനാം
അന്ത്രയോസ് യാക്കോബ് യൂഹാനോൻ
മത്തായി ബർത്തുലമായി തോമസ്
ഫീലിപ്പോസും ശീമോനും
യാക്കോബും യൂദാ വഞ്ചകനാം
യൂദാസ്ക്കറിയാത്തോയിവർതാൻ
പ്രേഷിത വൃന്ദം ഓർത്തിടുവിൻ



കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാർ

.............................................

## നമുക്കു പാടാം

പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരെ കർത്താവോടായ്
ഭിന്നത സഭതൻ സന്താനങ്ങളിലില്ലാതാവാൻ
നിങ്ങളതിൽ ചൊല്ലിയതാകും വിശ്വാസത്തെ
മായിച്ചിടുവാൻ-ദുസ്താർക്കികരതിനെ-ചുറ്റുന്നു
സത്യമതാം മൂശയിലാ വചനം
കനകം പോൽ-ശോധിച്ചീടട്ടെ
വൈദികർ വാഴ്ത്തും ശുദ്ധസഭയ്ക്കുദയം-ചേർത്തോനെ

.............................................
### നമുക്കു പ്രാർത്ഥിക്കാം
കർത്താവേ, അങ്ങ് ശിഷ്യന്മാരെ തെരഞ്ഞെടുത്ത് ശക്തികരിച്ചതുപോലെ അങ്ങയുടെ വിളി തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമേ.

ആമ്മീൻ

.............................................
### നിശ്ചയം
കർത്താവിന്റെ വിളി തിരിച്ചറിഞ്ഞ് ഞാൻ ജീവിക്കും.

## നമുക്കു ചിന്തിക്കാം
1) **12 എന്ന സംഖ്യയുടെ പ്രാധാന്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?**

1. ഗോത്രപിതാക്കന്മാരുടെ എണ്ണം.
2. ധൂപക്കുറ്റിയിലെ മണികളുടെ എണ്ണം.

ഇനിയും കൂടുതൽ കണ്ടെത്തിക്കൂടേ?

## പ്രവർത്തനങ്ങൾ
2) **ചേരുംപടി ചേർക്കുക**

| A | B |
|---|---|
| 1. ദിദിമോസ് | 1. തോമസ് |
| 2. യേശു | 2. അന്ത്രയോസ് |
| 3. യാക്കോബും യോഹന്നാനും | 3. ഒറ്റുകാരൻ |
| 4. പത്രോസ് | 4. ഇരട്ട |
| 5. യൂദാ ഇസ്കര്യോത്ത | 5. നസ്രേത്ത് |
| 6. ഇന്ത്യയുടെ കാവൽപിതാവ് | 6. ഇടിമക്കൾ |

3) **ശിഷ്യന്മാരുടെ പേരുകൾ ഇംഗ്ലിഷിലെഴുതുക.**

| | | |
|---|---|---|
| പത്രോസ് | – | Peter |
| അന്ത്രയോസ് | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |
| .............................. | – | .......................... |

4) **ഉത്തരമെഴുതുക**

1. യേശു ശിഷ്യരെ വിളിച്ചപ്പോൾ എന്താണ് പറഞ്ഞത്?
2. സെബദി പുത്രന്മാർ ആരൊക്കെ?
3. ബൊവനേർഗസ് എന്ന പദത്തിന്റെ അർത്ഥം?
4. ഇന്ത്യയുടെ അപ്പോസ്തോലൻ?
5. കർത്താവിനെ ഒറ്റിക്കൊടുത്ത ശിഷ്യൻ?

## തുടർവായനയ്ക്ക്

| **ദിവസം** | **പ്രഭാതം** | **വൈകുന്നേരം** |
|---|---|---|
| ഞായർ | * | മത്തായി 10:5-15 |
| തിങ്കൾ | സങ്കീർത്തനം119:65-72 | മത്തായി 10:16-23 |
| ചൊവ്വ | യോഹന്നാൻ 20:24-29 | മത്തായി 10:24-33 |
| ബുധൻ | മത്തായി 10:40-42 | ലൂക്കോസ് 6:20-26 |
| വ്യാഴം | ലൂക്കോസ് 9:28-36 | യോഹന്നാൻ 13:21-30 |
| വെള്ളി | മർക്കോസ് 14:43-50 | സങ്കീർത്തനം 23 |
| ശനി | ലൂക്കോസ് 9:51-56 | * |

# യൂണിറ്റ് രണ്ട്

# പ്രാർത്ഥന

## പാഠം പതിനൊന്ന്

## ദൈവസ്നേഹത്തെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം

**മുഖ്യസന്ദേശം:** സന്ധ്യാനമസ്കാരത്തിലും രാത്രി നമസ്കാരത്തിലും ചൊല്ലുന്ന "മോറാനേശുമശിഹാ" എന്നു തുടങ്ങുന്ന പ്രാർത്ഥന ഭംഗിയായി പഠിച്ച് പ്രാർത്ഥിക്കണം.

**മനഃപാഠവാക്യം:** "അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു" (1 യോഹ 3:16).

### ആമുഖം

നിങ്ങൾ എല്ലാവരും രാവിലെയും വൈകിട്ടും നിങ്ങളുടെ ഭവനങ്ങളിൽ പ്രാർത്ഥിക്കാറുണ്ടോ? നമ്മുടെ സഭയുടെ ഏതെങ്കിലും പ്രാർത്ഥനപുസ്തകം ഉപയോഗിച്ചാണോ പ്രാർത്ഥിക്കുന്നത്? നമ്മുടെ സഭ പ്രസിദ്ധീകരിച്ചിട്ടുള്ള കുടുംബാരാധനക്രമം എന്ന ചെറിയ പുസ്തകമോ, പാമ്പാക്കുട നമസ്കാരക്രമമോ നിത്യപ്രാർത്ഥനാക്രമമോ ഉപയോഗിച്ചു പ്രാർത്ഥിക്കാം. സന്ധ്യാനമസ്കാരത്തിലും പ്രഭാതനമസ്കാരത്തോടൊപ്പം നാം ചൊല്ലുന്ന രാത്രി പ്രാർത്ഥനയിലും ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രാർത്ഥനയാണ് നാം ഇന്നു പഠിക്കുന്നത്.

### പാഠഭാഗം

കർത്താവായ യേശുക്രിസ്തുവിനെ വിളിച്ചുകൊണ്ടാണ് പ്രാർത്ഥന ആരംഭിക്കുന്നത്. 'മോറാൻ' എന്നാൽ 'ഞങ്ങളുടെ കർത്താവ്' എന്നാണർത്ഥം. അതുകൊണ്ടു 'ഞങ്ങളുടെ കർത്താവായ യേശു മിശിഹാ...' എന്നും ഈ പ്രാർത്ഥന ആരംഭിക്കാം. ഓരോ വരിയുടെയും അർത്ഥവും നമുക്ക് പഠിക്കാം.

*മോറാൻ യേശുമിശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരേ നീ അടയ്ക്കരുതേ.*

ഒരു വീട്ടിലേക്ക് എന്തെങ്കിലും സഹായം ചോദിച്ചുകൊണ്ട് ഒരാൾ വന്നു എന്നു വിചാരിക്കുക. വന്നയാൾ ഒരു മദ്യപനോ ഇടപെടാൻ കൊള്ളാത്തവനോ ആണെങ്കിൽ വീട്ടുകാർ എന്തുചെയ്യും? വാതിൽ അടച്ചുകളയും. അതുപോലെ ദൈവമുമ്പാകെ സഹായത്തിനായി നില്ക്കുന്ന നമ്മുടെ മുമ്പിൽ ദൈവം കരുണയുടെ വാതിൽ അടച്ചുകളയരുതേ എന്നാണ് ഇവിടെ നാം പ്രാർത്ഥിക്കുന്നത്. നാം പലപ്പോഴും തെറ്റുകൾ ചെയ്യുന്നതുകൊണ്ടാണ് ദൈവം വാതിൽ അടച്ചുകളയുവാൻ സാധ്യതയുണ്ടെന്നു നാം ചിന്തിക്കുന്നത്. അതുകൊണ്ട് അടുത്തതായി നാം പാപങ്ങൾ ഏറ്റുപറഞ്ഞിട്ട് കരുണ അപേക്ഷിക്കുകയാണ്.

*കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോട് കരുണ ചെയ്യേണമേ.*

തുടർന്ന് ഈ പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും ദൈവം മനുഷ്യനായി ഭൂമിയിൽ പിറന്ന്. ക്രൂശിൽ മരിച്ചത് ദൈവത്തിന്റെ സ്നേഹം മൂലമാണെന്നും നമ്മുടെ പാപങ്ങളിൽനിന്നും നമ്മെ വീണ്ടെടുക്കാനാണെന്നും നാം ഏറ്റുപറയുകയാണ്.

*കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ പക്കൽനിന്നും ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി. ഞങ്ങളോടു കരുണ തോന്നേണമേ.*

കർത്താവിനെ കുരിശുമരണത്തിനു വിധിച്ചപ്പോൾ മരണശിക്ഷയിൽനിന്നും രക്ഷപ്പെട്ട ബറബ്ബാസ് പ്രാർത്ഥിച്ച വാചകങ്ങളാണ് ഈ പ്രാർത്ഥനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നൊരു പാരമ്പര്യമുണ്ട്.

'അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ...' എന്നു തുടങ്ങുന്ന മാലാഖമാരുടെ സ്തുതിപ്പ് എപ്പോൾ ചൊല്ലിയാലും പിന്നാലെ 'മോറോനേശുമശിഹാ' എന്ന ഈ പ്രാർത്ഥന കൂടി ചൊല്ലുന്ന രീതിയാണ് ഓർത്തഡോക്സ് സഭയിലുള്ളത്. സന്ധ്യാനമസ്കാരത്തിലും രാത്രി നമസ്കാരത്തിലും പ്രഭാത നമസ്കാരത്തിലും ചൊല്ലുന്ന ഒരു പ്രാർത്ഥനയായി ഇത് ഉപയോഗിക്കാവുന്നതാണ്. ഈ പ്രാർത്ഥന പൂർണ്ണമായി ഒരിക്കൽ കൂടി ചൊല്ലാം.

നമുക്ക് ജീവൻ നല്കുന്നതിനുവേണ്ടി തന്റെ ജീവൻ വെടിഞ്ഞ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തെ ഓർത്ത് അവന്റെ കരുണയ്ക്കായി അപേക്ഷിക്കുന്ന ഒരു പ്രാർത്ഥനയാണ് നാം പഠിച്ചത്. എപ്പോഴും ഉപയോഗിക്കാവുന്ന ഒരു ലഘു പ്രാർത്ഥനയാണിത്.

..........................................

## നമുക്ക് പാടാം

(ക്യംതാ സന്ധ്യാനമസ്കാരം)

എൻ നാഥാ നിൻ കൃപ നിന്നെ
ഈ പാപികളിൽ ചായിച്ചു
നിൻ സ്ലീബാ ചിറകിൽ തൂങ്ങും
നിൻ സഭമേൽ കൃപതോന്നേണം.

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളുടെ കർത്താവേ പാപികളായ ഞങ്ങളോട് കരുണ ചെയ്യണമേ. നിന്റെ കരുണ എപ്പോഴും ഞങ്ങൾക്ക് കാവലും കോട്ടയുമായിരിക്കേണമേ. ആമ്മീൻ

..........................................

## നിശ്ചയം

പ്രാർത്ഥനയിലൂടെ എന്നും ഞങ്ങൾ ദൈവസ്നേഹത്തെ ഓർക്കുകയും തന്റെ കരുണയ്ക്കായി യാചിക്കുകയും ചെയ്യും

## നമുക്ക് ചിന്തിക്കാം

1. ഈ പ്രാർത്ഥന പൂർണ്ണമായും ഹൃദിസ്ഥമാക്കുക.
2. ഈ പ്രാർത്ഥനയിൽ ഞങ്ങളോടു 'കരുണ ചെയ്യേണമേ' എന്ന് എത്ര പ്രാവശ്യം പറയുന്നു എന്നു കണ്ടുപിടിക്കുക.
3. 'കർത്താവേ, കരുണ ചെയ്യേണമേ' എന്ന അർത്ഥത്തിൽ നാം ഉപയോഗിക്കുന്ന രണ്ടു പദങ്ങൾ ഏതെല്ലാം?

## പ്രവർത്തനങ്ങൾ

1. പതിവായി ഈ പ്രാർത്ഥന അർത്ഥം മനസ്സിലാക്കി മറ്റുള്ളവരോട് ചേർന്ന് ചൊല്ലുക.
2. **പൂരിപ്പിക്കുക**
   1. മോറോൻ എന്ന പദത്തിന്റെ അർത്ഥം ..........................................ആണ്.
   2. കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ .............................മാഞ്ഞുപോകുവാനായിട്ട് നിന്റെ ................................നിന്റെ പക്കൽനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി.
3. **ശരിയായതിന് നേരെ '✓' അടയാളമിടുക**
   1. ഈ പ്രാർത്ഥനയിലൂടെ നാം കർത്താവിനോട് ആവശ്യപ്പെടുന്നതെന്ത്?

      ഞങ്ങളുടെ രോഗം സുഖപ്പെടുത്തേണമേ. ☐

      ഞങ്ങളോട് കരുണ ചെയ്യേണമേ. ☐

      ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം തരേണമേ. ☐
   2. 'മോറാനേശുമിശിഹാ .................' എന്നു തുടങ്ങുന്ന പ്രാർത്ഥന എപ്പോഴൊക്കെ ഉപയോഗിക്കാം?

      സന്ധ്യാനമസ്കാരത്തിൽ ☐

      രാത്രി നമസ്കാരത്തിൽ ☐

      പ്രഭാതനമസ്കാരത്തിൽ ☐

      അനുയോജ്യമായ മറ്റ് സന്ദർഭങ്ങളിൽ ☐

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീർത്തനം 121:1-4 |
| തിങ്കൾ | സങ്കീർത്തനം 63:1-3 | സങ്കീർത്തനം 121:5-8 |
| ചൊവ്വ | സങ്കീർത്തനം 63:4-6 | സങ്കീർത്തനം 91:1-4 |
| ബുധൻ | സങ്കീർത്തനം 63:7-8 | സങ്കീർത്തനം 91:5-8 |
| വ്യാഴം | സങ്കീർത്തനം 84:1-4 | സങ്കീർത്തനം 91:9-10 |
| വെള്ളി | സങ്കീർത്തനം 84:5-8 | സങ്കീർത്തനം 91:11-13 |
| ശനി | സങ്കീർത്തനം 84:9-12 | * |

പാഠം പന്ത്രണ്ട്

## കരുണയുള്ള ദൈവത്തോട് പ്രാർത്ഥിക്കാം

**മുഖ്യസന്ദേശം:** സൂത്താറാ നമസ്കാരത്തിലെ 'കരുണയുള്ള ദൈവമേ' എന്ന പ്രാർത്ഥന ഭംഗിയായി ചൊല്ലുവാൻ കഴിയണം.

**മനഃപാഠവാക്യം:** "അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും" (വി. ലൂക്കോസ് 11:9).

### ആമുഖം

നിങ്ങൾ എല്ലാവരും വീടുകളിൽ കുടുംബപ്രാർത്ഥന നടത്താറുണ്ടോ? ഓർത്തഡോക്സ് സഭാവിശ്വാസി ദിവസം എത്ര പ്രാവശ്യം പ്രാർത്ഥിക്കണം എന്നറിയാമോ? ഏഴ്. ഇതിൽ സന്ധ്യാപ്രാർത്ഥനാസമയത്ത് മൂന്ന് യാമങ്ങളിലെ പ്രാർത്ഥനകളാണ് നാം നടത്തുന്നത്. ഒമ്പതാം മണി, സന്ധ്യാ, സൂത്താറ. 'സൂത്താറ' എന്നാൽ കാവൽ എന്നാണർത്ഥം. രാത്രിയിൽ നാം കിടന്നുറങ്ങുമ്പോൾ ദൈവത്തിന്റെ കാവൽ നമുക്കാവശ്യമല്ലേ? ആ കാവലിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് സൂത്താറാ നമസ്കാരം. സൂത്താറാ നമസ്കാരത്തിലെ ആമുഖപ്രാർത്ഥനയാണ് നാം ഇന്നു പഠിക്കുന്ന 'കരുണയുള്ള ദൈവമേ' എന്ന അപേക്ഷ.

### പാഠഭാഗം

'കരുണയുള്ള ദൈവമേ...' എന്ന സംബോധനയോടെയാണ് ഈ പ്രാർത്ഥന തുടങ്ങുന്നത്. കരുണയുള്ളവൻ എന്ന വാക്ക് ദൈവത്തെക്കുറിച്ച് നമുക്കുള്ള അറിവ് പ്രതിഫലിപ്പിക്കുന്നതാണ്. അവിടുന്ന് സ്നേഹമുള്ളവനാണ്; തെറ്റു ചെയ്യുന്നവരോട് ക്ഷമിക്കുന്നവനാണ്. സഹായം നല്കുന്നവനാണ്. നാം ആവശ്യപ്പെടുന്നത് നമുക്ക് നല്ലതാണെങ്കിൽ നല്കുന്നവനാണ് എന്നീ കാര്യങ്ങളെല്ലാം ഈ സംബോധനയിൽ അടങ്ങിയിട്ടുണ്ട്. ഈ ഭാഗം നമുക്കൊന്നിച്ച് ചൊല്ലാം.

*കരുണയുള്ള ദൈവമേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു.*
*നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങൾ മുടക്കരുതേ (നിരോധിക്കരുതേ).*

ദൈവം കരുണയുള്ളവൻ എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. "യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവൻ" (സങ്കീ. 145:8). "നീ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ള ദൈവം" (യോന 4:2). 'കരുണ തോന്നണമേ' എന്ന് ദൈവത്തോട് അപേക്ഷിക്കുന്ന പലരെയും വേദപുസ്തകത്തിൽ കാണുന്നുണ്ട് (ലൂക്കോ 18:13, മർക്കോ 20:47). 'അപേക്ഷ' എന്നാൽ ഒരാവശ്യം വിനയത്തോടെ ചോദിക്കുന്നതാണ്. നമ്മുടെ അപേക്ഷയുടെ ശബ്ദം ദൈവത്തിന്റെ വാതിലിൽവന്ന് മുട്ടുന്നു എന്നത് വിനയപൂർണമായ ഒരു അവതരണമാണ്. ഭിക്ഷയ്ക്കായി നമ്മുടെ ഭവനങ്ങളിൽ വരുന്നവർ സഹായം ചോദിക്കുന്നത് എങ്ങനെയാണ്? 'അമ്മേ സഹായിക്കണേ, വല്ലതും തരണേ...' എന്ന് വിളിക്കുകയാണ് ചെയ്യുന്നത്. ആ ശബ്ദം കേട്ടാണ് നാം വാതിൽ തുറന്നു സഹായം നല്കുന്നത്. ഇതുപോലെ നമ്മുടെ അപേക്ഷ കേട്ട് ദൈവം തന്റെ കരുണയുടെ വാതിൽ തുറന്ന് നമ്മെ സഹായിക്കുവാൻ ഇടയാകണം. അങ്ങനെ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവരുടെ ആവശ്യങ്ങൾ അവൻ ഒരുനാളും മുടക്കുകയില്ല (നല്കാതിരിക്കില്ല).

*ദൈവമേ, ബലഹീനരായ ഞങ്ങളെ സഹായിപ്പാനായി നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനേ, ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട് ഞങ്ങളുടെ യാചനകൾ നല്കുമാറാ കണമേ.*

നാം ദൈവത്തെ വന്ദിക്കുന്നവരാണെന്നും അതേ സമയം ബലഹീനരാണെന്നും നാം ഇവിടെ ഏറ്റു പറയുകയാണ്. അവിടുത്തെ സഹായമില്ലാതെ ഞങ്ങൾക്ക് ജീവിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് നിന്നെ ഞങ്ങൾ വിളിക്കുന്നു. എങ്ങനെയാണ് വിളിക്കുന്നത്? 'നല്ലവനേ...'

ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം കേൾക്കണമെന്നും ഞങ്ങളുടെ യാചനകൾ നല്കണമെന്നും പറയുന്നുണ്ടെങ്കിലും യാതൊരു ആവശ്യവും പ്രത്യേകമായി ഈ അപേക്ഷയിൽ പറയുന്നില്ല. അതുകൊണ്ടുതന്നെ ഇതൊരു ആമുഖപ്രാർത്ഥനയാണ്. തുടർന്നു നാം ദൈവമുമ്പാകെ അവതരിപ്പിക്കുവാൻ പോകുന്ന ആവശ്യങ്ങൾക്കുവേണ്ടി സമർപ്പിക്കുന്ന പൊതുപ്രാർത്ഥനയാണിത്. തുടർന്ന് വരുന്നത് മാർ അപ്രേമിന്റെ ബോവൂസോ ആയ "ഞങ്ങൾക്കുള്ള കർത്താവേ..." എന്ന ഗീതമാണ്. ആ അപേക്ഷയിൽ രാത്രിയിൽ ഉറങ്ങുമ്പോഴുള്ള കാവലിനായും ഉണർന്നെഴുന്നേറ്റു കഴിയുമ്പോഴുള്ള അനുഗ്രഹത്തിനായും നാം പ്രാർത്ഥിക്കുന്നുണ്ട്.

കരുണാമയനായ ദൈവത്തോട് നാം നടത്തുന്ന അപേക്ഷയുടെ ശബ്ദംകേട്ട് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്നതിനുള്ള ഒരു ലഘുപ്രാർത്ഥനയാണിത്.

## നമുക്ക് പാടാം

ഞങ്ങൾക്കുള്ള കർത്താവേ
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവോടെ നിൻ തിരുമുമ്പിൽ
നിൽപാനെനിക്കു നീ നല്കേണമേ.

തവക്ഷീണത്തിൽ സ്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാ സ്വപ്നമശുദ്ധിയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമെ.

## നമുക്ക് പ്രാർത്ഥിക്കാം

കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ടു ഞങ്ങൾക്ക് ഉത്തരമരുളണമേ. നിന്റെ പൈതങ്ങളായ ഞങ്ങളെ കാത്തുകൊള്ളേണമേ. ആമ്മീൻ

## നിശ്ചയം

കരുണയുള്ള ദൈവത്തിന്റെ സന്നിധിയിൽ ഞങ്ങളെത്തന്നെ സമർപ്പിച്ച് ഞങ്ങൾ പ്രാർത്ഥിക്കും.

## പ്രവർത്തനങ്ങൾ

1. 'കരുണയുള്ള ദൈവമേ...' എന്ന പ്രാർത്ഥന പൂർണ്ണമായും ഹൃദിസ്ഥമാക്കുക.
2. ഈ പ്രാർത്ഥന മുഴുവൻ ഒരുമിച്ചു ചൊല്ലുക.

3. ഈ പ്രാർത്ഥനയുടെ വാചകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗീതം നിങ്ങൾക്ക് സുപരിചിതമാണ്. കണ്ടുപിടിക്കുക. ഇതിലെ വാചകങ്ങളുമായി താരതമ്യം ചെയ്യുക *(സൂചന: വി. കുർബ്ബാനയിൽ മറയിടുന്ന സമയത്തു പാടുന്ന ഗീതം).*

4. **പൂരിപ്പിക്കുക**

   1. കരുണയുള്ള ദൈവമേ നിന്റെ......................ഞങ്ങളുടെ ......................സ്വരം മുട്ടുന്നു.
   2. നിന്നെ വന്ദിക്കുന്നവരുടെ................................മുടക്കരുതേ.

5. **ശരിയായ വാക്കുകൾ ചേർത്ത് വരയ്ക്കുക.**

(*ഉദാ.* കരുണയുള്ള ദൈവം)

| | |
|---|---|
| കരുണയുള്ള | ആവശ്യങ്ങൾ |
| അപേക്ഷ | ദൈവം |
| ബലഹീനർ | സ്വരം |
| വാതിലിൽ | മുട്ടുന്നു |

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീർത്തനം 121:1-4 |
| തിങ്കൾ | സങ്കീർത്തനം 63:1-3 | സങ്കീർത്തനം 121:5-8 |
| ചൊവ്വ | സങ്കീർത്തനം 63:4-6 | സങ്കീർത്തനം 91:-4 |
| ബുധൻ | സങ്കീർത്തനം 63:7-8 | സങ്കീർത്തനം 91:5-8 |
| വ്യാഴം | സങ്കീർത്തനം 84:1-4 | സങ്കീർത്തനം 91:9-10 |
| വെള്ളി | സങ്കീർത്തനം 84:5-8 | സങ്കീർത്തനം 91:11-13 |
| ശനി | സങ്കീർത്തനം 84:9-12 | * |

പാഠം പതിമൂന്ന്

# വി. ത്രിത്വത്തോട് നമുക്ക് പ്രാർത്ഥിക്കാം

**മുഖ്യസന്ദേശം**: "ശുദ്ധമുള്ള ബാവ..." (അല്ലെങ്കിൽ "പരിശുദ്ധ പിതാവേ...") എന്നു തുടങ്ങുന്ന ത്രിത്വത്തോടുള്ള പ്രാർത്ഥന ഭംഗിയായി പഠിച്ച് പ്രാർത്ഥിക്കണം.

**മനഃപാഠവാക്യം**: നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? (1 കൊരി. 3:16).

## ആമുഖം

കൗമാ പ്രാർത്ഥനയുടെ ആദ്യവാചകം ഒന്നു ചൊല്ലാമോ? ഇത് വിശുദ്ധ ത്രിത്വത്തോടുള്ള സ്തുതിപ്പാണ്. ഇതുപോലെ ത്രിത്വത്തോടുള്ള ഒരു പ്രാർത്ഥനയാണ് "ശുദ്ധമുള്ള ബാവ..." എന്ന പ്രാർത്ഥന. ഈ പ്രാർത്ഥന ഭവനങ്ങളിൽ നാം എല്ലാവരും ചൊല്ലാറുണ്ടല്ലോ. എപ്പോഴൊക്കെയാണ് ചൊല്ലുന്നത്? രാവിലെയോ സന്ധ്യയ്ക്കോ? മറ്റു സന്ദർഭങ്ങളിൽ ഈ പ്രാർത്ഥന ചൊല്ലുന്നതു കേട്ടിട്ടുണ്ടോ? പലപ്പോഴും പൊതുപ്രാർത്ഥനകളിൽ ഉപയോഗിക്കാറുള്ള മനോഹരമായ ഒരു പ്രാർത്ഥനയാണ് ഇത്. വി. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളായ പിതാവിനോടും പുത്രനോടും പരിശുദ്ധ റൂഹായോടും ഉള്ള അപേക്ഷ ഇതിൽ ഉള്ളതുകൊണ്ട് 'ത്രിത്വത്തോടുള്ള പ്രാർത്ഥന' എന്നാണ് ഈ പ്രാർത്ഥന അറിയപ്പെടുന്നത്. ഈ പ്രാർത്ഥനയാണ് നാം ഇന്നു പഠിക്കുന്നത്.

## പാഠഭാഗം

ഈ പ്രാർത്ഥനയുടെ ആദ്യവാചകം പിതാവാം ദൈവത്തോടുള്ള അപേക്ഷയാണ്. ഈ വാചകം എല്ലാവരും ചേർന്നു ചൊല്ലുക.

*ശുദ്ധമുള്ള ബാവ, (അല്ലെങ്കിൽ പരിശുദ്ധ പിതാവേ...) ശുദ്ധമുള്ള നിന്റെ തിരുനാമത്താൽ ഞങ്ങളെ നീ കാത്തുകൊള്ളേണമെ.*

ബാവാ എന്നാൽ പിതാവ് എന്നാണർത്ഥം. പിതാവായ ദൈവത്തിന്റെ നാമം ഉച്ചരിക്കുന്നത്തന്നെ നമുക്ക് അനുഗ്രഹമാണ്. പ്രയാസങ്ങൾ വരുമ്പോൾ നമ്മൾ 'എന്റെ ദൈവമേ' എന്നു വിളിക്കാറില്ലേ? കാരണം ആ വിളി തന്നേ നമുക്ക് ആശ്വാസം നല്കുന്നതാണ്. ഇവിടെയും നാം അപ്രകാരം പിതാവായ ദൈവത്തിന്റെ നാമം വിളിച്ച് ഞങ്ങളെ കാത്തുകൊള്ളണമേ എന്ന് പ്രാർത്ഥിക്കുന്നു. അടുത്ത വാചകം പുത്രൻ തമ്പുരാനോടുള്ള അപേക്ഷയാണ്.

*രക്ഷിതാവായ പുത്രാ, ജയമുള്ള നിന്റെ സ്ലീബായാൽ ഞങ്ങളെ മറച്ചുകൊള്ളേണമേ.*

പാപത്തിന്റെ ശിക്ഷയിൽനിന്നും ക്രൂശിലെ മരണംമൂലം നമ്മെ രക്ഷിച്ചവനാണ് പുത്രനായ ക്രിസ്തു എന്ന് നാം ഇവിടെ ഏറ്റുപറയുന്നു. ക്രൂശിക്കപ്പെട്ട ക്രിസ്തു ഉയിർത്തെഴുന്നേറ്റതുകൊണ്ടാണ് ജയമുള്ള സ്ലീബാ എന്ന് നാം പറയുന്നത്. എല്ലാ തിന്മകളിൽനിന്നും നമ്മെ മറച്ച് കാത്തുകൊള്ളുന്നതാണ് കർത്താവിന്റെ കുരിശ്. ഇതോർത്തുകൊണ്ടാണ് നാം കുരിശു ധരിക്കുകയോ വഹിക്കുകയോ ചെയ്യുക. ഈ വാചകം ചൊല്ലുമ്പോൾ സ്ലീബായെ ഓർത്ത് നാം കുരിശു വരയ്ക്കേണ്ടതാണ്. കുരിശ് എവിടെ കാണുമ്പോഴും നാം കുരിശു വരയ്ക്കുന്നത് പുത്രൻ തമ്പുരാനെ ഓർത്തുകൊണ്ടാണ്.

മൂന്നാമത്തെ വാചകം പരിശുദ്ധ റൂഹായോടുള്ള പ്രാർത്ഥനയാണ്.

*ശുദ്ധമുള്ള റൂഹാ, ശുദ്ധമുള്ള നിന്റെ കുടിയിരിപ്പിന്റെ ഭവനങ്ങളായി ഞങ്ങളെ നീ ചമച്ചു കൊള്ളണമേ.*

പരിശുദ്ധറൂഹായാണ് നമ്മെ വഴി നടത്തുന്ന ദൈവം. മാമോദീസായാൽ നാം പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനു വസിക്കുവാൻ ഉതകുന്ന ഭവനങ്ങളായിരിക്കണമേ ഞങ്ങൾ എന്നാണ് ഈ വാചകത്തിൽ നാം പ്രാർത്ഥിക്കുന്നത്. 1 കോരി 3:16–ൽ പൗലൂസ് ശ്ലീഹാ ഈ സത്യം നമുക്ക് പറഞ്ഞുതരുന്നു. "ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു." അങ്ങനെ പരിശുദ്ധാത്മാവിന്റെ ഭവനങ്ങളായി മാറി, തെറ്റുകൾ ചെയ്യാതെ ദൈവത്തിനനുരൂപരായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ എന്നർത്ഥം. അടുത്ത വാചകം പൊതുവായ ഒരു അപേക്ഷയാണ്.

*ദൈവമായ കർത്താവേ, എല്ലാ സമയത്തും എല്ലാ നേരത്തും നിന്റെ ദൈവത്വത്തിന്റെ ചിറകുകളുടെ നിഴലിൻകീഴിൽ എന്നേക്കും ഞങ്ങളെ മറച്ചുകൊള്ളേണമേ.*

ഏറ്റവും മനോഹരമായ ഒരു പ്രാർത്ഥനാഭാഗമാണിത്. ദൈവത്വത്തിന്റെ ചിറകുകളുടെ നിഴലിൽ എപ്പോഴും നമ്മെ മറച്ചു സൂക്ഷിക്കുകയാണെങ്കിൽ മറ്റെന്താണ് നമുക്കു ഭയപ്പെടുവാനുള്ളത്? തെറ്റു ചെയ്യുന്നതിൽ മാത്രം നാം ഭയപ്പെട്ടാൽ മതി. ദൈവത്തിൽ ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥന ചൊല്ലുന്ന ഒരാൾക്ക് ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടേണ്ടതില്ല.

ത്രിത്വവിശ്വാസത്തിന്റെ ഒരു പ്രഖ്യാപനംകൂടിയാണ് ഈ പ്രാർത്ഥന. കുടുംബാരാധനക്രമം എന്ന നമസ്കാരക്രമത്തിൽ അവസാനഭാഗത്ത് ഈ പ്രാർത്ഥന ചേർത്തിട്ടുള്ളത് കണ്ടെത്തുക. ഒന്നായിരിക്കുന്ന ദൈവത്തിന്റെ മൂന്ന് ആളത്വങ്ങളാണ് പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ. ഈ മൂന്ന് ആളത്വങ്ങളോടുള്ള അപേക്ഷയാണ് ത്രിത്വപ്രാർത്ഥന.

## നമുക്ക് പാടാം

സ്വർഗ്ഗാ ദൂതർക്കുടയവനേ
അവരാൽ മഹത്വപ്പെടുന്നവനേ
വന്ദനവോടു നിനക്കു സ്തുതി
പ്രാർത്ഥനകൾ കൈക്കൊള്ളണമേ
ത്രീയേകാമേകത്രീയാം
ഏകദൈവവുമായുള്ള
പിതൃസുതപരിശുദ്ധാത്മാവാം
സത്യൈക പരനെ നിനക്കു സ്തുതി.

## നമുക്ക് പ്രാർത്ഥിക്കാം

പിതാവാം ദൈവമെ, നിനക്കു സ്തുതി. പുത്രനാം ദൈവമേ, നിനക്കു സ്തുതി.
പരിശുദ്ധ റൂഹായാം ദൈവമെ, നിനക്കു സ്തുതി.

## നിശ്ചയം

പരിശുദ്ധ ത്രിത്വത്തെ ഞങ്ങൾ എന്നും സ്തുതിക്കും

## പ്രവർത്തനങ്ങൾ

1. നിങ്ങൾ വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ പുരോഹിതൻ പ്രാർത്ഥനകൾ അവ സാനിപ്പിക്കുന്നത് എങ്ങനെയാണെന്ന് ശ്രദ്ധിക്കുക.
2. കൗമായുടെ ആരംഭത്തിലുള്ള ത്രിത്വസ്തുതി ഹൃദിസ്ഥമാക്കുക.
3. ത്രിത്വനാമം ഉച്ചരിക്കുമ്പോൾ കുരിശ് വരയ്ക്കാൻ ശ്രദ്ധിക്കുക.
4. പട്ടക്കാരൻ 'ശൂബഹോലാബോ' എന്ന സുറിയാനി വാചകം ചൊല്ലുമ്പോൾ അത് ത്രിത്വ സ്തുതിയായതിനാൽ കുരിശു വരയ്ക്കണം.
5. **ഉത്തരം പറയാമോ?**
   വി. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങൾ ഏവ?
6. **പൂരിപ്പിക്കുക**
   a) ശുദ്ധമുള്ള പിതാവേ, ശുദ്ധമുള്ള നിന്റെ.........................ഞങ്ങളെ കാത്തുകൊള്ളണമേ.
   b) രക്ഷിതാവായ പുത്രാ, ജയമുള്ള നിന്റെ...........................ഞങ്ങളെ മറച്ചുകൊള്ളണമേ.
   c) ശുദ്ധമുള്ള റൂഹാ, ശുദ്ധമുള്ള നിന്റെ ......................ഞങ്ങളെ നീ ചമച്ചുകൊള്ളണമേ.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീർത്തനം 25:1-3 |
| തിങ്കൾ | സങ്കീർത്തനം 63:1-2 | സങ്കീർത്തനം 25:4-7 |
| ചൊവ്വ | സങ്കീർത്തനം 63:3-4 | സങ്കീർത്തനം 25:8-10 |
| ബുധൻ | സങ്കീർത്തനം 63:5-6 | സങ്കീർത്തനം 25:11-14 |
| വ്യാഴം | സങ്കീർത്തനം 63:7-8 | സങ്കീർത്തനം 25:15-16 |
| വെള്ളി | സങ്കീർത്തനം 63:9-11 | സങ്കീർത്തനം 25:17-19 |
| ശനി | സങ്കീർത്തനം 123:1-4 | * |

## യൂണിറ്റ് മൂന്ന്

# ആരാധനാഗീതങ്ങൾ

### പാഠം പതിന്നാല്

## നമുക്ക് ദൈവമാതാവിനോട് മദ്ധ്യസ്ഥത അണയ്ക്കാം

**മുഖ്യസന്ദേശം:** ദൈവമാതാവിന്റെ മദ്ധ്യസ്ഥതയ്ക്കായി അപേക്ഷിക്കുന്ന ഒരു ഗീതവും മതാവിന്റെ മദ്ധ്യസ്ഥതയാൽ അനുഗ്രഹിക്കുവാൻ കർത്താവിനോട് അപേക്ഷിക്കുന്ന ഒരു ഗീതവും ഭംഗിയായി ചൊല്ലുവാൻ പരിശീലിക്കുക.

**മനഃപാഠവാക്യം:** "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്‌വീൻ" (വി. യോഹ 2:5).

### ആമുഖം

*നിർത്തീടരുതേ, പരിശുദ്ധേ...* എന്നു തുടങ്ങുന്ന ഒരു ഗീതം ഒന്നാം ക്ലാസ്സിൽ പഠിച്ചത് ഓർമ്മയുണ്ടാകുമല്ലോ. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയ്ക്കുള്ള മറ്റൊരു ഗീതമാണ് *ഭക്തർ പുകഴ്ചാ ഭാജനമേ...* എന്നു തുടങ്ങുന്ന ഗീതം. *മോറോനീശോ കുരിശും നിൻ...* എന്നു തുടങ്ങുന്ന ഗീതം നമുക്കു ലഭിക്കാവുന്ന ശിക്ഷകളിൽനിന്നും മാതാവിന്റെ മദ്ധ്യസ്ഥതയാൽ ഞങ്ങളെ രക്ഷിക്കേണമേ എന്ന് പ്രാർത്ഥിക്കുന്ന ഗീതമാണ്. വി. കുർബ്ബാനയിൽ കർത്താവിന്റെ സ്വർഗ്ഗാരോഹണം സ്മരിച്ചുകൊണ്ട് കാസായും പിലാസയും മുകളിലേക്കുയർത്തുന്ന ഭാഗം കഴിഞ്ഞാൽ ധൂപപ്രാർത്ഥനകൾ ആരംഭിക്കുകയാണ്. ആദ്യം നടത്തുന്ന ധൂപപ്രാർത്ഥന മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടുള്ളതാണ്. അതിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ടു ഗീതങ്ങളാണ് നമ്മൾ ഇന്ന് പഠിക്കുന്നത്.

### പാഠഭാഗം

*ഭക്തർ പുകഴ്ചാ ഭാജനമേ...*എന്ന ഗീതം നമുക്കൊന്നിച്ച് ചൊല്ലാം.

ഭക്തർ പുകഴ്ചാ ഭാജനമേ
നിന്നിലുദിച്ചോരേകസുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.

വി. കുർബ്ബാനയിൽ ഈ ഗീതം കേൾക്കുമ്പോൾ നിങ്ങൾ കൂടെ പാടാറില്ലേ? ഇതിന്റെ അർത്ഥം നമുക്ക് പഠിക്കാം. 'ഭക്തന്മാരുടെ പുകഴ്ചകൾക്കു യോഗ്യയായ മാതാവേ, ഞങ്ങളോട് മനസ്സലിവ് തോന്നുവാൻ നിന്നിൽനിന്ന് ജനിച്ച ഏകപുത്രനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ' എന്നാണ് പാട്ടിന്റെ അർതഥം.

'ദൈവപുത്രനായ കർത്താവിനോട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്ന ഒരു മദ്ധ്യസ്ഥ പ്രാർത്ഥനയാണിത്. 'ഞങ്ങളോട് കരുണ ചെയ്യേണമേ' എന്നല്ല, കരുണ ചെയ്യുവാൻ കർത്താവിനോട് അപേക്ഷിക്കണം എന്നാണ് നാം പ്രാർത്ഥിക്കുന്നത്. അടുത്ത ഗീതം നമുക്ക് ചൊല്ലാം.

മോറാനീശോ കുരിശുംനിൻ
മാതൃജനത്തിൽ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൽ
വടികളെയും മായ്ച്ചീടേണം

മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനാ ചക്രത്തിൽ സമാപനമായി പാടുന്ന അപേക്ഷയാണ് ഈ ഗീതം. 'മോറാൻ' എന്നാൽ 'കർത്താവ്' എന്നാണർത്ഥം. 'കർത്താവായ യേശുവേ നീ വഹിച്ച കുരിശും നിന്റെ മാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയും ഞങ്ങളുടെ മേലുള്ള ശിക്ഷാവിധികളേയും നിന്റെ കോപംമൂലം ഞങ്ങൾക്ക് ലഭിക്കാവുന്ന പ്രയാസങ്ങളേയും നീക്കിക്കളയണമേ' എന്നാണ് ഈ ഗീതത്തിലൂടെ നാം പ്രാർത്ഥിക്കുന്നത്.

മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളുടെ സമാപനമായി കർത്താവിനോടുള്ള ഒരു അപേക്ഷയാണിത്. നമ്മുടെ തെറ്റുകളും കുറ്റങ്ങളും നിമിത്തം ദൈവത്തിന്റെ ശിക്ഷ നാം അർഹിക്കുന്നു എന്ന ബോധ്യംകൊണ്ടാണ് 'നിന്റെ കുരിശുമരണവും മാതാവിന്റെ മദ്ധ്യസ്ഥതയും മൂലം ആ ശിക്ഷകളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ' എന്ന് പ്രാർത്ഥിക്കുന്നത്. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ നാം അഭയപ്പെട്ടാൽ മാതാവ് നമ്മുടെ അപേക്ഷകൾ ദൈവസന്നിധിയിൽ സമർപ്പിക്കും. ദൈവം അത് കൈക്കൊള്ളുകയും നമുക്ക് അനുഗ്രഹങ്ങൾ ചൊരിഞ്ഞു തരികയും ചെയ്യും.

## നമുക്ക് പ്രാർത്ഥിക്കാം

ഈ പ്രാർത്ഥന ഒരാൾ ചൊല്ലിക്കൊടുക്കുമ്പോൾ ബാക്കി ഭാഗം എല്ലാവരും ഏറ്റു ചൊല്ലണം.

ഒരാൾ: ശുദ്ധിമതിയായ മാതാവേ...
എല്ലാവരും ചേർന്ന്: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഒരാൾ: ഭക്തന്മാരുടെ പുകഴ്ചയായ മാതാവേ...
എല്ലാവരും ചേർന്ന്: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ
ഒരാൾ: ദൈവപുത്രന്റെ അമ്മയായ മാതാവേ...
എല്ലാവരും ചേർന്ന്: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

## നിശ്ചയം

വി. ആരാധനയിൽ ഉപയോഗിക്കുന്ന വിവിധ മദ്ധ്യസ്ഥ പ്രാർത്ഥനാഗീതങ്ങൾ ചിട്ടയായും ഭംഗിയായും ഞങ്ങൾ ചൊല്ലും

## പ്രവർത്തനങ്ങൾ

1. ഇന്നു പഠിച്ച ഗീതങ്ങൾ ഒരുമിച്ചു പാടുക.
2. നിങ്ങൾ രണ്ടാം ക്ലാസ്സിൽ പഠിച്ച *പരിശുദ്ധന്മാരേ നിങ്ങൾ പ്രാർത്ഥിപ്പിൻ കർത്താവോടായ്...* എന്ന ഗീതവും; *മോറോനീശോ കുരിശും നിൻ...* എന്ന ഗീതവും താരതമ്യം ചെയ്ത് അവസാനത്തെ രണ്ടു വരികളിലുള്ള വ്യത്യാസം വ്യക്തമായി മനസ്സിലാക്കുക.
3. ഈ ഗീതങ്ങൾ പള്ളിയിലും മറ്റും പാടുമ്പോൾ അർത്ഥം മനസ്സിലാക്കി ധ്യാനപൂർവ്വം പാടുക.

4. **പൂരിപ്പിക്കുക**

a) ഭക്തർ പുകഴ്ചാ..........................
നിന്നിലുദിച്ചോരേകസുതൻ
......................ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം

b) മോറാനീശോ.........................
മാതൃജനത്തിൽ.......................
അടികളെയും നിൻ..............
...........................മായ്ച്ചീടേണം

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോസ് 1:26-33 |
| തിങ്കൾ | സങ്കീർത്തനം 40:1-3 | ലൂക്കോസ് 1:39-45 |
| ചൊവ്വ | സങ്കീർത്തനം 40:4-5 | ലൂക്കോസ് 2:15-20 |
| ബുധൻ | സങ്കീർത്തനം 40:13-14 | സങ്കീർത്തനം 71:1-3 |
| വ്യാഴം | സങ്കീർത്തനം 40:15-17 | സങ്കീർത്തനം 71:4-9 |
| വെള്ളി | സങ്കീർത്തനം 71:10-12 | സങ്കീർത്തനം 71:13-15 |
| ശനി | സങ്കീർത്തനം 71:16-19 | * |

പാഠം പതിനഞ്ച്

# നമുക്ക് പാടി ആരാധിക്കാം

**മുഖ്യസന്ദേശം:** വി. കുർബ്ബാനയിലെ സമാപനഗീതങ്ങൾ ഭംഗിയായി ചൊല്ലുവാൻ പരിശീലിക്കുക.

**മനഃപാഠവാക്യം:** “ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും” (വി. മത്തായി 5:18)

## ആമുഖം

വി. കുർബ്ബാനയുടെ അവസാന ആശിർവാദത്തിനു മുമ്പായി നാം പാടുന്ന രണ്ടു പാട്ടുകളാണ് നാം ഇന്ന് പഠിക്കുന്നത്. ഈ പാട്ടുകൾക്ക് ‘ഹൂത്തോമോ’ എന്നു പറയും. ‘ഹൂത്തോമോ’ എന്ന വാക്കിന് ‘സമാപനപ്രാർത്ഥന’ എന്നാണർത്ഥം.

## പാഠഭാഗം

ഓർത്തഡോക്സ് സഭയിലെ എല്ലാ ആരാധനയും സമാപിക്കുന്നത് ഹൂത്തോമോ എന്നറിയപ്പെടുന്ന ഒരു പ്രാർത്ഥനയോടെയാണ്. അത് ഗദ്യമോ ഗീതമോ ആകാം. വി. കുർബ്ബാനയിൽ വൈദികൻ ഒരു ഗീതം പാടുകയും തുടർന്ന് ആരാധനാ സമൂഹം ഒരു ഗീതം പാടുകയും ചെയ്യുന്ന പതിവാണുള്ളത്. ഈ ഭാഗത്ത് ദിവസത്തിന്റെ പ്രാധാന്യം അനുസരിച്ച് ഗീതങ്ങൾ മാറി മാറി പാടുവാനുള്ള ക്രമീകരണം വി. കുർബ്ബാനക്രമത്തിൽ കൊടുത്തിട്ടുണ്ട്. എന്നാൽ സാധാരണ പാടുന്ന രണ്ടു ഗീതങ്ങളാണ് ഇന്നു പഠിക്കുന്നത്. ആദ്യത്തെ ഗീതം നമുക്കൊന്നിച്ച് ചൊല്ലാം.

കാഴ്ചയിതിൽ കർത്താവേ നിൻ
തിരുവുള്ളം തുഷ്ടിപ്പെട്ട്
നല്ല മരിച്ചോർ പുണ്യപ്പെ-
ട്ടീറയരാനന്ദിക്കേണം

(തുഷ്ടിപ്പെട്ട്=പ്രീതിപ്പെട്ട്, സന്തോഷിച്ച്, പുണ്യപ്പെട്ടീറയർ=പുണ്യപ്പെട്ട്, ഈറയർ)

‘ഞങ്ങൾ അണച്ച വി. കുർബ്ബാനയാകുന്ന ഈ കാഴ്ചയിൽ കർത്താവേ, നിന്റെ മനസ്സ് സന്തോഷിച്ച് ഞങ്ങളുടെ വിശ്വാസികളായ മരിച്ചുപോയവർക്ക് പുണ്യം ലഭിക്കുകയും സ്വർഗ്ഗീയ മാലാഖമാർ ആനന്ദിക്കുകയും ചെയ്യണമേ’ എന്നാണ് ഈ പാട്ടിന്റെ അർത്ഥം. ദൈവത്തിന് പ്രീതികരമായ കാഴ്ചയായി വി. കുർബ്ബാന മാറുമ്പോൾ നമുക്കു മാത്രമല്ല നമ്മുടെ വിശ്വാസികളായ വാങ്ങിപ്പോയവർക്കും അനുഗ്രഹം ലഭിക്കുകയും മാലാഖമാർ സന്തോഷിക്കുകയും ചെയ്യും. മാർ അപ്രേം മല്പാൻ രചിച്ച ഒരു ഗീതമാണിത്. പാട്ടിന്റെ തുടക്കത്തിൽ ‘കാഴ്ചയിതിൽ’ എന്നുതന്നെ ചൊല്ലുവാൻ ശ്രദ്ധിക്കണം. ‘ഈറയർ’ എന്നാൽ ‘ഉറങ്ങാതെ എപ്പോഴും ഉണർന്നിരിക്കുന്ന മാലാഖമാർ’ എന്നാണർത്ഥം. ഇനി നമുക്ക് രണ്ടാമത്തെ ഗീതം ചൊല്ലാം.

മാതാവ് യാചിക്കും പരിശുദ്ധന്മാരും നാഥാ
പുണ്യം നല്കിങ്ങും മരിച്ചോർക്കും

സമാപനപ്രാർത്ഥനയായി ഉപയോഗിക്കുന്ന മറ്റൊരു ഗീതമാണിത്. ‘പരിശുദ്ധ ദൈവ മാതാവിന്റെയും പരിശുദ്ധരുടെയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടുള്ള ഒരു പ്രാർത്ഥനയാണ് ഈ ഗീതം. ‘നാഥാ നിന്റെ വിശുദ്ധ മാതാവും പരിശുദ്ധന്മാരും നടത്തുന്ന

പ്രാർത്ഥനകളാൽ ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും പുണ്യം നല്കേണമേ' എന്നാണ് ഈ പാട്ടിന്റെ അർത്ഥം. മാർ ബാലായി എന്ന പിതാവാണ് ഈ ഗീതം രചിച്ചത്.

ഈ രണ്ടു ഗീതങ്ങളിലും നമ്മോടൊപ്പം മരിച്ചുപോയവരേയും ഉൾപ്പെടുത്തിയാണ് നാം പ്രാർത്ഥിക്കുന്നത് എന്നത് ശ്രദ്ധിക്കുക. ഭയഭക്തിയോടെ വി. ആരാധനയിൽ പങ്കെടുക്കുമ്പോൾ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നമുക്കു ലഭിക്കുന്നു. മാതാവും പരിശുദ്ധന്മാരും നമുക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നമുക്കും നമ്മുടെ വാങ്ങിപ്പോയവർക്കും പുണ്യം ലഭിക്കും.

## നമുക്കു പാടാം

ഇന്നു പഠിച്ച ഗീതങ്ങളും മറ്റ് ഹൂത്തോമാ ഗീതങ്ങളും പാടി പരിശീലിക്കുക.

## നമുക്കു പ്രാർത്ഥിക്കാം

ദൈവമായ കർത്താവേ, അങ്ങേയ്ക്ക് കാഴ്ചയായി അർപ്പിക്കുന്ന വി. കുർബ്ബാനയിൽ ഭക്തിയോടെ സംബന്ധിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ

## നിശ്ചയം

വി. ആരാധനയിൽ ഞങ്ങൾ ഭയഭക്തിയോടെ സംബന്ധിക്കും. ഗീതങ്ങളും പ്രതിവാക്യങ്ങളും ശ്രദ്ധയോടെ ചൊല്ലും

## പ്രവർത്തനങ്ങൾ

1) വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഈ ഗീതങ്ങൾ അർത്ഥം മനസ്സിലാക്കി ധ്യാനപൂർവ്വം പാടുവാൻ ശ്രദ്ധിക്കുക.
2. വി. കുർബ്ബാനക്രമത്തിൽ കൊടുത്തിട്ടുള്ള ചില ഹൂത്തോമോ ഗീതങ്ങൾ കണ്ടുപിടിച്ച് പാടുക.
3. പുരോഹിതൻ വി. കുർബ്ബാനയിൽ പാടുന്ന ഹൂത്തോമോ ഗീതം ശ്രദ്ധിച്ചുകേട്ട് അർത്ഥം മനസ്സിലാക്കുവാൻ ശ്രമിക്കുക.
4. ചേരുന്നവ ചേർത്ത് വരയ്ക്കുക.

| | |
|---|---|
| തിരുവുള്ളം | ആനന്ദിക്കുന്നു |
| നല്ല മരിച്ചോർ | തുഷ്ടിപ്പെടുന്നു |
| ഈറയർ | പുണ്യപ്പെടുന്നു. |

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീർത്തനം 112:1-4 |
| തിങ്കൾ | സങ്കീർത്തനം 42:1-4 | സങ്കീർത്തനം 112:5-10 |
| ചൊവ്വ | സങ്കീർത്തനം 42:5-6 | സങ്കീർത്തനം 113:1-4 |
| ബുധൻ | സങ്കീർത്തനം 42:7-11 | സങ്കീർത്തനം 113:5-9 |
| വ്യാഴം | സങ്കീർത്തനം 116:1-3 | സങ്കീർത്തനം 116:4-8 |
| വെള്ളി | സങ്കീർത്തനം 116:9-12 | സങ്കീർത്തനം 116:13-15 |
| ശനി | സങ്കീർത്തനം 116:16-17 | * |

# യൂണിറ്റ് നാല്
# എന്റെ പള്ളി

## പാഠം പതിനാറ്
## വി. ത്രോണോസ്

**മുഖ്യസന്ദേശം:** ത്രോണോസ് ത്രിയേക ദൈവത്തിന്റെ സിംഹാസനമാണ്. അദൃശ്യനായ ദൈവം എഴുന്നള്ളി ഈ സിംഹാസനത്തിൽ ആരൂഢനാകുന്നു. ദേവാലയത്തിലെ ആരാധനയ്ക്ക് അദ്ധ്യാത്മിക ജീവിതത്തിൽ പ്രഥമ സ്ഥാനം നൽകണം.

**മനഃപാഠവാക്യം:** "കുരുകിൽ ഒരു വീടും മീവൽപക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു. എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ, നിന്റെ യാഗപീഠങ്ങളെത്തന്നെ" (സങ്കീർത്തനങ്ങൾ 84:3).

**പഠനസഹായികൾ:** മദ്ബഹായുടെ ചിത്രം

### ആമുഖം

ഒരു പള്ളിയിലെ ഏറ്റം ശ്രദ്ധേയവും അതിപരിശുദ്ധവുമായ സ്ഥലമാണ് മദ്ബഹ. 'ക്ദുശ്കുദ്ശിൻ' (അതിവിശുദ്ധ സ്ഥലം), 'ബെത്കുദ്ശോ' (വിശുദ്ധസ്ഥലം) എന്നീ പേരുകളിൽ 'മദ്ബഹ' അഥവാ 'ബലിപീഠം' സ്ഥിതി ചെയ്യുന്ന സ്ഥലം അറിയപ്പെടുന്നു. മദ്ബഹായുടെ കേന്ദ്രസ്ഥാനം ത്രോണോസ് ആണ്. ദേവാലയത്തിലെ എല്ലാ ആരാധനകളും മദ്ബഹാ കേന്ദ്രീകൃതമാണ്. യെറുശലേം ദേവാലയത്തിന്റെ അതിവിശുദ്ധസ്ഥലം പോലെയാണ് മദ്ബഹായും ത്രോണോസും. ത്രോണോസിനെക്കുറിച്ചുള്ള ചില വിശദീകരണങ്ങളാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

വി. ദേവാലയത്തിൽ ആരാധനയ്ക്കായി നാം പോകുമ്പോൾ നമ്മുടെ മനസ്സിൽ സന്തോഷം നൽകുന്ന ഒരു കാര്യമാണ് വിരിച്ചൊരുക്കിയ മനോഹരമായ ത്രോണോസ്. മദ്ബഹായിലെ ഒരോ വസ്തുവും നമ്മേ ദൈവോന്മുഖരാക്കുവാൻ സഹായിക്കുന്നതാണ്. അതിന്റെ സൗന്ദര്യം വാക്കുകളിൽ ഒതുങ്ങുന്നതല്ല. ദൈവത്തിന്റെ സൗന്ദര്യം നമുക്ക് വർണ്ണിക്കുവാനാകുമോ? ഒരിക്കലുമില്ല. എന്നാൽ ദൈവസൗന്ദര്യം അനുഭവിക്കുവാൻ കഴിയും. അതുപോലെയാണ് ത്രോണോസിന്റെ സൗന്ദര്യവും. ത്രോണോസിന്റെ അർത്ഥവും സൗന്ദര്യവും അനുഭവിച്ചറിയുവാൻ നമുക്ക് ശ്രമിക്കാം.

ത്രോണോസ് എന്നത് ഗ്രീക്ക് പദമാണ്. ചില ഗ്രീക്ക് പദങ്ങൾ അതേപോലെ തന്നെ സുറിയാനിയിൽ ഉപയോഗിക്കുന്നുണ്ട്. സുറിയാനിയിലും ത്രോണോസ് എന്ന പദം തന്നെയാണ് ഉപയോഗിക്കുന്നത്. 'ത്രോണോസ്' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'സിംഹാസനം' എന്നാണ്. ത്രോണോസ് ത്രിയേക ദൈവത്തിന്റെ സിംഹാസനമാണ്. മലയാളത്തിൽ ബലിപീഠം എന്നും കൂടെ പറയുന്നുണ്ട്.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ വി. കുർബ്ബാന അർപ്പിക്കുന്നതും ധൂപം അർപ്പിക്കു

ന്നതും ബലിപീഠത്തിലാണ്. ആരാധിക്കുന്ന വിശ്വാസിസമൂഹത്തിന് അദൃശ്യനായ ദൈവം തന്റെ സാന്നിദ്ധ്യം വെളിവാക്കുന്ന ഭൗമിക ദൃശ്യസ്ഥാനമാണ് വി. ത്രോണോസ്. വി. ത്രോണോസിൽ മാത്രമേ വി. കുർബ്ബാന അർപ്പിക്കുവാൻ കഴിയുകയുള്ളു. തബ്‌ലൈത്താ യിലും വി. കുർബ്ബാന അർപ്പിക്കുന്നു. കാസായും പീലാസയും പ്രതിഷ്ഠിക്കുന്ന കൂദാശ ചെയ്ത പലകയാണ് തബ്‌ലൈത്താ. വി. ത്രോണോസിന് ബലിപീഠം, ബലിവേദി എന്നൊക്കെ വിശേഷിപ്പിക്കാറുണ്ട്. നമ്മുടെ കർത്താവിന്റെ തിരുബലി കൂദാശാപരമായി ത്രോണോസിൽ അർപ്പിക്കപ്പെടുന്നതിനാൽ ത്രോണോസിനെ ബലിപീഠമെന്നു വിളിക്കുന്നു.



തബലൈത്താ പലക

ദൈവിക സിംഹാസനമായും ഗോഗുൽത്തായായും കർത്താവിന്റെ കുരിശായും കർത്താവിന്റെ തന്നെ പ്രതീകമായും ത്രോണോസ് ചിത്രീകരിക്കപ്പെടുന്നു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ത്രോണോസിനെ കർത്താവിന്റെ കബറായും കാണുന്നു.

ആദിമകാലത്ത് ഒരു മേശപോലെ നാലടി ഉയരം ആറടി നീളം മൂന്നരയടി വീതിയിൽ തടിയിലായിരുന്നു വി. ത്രോണോസ് പണിഞ്ഞിരുന്നത്. ഇപ്പോൾ കല്ലിൽ പണിയുന്നു. മെഴുകുതിരികാലുകൾ വയ്ക്കുവാൻ മൂന്ന് സ്റ്റെപ്പുകൾ കൂടെ ത്രോണോസിൽ പണിയുന്നു. (ത്രോണോസിൽ തബ്‌ലൈത്താ ഇരിക്കുന്ന ചിത്രം കാണിക്കുക. വിരിക്കൂട്ട് ഉൾപ്പെടെയുള്ള ചിത്രം).

വി. ത്രോണോസിൽ എന്തൊക്കെ വയ്ക്കാമെന്നാണു ഓർത്തഡോക്സ് പാരമ്പര്യം പറയുന്നത്? ഒരു കുരിശ്, മെഴുകുതിരികൾ, തബ്‌ലൈത്ത, കാസാ പീലാസാ, കുർബ്ബാന തക്സ എന്നിവയാണ് വി.ത്രോണോസിൽ വയ്ക്കുവാൻ കഴിയുന്നത്.

നമ്മുടെ പള്ളികളിൽ മൂന്ന് ത്രോണോസുകൾ എന്തിനാണ് നിർമ്മിക്കുന്നത്? ഒരു ത്രോണോസിൽ ഒരു ദിവസം ഒരു കുർബ്ബാന മാത്രമേ നടത്തുകയുള്ളു. ഒരു ദിവസം തന്നെ ഒന്നിൽ കൂടുതൽ വി. കുർബ്ബാന അർപ്പിക്കേണ്ടി വരുമ്പോഴും വി. മൂന്നിന്മേൽ കുർബ്ബാനയ്ക്കുമായാണ് മൂന്നു ത്രോണോസുകൾ നിർമ്മിക്കുന്നത്. ഇത് മലങ്കരസഭയിൽ മാത്രമുള്ള ഒരു രീതിയാണ്.

വി. ത്രോണോസ് വിരിച്ചൊരുക്കിയിരിക്കുന്ന വിരികളെക്കുറിച്ച് ശ്രദ്ധിക്കുക. പ്രധാനമായും രണ്ടു തരം വിരികൾ കൊണ്ടാണ്-ചിത്തോല, വിരിക്കൂട്ട് എന്നിവയാലാണ് ത്രോണോസ് വിരിച്ചൊരുക്കിയിരിക്കുന്നത്. വി. ത്രോണോസിന്റെ മുൻഭാഗം മുഴുവൻ മൂടി നിൽക്കുന്നതാണ് ചിത്തോല. സാധാരണ മുന്നു ഘണ്ഡങ്ങൾ ചേർത്താണ് ചിത്തോല നെയ്തെടുക്കുന്നത്. ത്രോണോസിന്റെ മദ്ധ്യഭാഗത്ത് വിരിക്കുന്നതാണ് വിരിക്കൂട്ട്. ഈ രണ്ടു വിരികളുടെയും മദ്ധ്യഭാഗത്ത് വെള്ള നിറവും അതിനുതാഴെ പച്ചനിറവും അതിനു താഴെ ചുവപ്പു നിറവുമുള്ള മൂന്നു തുണിക്കഷണങ്ങൾ ഒന്നിനുമേൽ ഒന്നായി തുന്നിപ്പിടിപ്പിച്ചിരിക്കും.

ഈ മൂന്നു നിറങ്ങൾക്കും ഏതെങ്കിലും പ്രത്യേകതകൾ ഉണ്ടോ? ചുവപ്പു നിറം പ്രപഞ്ചത്തിന്റെയും പച്ചനിറം ഭൂമിയുടെയും വെള്ളനിറം വിശുദ്ധ സഭയുടെയും പ്രതീകമാണ്. വി. ബലി പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും ഒന്നു ചേർന്നുള്ള ഒരു അർപ്പണമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

പട്ടക്കാരൻ ദർഗായിൽ കയറി നിൽക്കുന്നു എന്നു വി. കുർബ്ബാനക്രമത്തിൽ കാണുന്നു. അത് എന്താണെന്നറിയാമോ? ത്രോണോസിന്റെ ചുവട്ടിലെ ചവിട്ടുപടിയ്ക്കാണ് (പടി) ദർഗാ എന്നു പറയുന്നത്. വി. കുർബ്ബാനയുടെ രണ്ടാം ഭാഗം തുടങ്ങുമ്പോൾ പുരോഹിതൻ ദർഗായിൽ കയറും.



വി. ത്രോണോസ്



ചിത്തോല



കബിലാനാ, വിരിക്കൂട്ട്

## നമുക്ക് പാടാം

വിശ്വാസത്താലേ വാങ്ങിപ്പോയോരെ
പ്രാർത്ഥിച്ചീടുമ്പോ-ളോർത്തീടേണം നാം
ആശ്വാസം നിത്യം-പ്രാപിച്ചീടാനായ്
ത്രോണോസ്സിന്മേൽ പേ-രോർത്തീടേണം നാം
ഹാലേലുയ്യാ-ഹാലേലുയ്യാ
ജീവിപ്പിക്കുന്നോൻ-നാഥാ സ്തോത്രം തേ.

## നമുക്ക് പ്രാർത്ഥിക്കാം

സ്വർഗ്ഗീയ മഹോന്നതങ്ങളിൽ ഇരിക്കുന്ന ദൈവമേ, അവിടുന്ന് വിശുദ്ധ മാലാഖമാരുടെ സ്തുതിഗീതങ്ങളിൽ പ്രസാദിക്കുന്നവനാണല്ലോ. അങ്ങയുടെ മഹത്വം കാണുവാൻ ഞങ്ങളുടെ ആന്തരിക കണ്ണുകളെ അവിടുന്ന് തുറക്കണമേ. ആമ്മീൻ.

## നമുക്ക് ചിന്തിക്കാം

1. ത്രോണോസ് എന്ന പദത്തിന്റെ അർത്ഥം എന്ത്?
2. ത്രോണോസിന് ഓർത്തഡോക്സ് സഭ അതുല്യ സ്ഥാനം നൽകുന്നതെന്തുകൊണ്ട്?
3. ത്രോണോസിന്റെ വിവിധ അർത്ഥതലങ്ങൾ ഏവ?
4. ത്രോണോസിനെ മൂടുന്ന വിരികൾ ഏവ?
5. ത്രോണോസിന്റെ വിരിയുടെ നിറങ്ങൾ ഏവ? അവയുടെ അർത്ഥം എന്ത്?

## നമുക്ക് പ്രവർത്തിക്കാം

### പദപ്രശ്നം

| | | | |
|---|---|---|---|
| 1 | 2 | | 3 |
| | 4 | | |
| | | | |
| | | 5 | |
| 6 | | | 7 |
| 8 | | | |
| | | | |
| | | | |
| 9 | | | |

**താഴോട്ട്**

1. സ്വർഗ്ഗീയ വിരുന്നു മേശ
2. ധൂപാർപ്പണത്തിന് ഉപയോഗിക്കുന്ന ഉപകരണം (നാല് അക്ഷരം)
3. ത്രോണോസ് വിരി
4. തിരുരക്തം ഉൾക്കൊള്ളുന്ന ഉപകരണം (രണ്ട് അക്ഷരം)
7. ത്രോണോസിന്റെ അർത്ഥം (നാല് അക്ഷരം)

**വലത്തോട്ട്**

4. സഭയുടെ ചെറിയ യൂണീറ്റ് (രണ്ട് അക്ഷരം)
6. തിരുശരീരം ഉൾക്കൊള്ളുന്ന ഉപകരണം (മൂന്ന് അക്ഷരം)
8. ബലി കഴിക്കുന്ന സ്ഥലം
9. ഈ ഉപകരണം ഇല്ലാതെ വി. കുർബ്ബാന അർപ്പിക്കാനാകില്ല (നാല് അക്ഷരം)

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | സംഖ്യ 9:15-23 |
| തിങ്കൾ | പുറപ്പാട് 33:7-11 | യശയ്യാ 55:1-3 |
| ചൊവ്വ | പുറപ്പാട് 40:17-20 | യശയ്യാ 55:4-8 |
| ബുധൻ | പുറപ്പാട് 40:21-25 | യശയ്യാ 55:9-11 |
| വ്യാഴം | പുറപ്പാട് 40:26-29 | യശയ്യാ 55:12-13 |
| വെള്ളി | പുറപ്പാട് 40:30-33 | 2 ദിനവൃത്താന്തം 7:1-5 |
| ശനി | പുറപ്പാട് 40:34-38 | * |

# യൂണിറ്റ് നാല്

# എന്റെ പള്ളി

പാഠം പതിനേഴ്

## പള്ളി ഉപകരണങ്ങൾ

**മുഖ്യസന്ദേശം:** മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള മനുഷ്യാവതാരം ചെയ്ത ദൈവ പുത്രന്റെ കുരിശിലുള്ള യാഗം കുരിശിന് പുതിയ അർത്ഥം നൽകി. കുരിശിനെ ആദര വോടെ ഓർത്തഡോക്സ് സഭ കാണുന്നു. കുരിശ് യേശുക്രിസ്തുവിന്റെ പ്രതീകം ആകുന്നു. ലോകത്തിന് നിത്യപ്രകാശമായ യേശുവിന്റെ പ്രതീകമാണ് കത്തുന്ന മെഴുകു തിരി. കത്തുന്ന മെഴുകുതിരിയിലൂടെ പ്രകാശങ്ങളുടെ ഉത്ഭവമായ ദൈവത്തെ ധ്യാനിക്കു വാനും ആ പ്രകാശധാരയിലേക്ക് നമ്മുടെ ചിന്തകളെയും ആലോചനകളെയും നയിക്കു വാനും കഴിയും.

**മനഃപാഠവാക്യം:** "കുരിശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷി ക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു" (1 കൊരിന്ത്യർ 1:18).

**പഠന സഹായികൾ:** കുരിശിലെ യാഗത്തിന്റെ ചിത്രം, കത്തുന്ന മെഴുകുതിരിയുടെ ചിത്രം, വി വേദപുസ്തകം.

### ആമുഖം

എല്ലാവർക്കും കുരിശുവരയ്ക്കാനറിയാമല്ലോ? (എല്ലാവരും ചേർന്ന് ഭംഗിയായി കുരിശു വരയ്ക്കുക). കുരിശുവരയ്ക്കുമ്പോൾ നാം ആരെയാണ് ഓർക്കുന്നത്? യേശുവി നെയും തന്റെ ക്രൂശുമരണത്തെയുമാണ് നാം ഓർക്കുന്നത്. കുരിശുവരയ്ക്കുന്നത് നമുക്ക് എത്ര അനുഗ്രഹകരമാണ്. നമ്മുടെ ആരാധനയിൽ ഉപയോഗിക്കുന്ന ഒരു പ്രധാന ഉപക രണമാണ് കുരിശ്. അതുപോലെ പ്രധാന്യമുള്ള ഒന്നാണ് മെഴുകുതിരി. ഇവ കൂടാതെ ധാരാളം ഉപകരണങ്ങൾ വി. ആരാധനയിൽ നാം ഉപയോഗിക്കുന്നുണ്ട്.

വി. ദൈവാലയത്തിൽ ആരാധനയ്ക്കായി ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളെ ക്കുറിച്ചുമുള്ള അറിവ് നമുക്ക് ആവശ്യമാണ്. ആരാധനയുടെ പ്രാധാന്യവും അർത്ഥവും ആരാധനയിലുള്ള സജീവമായ പങ്കാളിത്വവും ഉറപ്പുവരുത്തുവാൻ ഈ പഠനം കൂടിയെ തീരു. നമ്മുടെ ദൈവാലയവും അതിനുള്ളിലെ വിശുദ്ധ വസ്തുക്കളും എത്ര സുന്ദരവും അതിലേറെ എത്ര അർത്ഥ സമ്പുഷ്ടവുമാണെന്ന് നിങ്ങൾക്കറിയാമോ? ഇവയിൽ *കുരിശ്*, *മെഴുകുതിരി* ഇവയെക്കുറിച്ച് വിശദമായി ഇന്നു നമുക്ക് പഠിക്കാം.

### പാഠഭാഗം

**1. കുരിശ്**

മരിച്ച് ഉയിർത്തേഴുന്നേറ്റ യേശുക്രിസ്തുവിന്റെ പ്രതീകമാണ് കുരിശ്. പ്രതീകങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്ന പാരമ്പര്യമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളത്. പ്രതീകങ്ങൾ രൂപങ്ങളോ വിഗ്രഹങ്ങളോ അല്ല. യേശുക്രിസ്തുവിലൂടെ പൂർണ്ണമാകപ്പെട്ട

ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തനങ്ങളെ പരിമിതിയുള്ള മനുഷ്യചിന്തകൾക്ക് പ്രാപ്യ മാക്കിത്തീർക്കുകയെന്നതാണ് പ്രതീകങ്ങളുടെ ഉപയോഗം. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തന്റെ കുരിശുമരണത്തിലൂടെയും പുനരുത്ഥാനത്തിലുടെയും മനുഷ്യർക്ക് രക്ഷ സൗജന്യമായി നൽകി. ആയതിനാൽ ഏതൊരു ആരാധനയ്ക്കും ഒരു കുരിശ് അനി വാര്യമാണ്. ക്രൂശിത രൂപമില്ലാത്ത കുരിശാണ് മലങ്കര ഓർത്തഡോക്സ് സഭ ഉപയോഗി ക്കുന്നത്. ക്രൂശിൽ മരിച്ച ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാലാണിത്.

നാലാം നൂറ്റാണ്ട് വരെ സഭയുടെ ആരാധനയിൽ കുരിശ് ഉപയോഗിച്ചിരുന്നില്ല. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മതപരിവർത്തനത്തോടെ ക്രിസ്തുമതം പീഢകളിൽ നിന്നും വിമുക്തമാവുകയും ഔദ്യോഗിക മതമായിത്തീരുകയും ചെയ്തു. എ.ഡി 345-ൽ ഹെലനി രാജ്ഞി യെറുശലേമിൽ കർത്താവിന്റെ കുരിശ് കണ്ടെത്തുകയും ചെയ്തതോടു കൂടി കുരിശിന്റെ പ്രാധാന്യം വർദ്ധിച്ചു. ക്രിസ്ത്യാനികൾക്ക് ആരാധനാ സ്വാതന്ത്ര്യം ഉണ്ടായതോടുകൂടി പള്ളികൾ സ്ഥാപിക്കപ്പെട്ടു. ആരാധന വളർന്നു. ആരാധനയിൽ കുരിശ് ഉപയോഗിക്കുന്ന പാരമ്പര്യം നിലവിൽ വന്നു.

മനുഷ്യകുലം രക്ഷിക്കപ്പെട്ടത് ദൈവപുത്രന്റെ കുരിശുമൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതാകുന്നു. കുരിശിലൂടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങളാണ് ഓർക്കപ്പെടുന്നത്. കാരണം മനുഷ്യാവതാര രഹസ്യങ്ങളുടെ പൂർത്തീകരണം കുരിശു മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയുമാണ് സംഭവിച്ചത്. കുരിശിനെ ധ്യാനിക്കു മ്പോൾ കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനെ ധ്യാനിക്കുന്നു. അല്ലാതെ പൊന്ന്, വെള്ളി, തടി, കല്ല് മുതലായവ കൊണ്ടുണ്ടാക്കിയ കുരിശ് എന്ന രൂപത്തെയല്ല. കുരിശിനെ ധ്യാനിക്കുന്നതും വന്ദിക്കുന്നതും വിഗ്രഹാരാധനയായി തെറ്റിദ്ധരിക്കാതെ അനുഗ്രഹമായി കാണണം. അന്യദൈവങ്ങളുടെ ബിംബങ്ങളെ ഉണ്ടാക്കുകയും ആരാധിക്കുകയും ചെയ്യരു തെന്നാണ് (പുറപ്പാട് 20:4,5) ദൈവകൽപ്പന അനുശാസിക്കുന്നത്. വേദപുസ്തകസംഭവ ങ്ങളുടെ ഓർമ്മയ്ക്കും അറിവിനും വിശ്വാസികളെ സജീവമായി ആരാധനയിൽ പങ്കെടു പ്പിക്കുവാനും ഉപയോഗിക്കുന്ന പ്രതികങ്ങൾ ഒരു കാരണവശാലും ബിംബങ്ങളാവുകയില്ല.

കുരിശ് സമാധാനത്തിന്റെയും വിജയത്തിന്റെയും രക്ഷയുടെയും അടയാളമാകുന്നു. കുരിശ് സാത്താനെതിരായ ആയുധമാകുന്നു. നാം നമ്മുടെ കാവലിനും രക്ഷയ്ക്കും വേണ്ടി മശിഹായുടെ കുരിശിൽ സങ്കേതപ്പെടണമെന്നും കുരിശിനെ എല്ലായ്പ്പോഴും നമ്മിൽ വഹിക്കണമെന്നും, ഓർക്കുവാനായി കുരിശിന്റെ അടയാളം നമ്മിൽ വരയ്ക്കേ ണ്ടതാകുന്നു (വി. മത്തായി 16:24; ഗലാത്യർ 6:14; 1 കൊരിന്ത്യർ 1:18; എബ്രായർ 13:13).

## പഴയനിയമ സൂചനകൾ

1. പറുദീസായിലെ ജീവവൃക്ഷം (ഉൽപ്പത്തി 2:9; വെളിപാട് 22:2)
2. നോഹയുടെ പെട്ടകം (ഉല്പത്തി 6:9-21; 7:23)
3. ഇസഹാക്ക് ചുമന്ന വിറക് (ഉല്പത്തി 22:6)
4. യാക്കോബ് കണ്ട ഏണി (ഉല്പത്തി 28:12,13)
5. മോശയുടെ ഉയർന്ന കൈ (പുറപ്പാട് 17:8-16)
6. യാക്കോബിന്റെ വടി (ഉല്പത്തി 32:11)
7. മരുഭൂമിയിലെ പിച്ചളസർപ്പം (സംഖ്യ 21:4-9)

### 2. മെഴുകുതിരി

ദൈവാലയത്തിൽ വിശുദ്ധ ത്രോണോസിൽ വലിയ മെഴുകുതിരികൾ കത്തിച്ചുവയ്ക്കുന്നത് കണ്ടിട്ടുണ്ടല്ലോ? എന്തെല്ലാമാണ് മെഴുകുതിരിയുടെ പ്രത്യേകതകൾ? പഴയനിയമ കാലത്ത് എണ്ണയുപയോഗിച്ചുള്ള നിലവിളക്കുകൾ യെറുശലേം ദേവാലയത്തിൽ ഉപയോഗിച്ചിരുന്നു. മലങ്കരയിലെ ദൈവാലയങ്ങളിലും നിലവിളക്കുകൾ ഇപ്പോഴും ഉപയോഗത്തിലുണ്ട്. എന്നാൽ കാലക്രമത്തിൽ സൗകര്യപ്രദമായി ത്രോണോസിലും മറ്റും വയ്ക്കത്തക്കവണ്ണം മെഴുകുതിരി ഉപയോഗത്തിൽ വന്നു. പതിനൊന്നാം നൂറ്റാണ്ടിന് മുമ്പ് ത്രോണോസിൽ മെഴുകുതിരി ഉപയോഗിച്ചിരിക്കുന്നതായി രേഖകൾ ഇല്ല. നിലവിളക്കോ മെഴുകുതിരിയോ അല്ല ഇവിടെ ചിന്താവിഷയം പിന്നെയോ വെളിച്ചമാണ്.

എല്ലാ പ്രാചിന മതങ്ങളും പ്രകാശത്തെ ദൈവപ്രതീകമായി കാണുന്നു. യേശുക്രിസ്തു താൻ ലോകത്തിന്റെ പ്രകാശമാകുന്നുവെന്ന് അരുൾചെയ്തു (വി.യോഹ. 8:12) തന്നെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കുകയില്ലായെന്ന് ഓർമ്മപ്പെടുത്തുന്നു. കർത്താവിന്റെ ജനനത്തിൽ അന്ധകാരത്തിൽ ഇരുന്ന ജനം വലിയ വെളിച്ചം കണ്ടു (വി.മത്തായി 4:16). വെളിച്ചം ഇരുളിനെ ഇല്ലാതാക്കുന്നു. എല്ലാത്തിനെയും പ്രകാശിപ്പിക്കുന്നു. ക്രിസ്തു തന്നെത്തന്നെ വെളിച്ചമായി അവതരിപ്പിക്കുന്നതിനാൽ വെളിച്ചത്തിന്റെ ആലയമായ ദൈവാലയം വെളിച്ചമുള്ളതായിരിക്കണം. ആദിമകാലം മുതല തന്നെ വിളക്കുകൾ ആരാധനയുടെ ഭാഗമായിരുന്നു (പുറ. 40:4). നമ്മുടെ കുർബ്ബാനകളിൽ ത്രോണോസിന് ഇടത്തും വലത്തുമായി രണ്ട് മെഴുകുതിരികളെങ്കിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു.

പാപത്തിന്റെ അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്ക് തിരിയണമെന്ന ഓർമ്മപ്പെടുത്തലാണു മെഴുകുതിരിയുടെ സന്ദേശം. ദൈവം നമ്മുടെ പ്രകാശവും രക്ഷയുമാകുന്നു (സങ്കീ. 27:1) വെന്ന സന്ദേശവും നൽകുന്നു. വെളിച്ചമായ യേശുവിലൂടെ നാം വെളിച്ചം കാണുന്നു. ഇതാണല്ലോ വി. കുർബ്ബാന പരസ്യയമായി ആരംഭിക്കുന്നതിന് മുമ്പ് നാം ആലപിക്കുന്ന ഗാനം. ഈ സമയത്താണ് ത്രോണോസിൽ ശുശ്രൂഷകൻ തിരികൾ കത്തിക്കുന്നത്; ആദ്യം ഇടത്തും പിന്നെ വലത്തും. നമ്മുടെ പള്ളികളിലെ ത്രോണോസിൽ പന്ത്രണ്ട് മെഴുകുതിരികൾ കാണുന്നു. പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ പ്രതീകമാണെന്ന വ്യാഖ്യാനവും നിലനിൽക്കുന്നു.

### നമുക്ക് പാടാം

സ്ലീബാ വെന്നു വെല്ലുന്നു
സ്ലീബാ വിദ്വേഷിയെ വെന്നു
സ്ലീബായെ സാക്ഷിച്ചോർക്കായ്
സ്ലീബായാകട്ടെ കോട്ട.

വെളിവ് നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു
വെളിവിയടിയാരഖിലാധാരമതാം വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ താതൻ
കതിരെ ശോഭിപ്പിക്കെന്നും.

## നമുക്ക് പ്രാർത്ഥിക്കാം

തന്റെ സ്ലീബായാൽ ഞങ്ങളെ രക്ഷിച്ച് കർത്താവേ, അങ്ങയുടെ സ്ലീബായിൽ പുകഴുവാനും പ്രശംസിക്കുവാനും ഞങ്ങളെ സഹായിക്കണമേ. സാത്താന്റെ എല്ലാ വിരുദ്ധതകളിൽ നിന്നും നിന്റെ സ്ലീബായാൽ ഞങ്ങളെ കാത്തുകൊള്ളണമേ. സത്യപ്രകാശമായ യേശുവേ നിന്നിൽ നിത്യം ജീവിച്ച് മറ്റുള്ളവർക്ക് പ്രകാശമായിത്തീരുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ

## നമുക്ക് ചിന്തിക്കാം

1. കുരിശിന് പ്രധാന്യം നൽകിയ നാലാം നൂറ്റാണ്ടിൽ നടന്ന രണ്ട് സംഭവങ്ങൾ ഏതെല്ലാം?
2. കുരിശിനെ വന്ദിക്കുന്നത് ബിംബാരാധനയാണോ?
3. കുരിശിന് ഒരു ലഘുനിർവ്വചനം നൽകുക?
4. കുരിശിനെ സംബന്ധിച്ചുള്ള പഴയനിയമ സൂചനകൾ എവ?
5. മെഴുകുതിരിയുടെ വേദശാസ്ത്രം എന്ത്?
6. മെഴുകുതിരി നമുക്ക് നൽകുന്ന സന്ദേശം എന്ത്?

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ഗലാത്യർ 6:14-16 |
| തിങ്കൾ | ഉല്പത്തി 6:9-21 | യോഹന്നാൻ 8:12-14 |
| ചൊവ്വ | ഉല്പത്തി 22:6 | മത്തായി 5:13-16 |
| ബുധൻ | ഉല്പത്തി 28:1-13 | മത്തായി 4:12-10 |
| വ്യാഴം | പുറപ്പാട് 12:8-16 | 1 കൊരിന്ത്യർ 1:7-19 |
| വെള്ളി | ഉല്പത്തി 32:11 | മർക്കോസ് 8:34-36 |
| ശനി | സംഖ്യ 21:4-9 | * |

# യൂണിറ്റ് അഞ്ച്

# മഹത് വ്യക്തിപരിചയം

## പാഠം പതിനെട്ട്

## മാർ ബഹനാം സഹാദായും സഹോദരി സാറായും

**മുഖ്യസന്ദേശം:** സഹദേന്മാരുടെ രക്തം സഭയ്ക്ക് വിത്തായിത്തീർന്നു. Blood of the martyrs is the seed of the Church.

**മനഃപാഠവാക്യം:** "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (റോമ. 1:17).

### ആമുഖം

കഴിഞ്ഞ ക്ലാസുകളിൽ നമ്മൾ സഹദേന്മാരെക്കുറിച്ച് പഠിച്ചല്ലോ. അവരുടെ പേരുകൾ നിങ്ങൾ ഓർക്കുന്നുണ്ടോ? ശിശുസഹദേന്മാരും കുറിയാക്കോസ് സഹദയും. യേശുവിന്റെ ജനനത്തിനുശേഷം ഹേറോദേസ് രാജാവ് രണ്ട് വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ മുഴുവൻ കൊല്ലുവാൻ ഉത്തരവിട്ടു. അങ്ങനെ കൊല്ലപ്പെട്ട ശിശുക്കളെയാണ് 'ശിശുസഹദേന്മാർ' എന്നു വിളിക്കുന്നത്. ആദിമ നൂറ്റാണ്ടിൽ ക്രിസ്തുവിനുവേണ്ടി കൊല്ലപ്പെട്ട ഒരു സഹോദരനെയും സഹോദരിയെയും കുറിച്ചാണ് ഇന്നു നമുക്ക് പഠിക്കുവാനുള്ളത്.

### പാഠഭാഗം

പേർഷ്യയിലെ അശ്ശൂർ എന്ന രാജ്യത്തെ രാജാവായ സെൻഹരബിന്റെ മക്കളായിരുന്നു ബഹനാമും സാറായും. ഈ മക്കളെ കൊല്ലിച്ചത് പിതാവ് തന്നെയായിരുന്നു. ക്രിസ്തുവിശ്വാസികളോട് രാജാവിന് കഠിനമായ വെറുപ്പായിരുന്നു. രാജകൊട്ടാരത്തിലായിരുന്നുവെങ്കിലും സാറായ്ക്ക് കഠിനരോഗം പിടിപ്പെട്ടു. അത് അന്ന് ചികിത്സ ലഭ്യമല്ലാതിരുന്ന കുഷ്ഠരോഗമായിരുന്നു. ഇതുമൂലം അവർ വളരെ ദുഃഖിതരായിരുന്നു.

അങ്ങനെയിരിക്കെ ബഹനാമിന് ഒരു ദർശനമുണ്ടായി. അടുത്തുള്ള മലമുകളിൽ ഒരു താപസശ്രേഷ്ഠൻ താമസിക്കുന്നുണ്ട്. അദ്ദേഹത്തെ ചെന്നു കണ്ടാൽ സാറായെ സുഖപ്പെടുത്തുവാനാകുമെന്നായിരുന്നു ദർശനം. ബഹനാമും കൂട്ടുകാരും കൂടി മലമുകളിൽ ഒരു ആശ്രമത്തിൽ എത്തി. അവിടെ താമസിച്ചിരുന്നത് വിശുദ്ധനായ മത്തായിയായിരുന്നു. അദ്ദേഹത്തോട് ബഹനാൻ കാര്യങ്ങളെല്ലാം പറഞ്ഞു. യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞാൽ സാറാ സൗഖ്യമാകും എന്ന് അദ്ദേഹം അറിയിച്ചു. വിശുദ്ധനായ മത്തായി കൊട്ടാരത്തിലേക്ക് വന്നെങ്കിലും രാജാവിനെ ഭയപ്പെട്ടതിനാൽ രഹസ്യമായാണ് സാറായെ കാണാൻ സാധിച്ചത്. ഈ കാര്യത്തിൽ രാജ്ഞി മക്കളോടുകൂടി ചേർന്നുനിന്നു.

വിശുദ്ധനായ മത്തായി കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചു. അത്ഭുതകരമായി സാറായ്ക്ക് രോഗസൗഖ്യവും ലഭിച്ചു. രണ്ട് പേരും ഉടനെ തന്നെ യേശുക്രിസ്തുവിൽ വിശ്വസിച്ചു. വിശുദ്ധനായ മത്തായി അവർക്ക് മാമ്മോദീസാ നൽകുകയും ചെയ്തു. ബഹനാമിന്റെ ചില കൂട്ടുകാരും ക്രിസ്തുവിൽ വിശ്വസിച്ചു. ഈ സംഭവം രാജാവറിഞ്ഞു. മകൾക്ക് സൗഖ്യം ലഭിച്ചതിൽ സന്തോഷം ഉണ്ടാകുന്നതിനു പകരം അവർ ക്രിസ്തു വിശ്വാസികളായിത്തീർന്നതിനാൽ ഉഗ്രകോപം ഉണ്ടായി.

രാജാവ് മക്കളെ കൊട്ടാരത്തിൽ വിളിപ്പിച്ചു. ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിച്ച്, അവരുടെ പഴയ വിശ്വാസത്തിലേക്ക് തിരിയണമെന്നാവശ്യപ്പെട്ടു. എന്നാൽ മക്കൾ അതിനു തയ്യാറായില്ല. അവരെയും അവരോടൊപ്പം ക്രിസ്തുവിൽ വിശ്വസിച്ച ഏവരെയും കൊല്ലുവാൻ രാജാവ് കൽപ്പനയിട്ടു. പടയാളികൾ അവർ ഒരോരുത്തരേയും വധിച്ചു. അങ്ങനെ ബഹനാമും സാറായും ക്രിസ്തുവിന് വേണ്ടി രക്തസാക്ഷികളായി.

എന്നാൽ ഈ ക്രൂരത പ്രവർത്തിച്ചതിനുശേഷം സെൻഹരീബ് രാജാവിനും രാജ്യത്തിനും വളരെ കുഴപ്പങ്ങൾ ഉണ്ടായി. രാജാവിന്റെ സമനിലതെറ്റി ഭ്രാന്തനായി. രാജ്യത്ത് കലാപങ്ങൾ ഉണ്ടായി. ഈ സമയത്ത് രാജ്ഞി അപേക്ഷിച്ചതിനാൽ വിശുദ്ധനായ മത്തായി കൊട്ടാരത്തിലെത്തി. രാജാവിന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. രാജാവിന് സ്വബോധം തിരിച്ചുകിട്ടി. മക്കളെക്കൊന്നതിനാൽ വളരെ ദുഃഖിച്ചു. അനുതപിച്ച് പ്രാർത്ഥിച്ചു. അനുതാപം മൂലം രാജാവിന്റെ പാപങ്ങൾ മോചിക്കപ്പെടുമെന്ന് വി. മത്തായി അദ്ദേഹത്തെ ബോധിപ്പിച്ചു. പാപം ക്ഷമിക്കുന്ന സ്നേഹവാനായ ക്രിസ്തുവിൽ രാജാവും രാജ്ഞിയും വിശ്വസിച്ച് അവർ മാമോദീസായേറ്റു വിശ്വാസത്തിലേക്ക് വന്നു.

രക്തസാക്ഷികളായ തന്റെ മക്കൾക്ക് (ബഹനാമിനും സാറായ്ക്കും) വേണ്ടി ഒരു സ്മാരക കൊട്ടാരവും അതിനോട് ചേർന്ന് ഒരു ദേവാലയവും പണിതു. സെദ്ഗുദാ ആശ്രമം എന്ന് അത് ഇപ്പോഴും അറിയപ്പെടുന്നു. രക്തസാക്ഷികളാകുമ്പോൾ ബഹനാമിന് 25 വയസും സാറായ്ക്ക് 20 വയസ്സുമായിരുന്നു. അവർ രക്തസാക്ഷികളായെങ്കിലും രാജാവും രാജ്ഞിയും പ്രജകളുമെല്ലാം ക്രിസ്തീയ വിശ്വാസത്തിലേക്ക് വരുവാൻ അതു കാരണമായി.

## നമുക്ക് പാടാം

ഭാഗ്യം നിബിയർക്കും ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും പുനരുത്ഥാനദിനേ.

ഒരുപോലിങ്ങും മാർ ബഹനാംസഹദാ
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥനനിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായി.

## നമുക്ക് പ്രാർത്ഥിക്കാം

ഒരാൾ: വിശുദ്ധനായ മാർ ബഹനാംസഹദാ!
എല്ലാവരും: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഒരാൾ: വിശുദ്ധന്മാരായ സഹദേന്മാരേ!
എല്ലാവരും: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഒരാൾ: വിശുദ്ധയായ മാതാവേ!
എല്ലാവരും: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഒരാൾ: വിശുദ്ധനായ പരുമല തിരുമേനി!
എല്ലാവരും: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

..........................................

**നിശ്ചയം**

ബഹനാ സഹദായുടെയും സാറായുടെയും മദ്ധ്യസ്ഥതയിൽ ഞങ്ങൾ അഭയം തേടുന്നു

## നമുക്ക് ചിന്തിക്കാം

1. സാറായുടെ സഹോദരൻ ആരായിരുന്നു?
2. പേർഷ്യയിലെ അസൂർ രാജാവിന്റെ പേരെന്താണ്?
3. സാറായെ സൗഖ്യമാക്കിയ വിശുദ്ധൻ?
4. മക്കളെകൊല്ലിച്ച രാജാവിന് എന്ത് രോഗമാണ് വന്നത്?
5. എങ്ങനെയാണ് രാജാവിന് സ്വബോധം തിരിച്ചുകിട്ടിയത്?
6. രക്തസാക്ഷികളാവുമ്പോൾ ബഹനാനും സാറായ്ക്കും എത്ര വയസ്സായിരുന്നു?
7. രാജാവും രാജ്ഞിയും പ്രജകളും എങ്ങനെ ക്രിസ്തീയ വിശ്വാസത്തിലേക്ക് എത്തി ച്ചേർന്നു?

## പ്രവർത്തനങ്ങൾ

1. മക്കളെ കൊല്ലിച്ചത് എന്തുകൊണ്ട്? ശരിയായത് അടയാളപ്പെടുത്തുക.
   a) കുഷ്ഠരോഗമായിരുന്നതുകൊണ്ട്.
   b) അവർ ക്രിസ്തു വിശ്വാസികളായിതീർന്നതിനാൽ.
   c) അവർ ക്രിസ്തു വിശ്വാസികളല്ലായിരുന്നതിനാൽ.
   d) അവർ രാജ്യദ്രോഹികളായിത്തീരുന്നതുകൊണ്ട്.
2. സാറായ്ക്ക് രോഗം എങ്ങനെ സൗഖ്യമായി?
   a) മരുന്ന് കഴിച്ചിട്ട്.
   b) വി. മത്തായി തൊട്ട് സൗഖ്യമാക്കി.
   c) യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതുകൊണ്ട്.
3. രാജാവും രാജ്ഞിയും എങ്ങനെ ക്രിസ്ത്യാനികളായി?
   a) രാജ്യത്ത് കലാപമുണ്ടായതുകൊണ്ട്.
   b) രാജാവിന് ഭ്രാന്ത് പിടിപെട്ടതുകൊണ്ട്.
   c) വി. മത്തായി രാജാവിന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ച് സൗഖ്യമാക്കിയതു കൊണ്ട്.
4. രാജാവ് ഒരു സ്മാരക കൊട്ടാരവും അതിനോട് ചേർന്ന് ഒരു ദേവാലയവും പണി തതും എന്തിനാണ്?
   a) രക്തസാക്ഷികളായ തന്റെ മക്കളുടെ സ്മരണ നിലനിർത്തുവാൻ.
   b) രാജാവിന് സ്വബോധം തിരിച്ചുകിട്ടിയ സന്തോഷത്തിന്.
   c) രാജാവ് മാമോദീസാ ഏറ്റതുകൊണ്ട്.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | എബ്രായർ 11:1–4 |
| തിങ്കൾ | എബ്രായർ 11:5–7 | എബ്രായർ 11:8–12 |
| ചൊവ്വ | എബ്രായർ 11:13–16 | എബ്രായർ 11:17–19 |
| ബുധൻ | എബ്രായർ 11:20–26 | എബ്രായർ 11:27–29 |
| വ്യാഴം | എബ്രായർ 11:30–36 | എബ്രായർ 11:37–40 |
| വെള്ളി | എബ്രായർ 10:32–35 | എബ്രായർ 11:36–39 |
| ശനി | യോഹയർ 15:22–17 | * |

പാഠം പത്തൊൻപത്

# മർത്തശ്ശ്മുനിയും ഏഴുമക്കളും

**മുഖ്യസന്ദേശം:** സത്യവിശ്വാസത്തിനുവേണ്ടി മരിച്ച വിശ്വാസികളാണ് സഭയുടെ വളർച്ചയ്ക്ക് കാരണമായിട്ടുള്ളത്. ഇപ്രകാരം രക്തസാക്ഷിത്വം വഹിച്ചവരാണ് മർത്തശ്മുനി അമ്മയും ഏഴു മക്കളും.

**മനഃപാഠവാക്യം:** "പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ. അവന്റെ ശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ." (സദൃ. 20:7)

## ആമുഖം

നാം ഏതു സഹദായെക്കുറിച്ചാണ് നേരത്തെ പഠിച്ചിട്ടുള്ളത്? മാർ കുറിയാക്കോസ് സഹദായെക്കുറിച്ച്. കുറിയാക്കോസ് സഹദായേയും അമ്മയേയും കൊന്നത് ഡയോക്ലീഷൻ എന്ന രാജാവായിരുന്നുവല്ലോ. കുറിയാക്കോസ് സഹദായ്ക്ക് അന്ന് മൂന്നു വയസ്സേ ഉണ്ടായിരുന്നുള്ളു. രാജാവ് ആരാധിക്കുന്ന ദേവീദേവന്മാരെ ആരാധിക്കാതെ ക്രിസ്തുവിനെ ഏറ്റുപറഞ്ഞതുകൊണ്ടാണ് അവരെ കൊന്നത്. ക്രിസ്തുവിനെ ഏറ്റുപറയുകയും പിന്തുടരുകയും ചെയ്തവർക്ക് എല്ലാക്കാലവും മറ്റു മതവിശ്വാസികളായ ഭരണാധികാരികളിൽ നിന്ന് പീഡകളും മരണവും ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്.

## പാഠഭാഗം

നിങ്ങൾക്കറിയാവുന്ന വിശുദ്ധന്മാരുടെ പേരുകൾ പറയാമോ? തോമാശ്ലീഹാ, ഗീവർഗീസ് സഹദാ, പരുമല തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, നോഹ, അബ്രഹാം, ഇസഹാക്ക്, യാക്കോബ്. ഇവരെ നമുക്ക് ക്രിസ്തുവിനുമുമ്പും പിമ്പുമുള്ള വിശുദ്ധന്മാരായി തരംതിരിക്കാം. ഇവരെല്ലാം ദൈവഭക്തരായി വിശ്വാസ ജീവിതം നയിച്ച്, ദൈവത്തിനുവേണ്ടി ജീവിതം കാഴ്ചവെച്ചവരാണ്. ആ കൂട്ടത്തിൽ ഒരു വിശുദ്ധയായ അമ്മയും അവരുടെ ഏഴു മക്കളുമുണ്ട്. മർത്ത്ശ്മുനിയെന്നാണ് ആ അമ്മയുടെ പേര്, മർത്ത് എന്ന സുറിയാനി വാക്ക് വിശുദ്ധരായ മഹതികൾക്കും മാർ എന്നത് വിശുദ്ധന്മാരായ പിതാക്കന്മാർക്കും ഉപയോഗിക്കുന്ന ബഹുമാനസൂചകമായ പദമാണ് (മാർ തോമ്മാശ്ലീഹാ, മാർ ബസേലിയോസ്).

ക്രിസ്തുവിന് ഏകദേശം 200 വർഷങ്ങൾക്ക് മുമ്പാണ് മർത്തശ്മുനിയമ്മയും മക്കളും ജീവിച്ചിരുന്നത്. ഇവരെക്കുറിച്ചുള്ള ചരിത്രം മക്കാബിയരുടെ പുസ്തകം 7-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ("അപ്പോക്രീഫ"യിലെ മക്കാബിയർ എന്ന പുസ്തകത്തെക്കുറിച്ച് കുട്ടികൾക്ക് വിവരിക്കുവാൻ ശ്രമിക്കുക). ഈ വിശുദ്ധയായ അമ്മയും ഏഴു മക്കളും കൊല ചെയ്യപ്പെടുകയായിരുന്നു. അതിന്റെ ചരിത്രം ഇങ്ങനെയാണ്.

പണ്ടുകാലങ്ങളിൽ രാജഭരണമായിരുന്നല്ലോ എല്ലായിടത്തും ഉണ്ടായിരുന്നത്. അന്ന് രാജാക്കന്മാർ ഏതു ദൈവത്തിൽ വിശ്വസിക്കുന്നുവോ, ആ ദൈവത്തിൽ തന്നെ ആ രാജ്യത്തുള്ള ജനങ്ങളും വിശ്വസിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ചില രാജാക്കന്മാർ ക്രൂരന്മാരായിരുന്നു. അവരുടെ ദേവന്മാരിലോ, ദേവിമാരിലോ വിശ്വസിക്കാത്ത

വരെ അവർ കൊല്ലുമായിരുന്നു. അത്തരത്തിലുള്ള ഒരു രാജാവായിരുന്നു. അന്ത്യോഖസ് നാലാമൻ.

നമ്മുടെ വടക്കേ ഇന്ത്യ ആക്രമിച്ച് കീഴടക്കിയ ഒരു ഗ്രീക്ക് ചക്രവർത്തിയേക്കുറിച്ച് ആരെങ്കിലും കേട്ടിട്ടുണ്ടോ. മഹാനായ 'അലക്സാണ്ടർ ദി ഗ്രേറ്റ്' എന്ന ആ ചക്രവർത്തിയുടെ പിൻഗാമിയായിരുന്നു ഈ അന്ത്യോഖ്യസ് നാലാമൻ. ഈ ചക്രവർത്തി പാലസ്തീൻ ആക്രമിച്ചു കീഴടക്കി. യഹൂദന്മാരുടെ പുണ്യ ദേവാലയവും നശിപ്പിച്ചു. ആ ദേവാലയത്തിൽ ഗ്രീക്ക് ദേവന്മാരെയും ദേവിമാരെയും പ്രതിഷ്ഠിച്ചു. തങ്ങളുടെ ദേവാലയം നശിപ്പിക്കപ്പെട്ടപ്പോൾ യഹൂദന്മാർക്ക് വലിയ സങ്കടവും ദേഷ്യവും ഉണ്ടായി. ഈ സമയത്ത് ജൂദാസ് മക്കാബീസ് എന്ന പുരോഹിതന്റെ നേതൃത്വത്തിൽ യഹൂദന്മാർ സംഘടിച്ച് ഗ്രീക്കുകാരെ തോൽപ്പിച്ച് യരുശലേം ദേവാലയം വീണ്ടെടുക്കുകയുണ്ടായി. ഒട്ടേറെ പേർക്ക് ആ പോരാട്ടങ്ങളിൽ ജീവൻ വെടിയേണ്ടി വന്നു.

ഈ പോരാട്ടങ്ങൾ നടക്കുന്ന സമയത്താണ് മർത്തശ്മുനിയേയും ഏഴു മക്കളെയും രാജ്യസന്നിധിയിൽ കൊണ്ടുവന്നത്. സത്യദൈവമായ യഹോവയെ ഉപേക്ഷിക്കുവാനും യഹൂദന്മാർക്ക് വിലക്കപ്പെട്ട പന്നിമാംസം ഭക്ഷിക്കുവാനും രാജാവ് ഈ അമ്മയോടും മക്കളോടും ആവശ്യപ്പെട്ടു. എന്നാൽ ഈ അമ്മ അതിനു തയ്യാറായില്ല. യഹോവയായ ദൈവത്തെയല്ലാതെ മറ്റൊരു ദേവനെയും ആരാധിക്കുകയില്ല എന്ന് ഉറപ്പിച്ചു പറഞ്ഞു. ഇതു കേട്ട് കോപിച്ച രാജാവ് ആദ്യം മക്കളെ ഒരോരുത്തരേയും കൊന്നിട്ട് ഒടുവിൽ ആ അമ്മയേയും വധിച്ചു. ആഴമേറിയ ദൈവവിശ്വാസമുണ്ടായിരുന്നതിനാൽ അമ്മയും മക്കളും മരണത്തെ ഭയപ്പെട്ടതേയില്ല. ഈ ലോകത്തിൽ നിന്നും പോയാൽ ദൈവസന്നിധിയിൽ ഉടനെ എത്തുമെന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. അവരുടെ വിശ്വാസം കണക്കിലെടുത്ത് ഈ അമ്മയേയും മക്കളെയും നമ്മുടെ സഭ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിശുദ്ധയായ ഈ അമ്മയുടെ നാമത്തിൽ ചില പള്ളികളും നമുക്കുണ്ട്.

## നമുക്ക് പാടാം

മിശിയായെ കാണ്മാൻ
കാംക്ഷിച്ചൊരു സഹദേർ
വാളാൽ ചിറകുകൾ പൂ-
ണ്ടുന്നത പദമേറി

## നമുക്ക് പ്രാർത്ഥിക്കാം

ക്രിസ്തുവിനുവേണ്ടി ജീവൻ വെടിഞ്ഞ മർത്തശ്മുനി അമ്മേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## നിശ്ചയം

കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ ഇവയ്ക്കൊന്നും യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും എന്നെ വേർപിരിക്കുവാൻ സാധിക്കുകയില്ല (റോമർ 8:35)

## നമുക്ക് ചിന്തിക്കാം

1. മർത്താ, മാർ ഈ പദങ്ങൾ ആരുടെയൊക്കെ വിശേഷണമായി ഉപയോഗിക്കുന്നു?

2. മർത്ത്ശ്മുനിക്ക് എത്ര മക്കളുണ്ടായിരുന്നു?
3. ഈ അമ്മയെയും മക്കളെയും വധിച്ച ഭരണാധികാരി ആരായിരുന്നു?
4. രക്തസാക്ഷി എന്ന് അർത്ഥം വരുന്ന ഒരു സുറിയാനി വാക്ക് പറയുക?
5. ഏതു പുരോഹിതന്റെ നേതൃത്വത്തിലാണ് യഹൂദന്മാർ സംഘടിച്ച് ഗ്രീക്കുകാരെ തോല്പിച്ചത്?
6. മർത്ത്ശ്മുനിയോടും മക്കളോടും എന്തുചെയ്യുവാനാണ് രാജാവ് ആവശ്യപ്പെട്ടത്?
7. മർത്ത്ശ്മുനിയമ്മ രാജാവിനെ കൊടുത്ത മറുപടി എന്ത്?

## പ്രവർത്തനങ്ങൾ

1. ക്രിസ്തുവിനു മുമ്പിലുള്ള വിശുദ്ധന്മാരെ തരം തിരിച്ചെഴുതുക?
2. അപ്പോക്രിഫായിലുള്ള പുസ്തകങ്ങളുടെ പേരുകൾ കണ്ടെത്തുക?
3. ചേരുംപടി ചേർക്കുക (വരച്ച് ചേർക്കുക).

| | |
|---|---|
| അലക്സാണ്ടർ | നാലാമൻ |
| അന്ത്യോഖ്യസ് | പുരോഹിതൻ |
| ജൂദാസ് മക്കാബിയർ | ദി ഗ്രേറ്റ് |

4. മർത്ത്ശ്മുനിയുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള ദേവാലയങ്ങളെ നിങ്ങൾക്കറിയാമോ?

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോസ് 18:9-14 |
| തിങ്കൾ | യോഹന്നാൻ 11:1-4 | സങ്കീർത്തനം 78:1-5 |
| ചൊവ്വ | യോഹന്നാൻ 11:5-8 | സങ്കീർത്തനം 78:6-8 |
| ബുധൻ | യോഹന്നാൻ 11:9-11 | സങ്കീർത്തനം 78:9-14 |
| വ്യാഴം | യോഹന്നാൻ 11:12-15 | സങ്കീർത്തനം 78:15-22 |
| വെള്ളി | യോഹന്നാൻ 11:16-20 | സങ്കീർത്തനം 98:1-5 |
| ശനി | യോഹന്നാൻ 11:21-23 | * |

യൂണിറ്റ് ആറ്

# നല്ല ശീലങ്ങൾ

പാഠം ഇരുപത്

## ക്ഷമ-ഏറ്റവും ശ്രേഷ്ഠമായ പ്രതികരണം

**മുഖ്യസന്ദേശം:** ഭവനത്തിലും സമൂഹത്തിലും സമാധാനത്തിന്റെ അന്തരീക്ഷം കാത്തു സൂക്ഷിക്കുവാൻ ക്ഷമ ഏറ്റവും ആവശ്യമാണ്.

**മനഃപാഠവാക്യം:** "ഒരുവനോട് ഒരുവൻ വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുവീൻ; കർത്താവ് നിങ്ങളോട് ക്ഷമിച്ചതു പോലെ നിങ്ങളും ചെയ്യുവീൻ" (കൊലേസ്യർ 3:14)

### ആമുഖം

നമ്മുടെ സമൂഹത്തിലെ ഒട്ടേറെ പ്രശ്നങ്ങളും സംഘർഷങ്ങളും തെറ്റായ പ്രതികരണത്തിൽ നിന്നുള്ളവാകുന്നതാണ്. പ്രതികാരത്തിന് പകരം ഒരു ചെറിയ ക്ഷമാപണത്തിന് തയ്യാറായാൽ അനവധി പ്രശ്നങ്ങളും സംഘട്ടനങ്ങളും ഇല്ലാതാകും. ആയതിനാൽ നല്ല പ്രതികരണം ഉളവാക്കുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ക്ഷമ എന്ന ഗുണവിശേഷം സ്വായത്തമാക്കുവാൻ നമുക്ക് എങ്ങനെ കഴിയും എന്ന് ഇന്നത്തെ പാഠത്തിലൂടെ നമുക്ക് പഠിക്കാം.

### പാഠഭാഗം

"ഭൂമിയോളം ക്ഷമിക്കണം" എന്നൊരു പഴഞ്ചൊല്ലുണ്ട് മനുഷ്യൻ ഭൂമിയിൽ ചവിട്ടി നടക്കുകയും പലതരത്തിൽ ഭൂമിയെ പീഡിപ്പിക്കുകയും ചെയ്തിട്ടും ഭൂമി മനുഷ്യനോട് ക്ഷമിക്കുകയും വീണ്ടും മനുഷ്യന് വേണ്ടതെല്ലാം നൽകുകയും ചെയ്യുന്നു. ക്ഷമയുടെ ഏറ്റവും നല്ല മാതൃകയാണ് ഭൂമി എന്നതുകൊണ്ടാണ് ഭൂമിയെപ്പോലെ ക്ഷമിക്കണം എന്നു പറയുന്നത്. ഹൈന്ദവ മതത്തിൽ ക്ഷമയുടെ മൂർത്തീഭാവമായിട്ടാണ് ഭൂമിയെപ്പറ്റി പറയുന്നത്. അതുകൊണ്ട് തന്നെ ഭൂമിയെ 'ഭൂമിദേവി' എന്ന് സങ്കൽപ്പിച്ചിരിക്കുന്നു. മനുഷ്യന്റെ അനുസരണക്കേടുകളെ ദൈവം ക്ഷമിക്കുന്നു. അതുകൊണ്ട് നമ്മുടെ കടങ്ങൾ ക്ഷമിക്കുവാനായി നാം ദൈവത്തോട് അപേക്ഷിക്കുന്നു. പക്ഷേ, ദൈവം നമ്മുടെ തെറ്റുകൾ ക്ഷമിക്കണമെന്ന് നാം അപേക്ഷിക്കുമ്പോൾ അങ്ങനെ അപേക്ഷിക്കുവാനുള്ള യോഗ്യത നമുക്കുണ്ടോ എന്ന് ചിന്തിക്കണം. നമ്മോട് തെറ്റു ചെയ്തവരോട് നാം ക്ഷമിക്കുന്നുണ്ടെങ്കിൽ മാത്രമേ നമ്മുടെ തെറ്റുകൾ ക്ഷമിക്കണമെന്ന് അപേക്ഷിക്കുവാൻ നമുക്ക് അവകാശമുള്ളു. അതുകൊണ്ടാണ് യേശു പ്രാത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ 'ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ' എന്ന് പ്രാർത്ഥിക്കുവാൻ നിർദ്ദേശിച്ചത്.

നമ്മുടെ കർത്താവ് നമുക്ക് കാണിച്ചുതന്ന മാതൃക എന്താണ്. കുരിശിന്മേൽ കിടന്നുകൊണ്ട് തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി കർത്താവ് പ്രാർത്ഥിച്ചു. 'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്നു അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കണമേ'.

നമ്മൾ മറ്റുള്ളവരോട് ക്ഷമിച്ചാൽ നമ്മോട് ദൈവവും ക്ഷമിക്കും. ക്ഷമകൊണ്ട് നമുക്ക് അനേകം വിഷമസാഹചര്യങ്ങളെ ഒഴിവാക്കാം. ക്ഷമിക്കാൻ കഴിയാത്തവർക്ക് ആപത്തും

അനർത്ഥവും വർദ്ധിക്കുക സ്വഭാവികമാണ്. അവർക്ക് ഒരിക്കലും സുഖമനുഭവിക്കുവാൻ കഴിയുകയില്ല.

ആദ്യ രക്തസാക്ഷിയായ വി. സ്തേഫാനോസും തന്നെ കല്ലെറിഞ്ഞവർക്കു വേണ്ടി ഇപ്രകാരം തന്നെ പ്രാർത്ഥിച്ചു (അപ്പോ.പ്ര. 7:60). ഈ മാതൃക അനുസരിച്ച് ക്ഷമിക്കുന്ന ശീലം നമുക്കുമുണ്ടാകണം. ക്ഷമയല്ല കോപമാണ് പലരുടെയും ബലഹീനത. തന്മൂലം അവർക്കും അവരോടൊപ്പം ജീവിക്കുന്നവർക്കും പ്രവർത്തിക്കുന്നവർക്കും എല്ലാം ബുദ്ധിമുട്ടുകൾ ഉളവാകുന്നു. കോപം പല ദുഷ്പ്രവർത്തികളിലേക്കും നമ്മെ നയിക്കുകയും ചെയ്യും.

“കോപമാകുന്നത് വിത്തെന്നറിയേണം
പാപമാകുന്ന മഹാമരത്തിനെടോ.”

കോപമെന്ന വിത്ത് വളർന്നാൽ അത് പാപമെന്ന വലിയ വൃക്ഷമാകുമെന്നർത്ഥം. നമുക്ക് ഇഷ്ടമല്ലാത്ത തരത്തിൽ ആരെങ്കിലും പെരുമാറിയാൽ നമ്മൾ കോപാകുലരായി അവരോട് അതേ മട്ടിലോ അതിലും മോശമായോ പെരുമാറുന്നു. അങ്ങനെ പകരം വീട്ടുമ്പോൾ നാം അവർക്ക് സമന്മാരായി തീരുന്നു. എന്നാൽ ക്ഷമിക്കുവാൻ കഴിഞ്ഞാൽ നാം അവരേക്കാൾ ശ്രേഷ്ഠരായിത്തിരുകയാണ്.

‘നിന്റെ വലത്തെ ചെകിടത്ത് അടിക്കുന്നവർ ഇടത്തേതുകൂടി കാണിച്ചുകൊടുക്കുക’ എന്ന യേശുക്രിസ്തു പഠിപ്പിച്ചത് (വി. മത്തായി 5:39). ഈ തത്വം മഹാത്മാഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചിരുന്നു. നമ്മുടെ അയൽക്കാരോ സഹപാഠികളോ നമ്മോട് മോശമായി പെരുമാറിയാലും അവരെ ഉപദ്രവിക്കുവാനോ കീഴ്പ്പെടുത്തുവാനോ ശ്രമിക്കാതെ അവർക്ക് നന്മ ചെയ്തു കൊടുക്കുവാൻ കഴിഞ്ഞാൽ തീർച്ചയായും നാം അവരുടെ മേൽ വിജയം പ്രാപിക്കുകതന്നെ ചെയ്യും. നന്മയാൽ തിന്മയെ ജയിക്കുക എന്ന് ക്രിസ്തു പഠിപ്പിച്ചിട്ടുണ്ടല്ലോ. പക്ഷേ, തെറ്റുചെയ്തവർ മാപ്പുചോദിച്ചാൽ പോലും ക്ഷമിക്കുവാൻ തയ്യാറാകാത്ത ചിലയാളുകളുണ്ട്. സഹോദരൻ പിഴച്ചാൽ അവരോട് ക്ഷമിക്കുക. ദിവസത്തിൽ ഏഴു ദിവസം നിന്നോട് തെറ്റുചെയ്യുകയും എല്ലാ വട്ടവും നിന്റെ അടുക്കൽ വന്ന് ഞാൻ മാനസാന്തരപ്പെടുന്നുന്നു എന്ന് പറയുകയും ചെയ്താൽ അവനോട് ക്ഷമിക്കുക എന്നാണ് കർത്താവ് പറഞ്ഞത് (വി. ലൂക്കോസ് 7:3-4)

ആയതിനാൽ നാം ക്ഷമയുള്ളവരായിരിക്കണം. അത് മനസ്സിനെ ശാന്തിയിലേക്കും സമാധാനത്തിലേക്കും നയിക്കും. മറ്റുള്ളവരുടെ സ്നേഹവും ആദരവും ക്ഷമയിലൂടെ ലഭിക്കും. അതു തന്നെയാണ് ക്രിസ്തുവിന്റെ ഏറ്റവും വലിയ സാക്ഷ്യമായി മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുവാനുള്ളത്. ആരോടെങ്കിലും പകയും വൈരാഗ്യവും നാം പുലർത്തുന്നുവെങ്കിൽ നമ്മുടെ സ്വൈര്യത നഷ്ടപ്പെടും. അതു നമ്മുടെ വീക്ഷണത്തെ വികലമാക്കും. നന്മ കാണാൻ കഴിയാത്ത അവസ്ഥയിലെത്തിക്കും. പരസ്പരം ക്ഷമിക്കുവാൻ കഴിഞ്ഞാൽ ലഭിക്കുന്ന സ്വസ്ഥതയും ശാന്തിയും അനിർവചനീയമാണ്. അതു അനുഭവിച്ചറിയുകതന്നെ വേണം.

..........................................

**നിശ്ചയം**

ഞങ്ങളോട് തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കും

## പ്രവർത്തനങ്ങൾ

1. ഒരു കൂട്ടുകാരൻ നിങ്ങൾക്ക് ഇഷ്ടമില്ലാത്ത ഒരു പ്രവർത്തി നിങ്ങൾ ചെയ്തു എന്നു വിചാരിക്കുക. നിങ്ങൾ എന്തു ചെയ്യും.
2. കർത്താവ് ക്രൂശിൽ കിടന്നുകൊണ്ട് തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച വാചകം കണ്ടുപിടിക്കുക.
3. 'സ്തേഫാനോസ് സഹദാ മരണസമയത്ത് ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു'. ആ വാചകം കണ്ടുപിടിക്കുക.
3. മറ്റുള്ളവരോട് ക്ഷമിക്കുവാനും പൊറുക്കുവാനും നിങ്ങളുടെ കൂട്ടുകാരെ നിങ്ങൾ പ്രേരിപ്പിക്കണം.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോസ് 21:14-19 |
| തിങ്കൾ | 1 കൊരിന്ത്യർ 13:4-7 | മത്തായി 18:33-35 |
| ചൊവ്വ | 1 കൊരിന്ത്യർ 13:8-13 | മർക്കോസ് 11:22-26 |
| ബുധൻ | കൊലോസ്യർ 3:13-15 | സങ്കീർത്തനം 86:1-5 |
| വ്യാഴം | എഫേസ്യർ 4:30-32 | സദൃശ്യവാക്യം 19:8-11 |
| വെള്ളി | എഫേസ്യർ 4:2-6 | സങ്കീർത്തനം 32:1-3 |
| ശനി | കൊലോസ്യർ 3:12-15 | * |

പാഠം ഇരുപത്തി ഒന്ന്

# പരോപകാരം-പുണ്യപ്രവർത്തി

**മുഖ്യസന്ദേശം**: നമ്മുടെ ചിന്തകളും വാക്കുകളും പ്രവർത്തികളും മറ്റുള്ളവർക്ക് നന്മ പകരുവാനായി വിനിയോഗിക്കുമ്പോൾ നമ്മുടെ ജീവിതം ദൈവത്തിനു സ്വീകാര്യമാകും.

**മനഃപാഠവാക്യം**: "ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെയിരിക്കുന്നു.' (വി. ലൂക്കോസ് 22:27).

## ആമുഖം

നാം വസിക്കുന്ന സമൂഹത്തോട് നമുക്ക് കടമയുണ്ട്. ഓരോ വ്യക്തിയും തന്റെ കടമ നിറവേറ്റിയാൽ മാത്രമേ സമൂഹം കെട്ടുറപ്പുള്ളതായിരിക്കുകയുള്ളു. മറ്റുള്ളവരെ സഹായിക്കുക എന്നുള്ളതാണ് നമ്മുടെ ധർമ്മം. ഈ പാഠത്തിലൂടെ നല്ല ഒരു പരോപകാരതൽപരനായി ജീവിക്കുവാൻ നമുക്ക് പഠിക്കാം. ജീവിതം ഏപ്പോഴാണ് പ്രയോജനകരവും സംതൃപ്തി നൽകുന്നതുമാകുന്നത്. ജീവിതത്തിൽ ഒരു ലക്ഷ്യവും പ്രവർത്തിക്കുവാൻ ഒരു പദ്ധതിയും ഉള്ളപ്പോഴാണ്. അവയില്ലാത്തപ്പോൾ ജീവിതം നമുക്കും മറ്റുള്ളവർക്കും ഭാരമായിത്തീരുന്നു. വിരസതയും നിഷ്ക്രിയത്വവും അവിടെ പ്രതിഫലിക്കും. ഈ പാഠം നമ്മുടെ പ്രവർത്തി എങ്ങനെയുള്ളതായിത്തീരണമെന്ന് നമ്മെ കാണിച്ചുതരുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിൽ നമുക്ക് ശക്തി പകരുന്നു.

## പാഠഭാഗം

ധനവും കഴിവും സ്ഥാനവുമെല്ലാം മറ്റുള്ളവരുടെ ദുഖങ്ങളും ക്ലേശങ്ങളും ലഘൂകരിക്കുവാൻ ഉപയോഗിക്കുന്നവരാണ് ശ്രേഷ്ഠന്മാർ. അവർക്ക് സംതൃപ്തിയും സന്തോഷവും ലഭിക്കുന്നു. സുഖം ഒരു സുഗന്ധമത്രേ. അത് മറ്റുള്ളവർക്ക് നൽകുമ്പോൾ നമ്മുടെമേലും അല്പം പതിക്കുന്നു എന്ന് എമേഴ്സൺ എന്ന ചിന്തകൻ പറഞ്ഞിട്ടുണ്ട്.

'ഞാൻ ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി ജീവനെ മറുവിലയായി കൊടുപ്പാനും വന്നിരിക്കുന്നു' എന്ന് യേശുക്രിസ്തു പറഞ്ഞതും നാം ശ്രദ്ധിക്കണം (വി. മർക്കോസ് 10:45). നമ്മുടെ കർത്താവ് മനുഷ്യന്റെ സമ്പൂർണ്ണ രക്ഷയ്ക്കായിട്ടാണ് വന്നത്. വിശക്കുന്നവർക്ക് ആഹാരം നൽകി. കുരുടന് കാഴ്ചയും മുടന്തന് നടക്കുവാനുള്ള കഴിവും രോഗികൾക്ക് സൗഖ്യവും നൽകി. 'നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന് യേശു പഠിപ്പിച്ചപ്പോൾ സദാ സമയവും സമസൃഷ്ടങ്ങളെ കരുതുവാനുള്ള നമ്മുടെ ബാദ്ധ്യത നമ്മെ അനുസ്മരിപ്പിക്കുകയാണ് ചെയ്തത്. നമമുടെ ആവശ്യങ്ങൾക്ക് മറ്റുള്ളവരെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നല്ല ചിന്തിക്കേണ്ടത്. മറ്റുള്ളവരുടെ ഗുണത്തിനും നന്മയ്ക്കും നമുക്ക് എന്ത് ചെയ്യുവാനാകും എന്നാണ്. അങ്ങനെ ചിന്തിച്ചാൽ നമ്മുടെ പെരുമാറ്റം മറ്റുള്ളവർക്ക് പ്രയോജനപ്രദവും സന്തോഷകരവുമാകും.

സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും പ്രവർത്തികൾ പ്രകടമാക്കേണ്ട അവസരങ്ങൾ നമ്മുടെ മുമ്പിൽ ധാരാളമുണ്ട്. പക്ഷേ നാം അവയുടെ മുമ്പിൽ കണ്ണടയ്ക്കുകയോ പുറംതിരിഞ്ഞു നിൽക്കുകയോ ചെയ്യാൻ പാടില്ല. മതകർമ്മങ്ങളിലും ആചാരനുഷ്ഠാന

ങ്ങളിലും ഒതുങ്ങി നിൽക്കാതെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കരങ്ങൾ നീട്ടുകയാണ് വേണ്ടത്. 'യാഗത്തിലല്ല കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നത്' എന്ന് ദൈവം കൽപ്പിക്കുന്നു.

ബസിലും ട്രെയിനിലും യാത്ര ചെയ്യുമ്പോൾ കൊച്ചുകുട്ടികളെയും ഒക്കത്തെടുത്ത് നിന്നുകൊണ്ട് യാത്രചെയ്യേണ്ടിവരുന്ന അമ്മമാരെയോ അവശരായ വൃദ്ധജനങ്ങളേയോ കണ്ടാലുടനെ എഴുന്നേറ്റ് അവർക്ക് ഇരിപ്പിടം നൽകുന്ന ചിലയാളുകൾ ഉണ്ട്. മറ്റു ചില രാകട്ടെ ഇവരെ കണ്ടില്ല എന്ന മട്ടിലായിരിക്കും ഇരിക്കുക. മറ്റാളുകളെ സഹായിക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തുന്നവർക്ക് അത്തരം അനുഭവങ്ങൾ തന്നെ പിന്നീ ടെപ്പോഴെങ്കിലും ഉണ്ടാകാതിരിക്കുകയില്ല. കാരണം മനുഷ്യൻ പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കണം എന്നത് ദൈവത്തിന്റെ നിയമമാണ്. പ്രകൃതിയിലും അതേ തത്വം വെളിവാകുന്നു.

സഹായവും സന്തോഷവും നമുക്ക് ലഭിക്കണമെങ്കിൽ നാം അത് മറ്റുള്ളവർക്ക് നൽക ണം. ബാങ്കിൽ നാം പണം പലപ്പോഴായി നിക്ഷേപിച്ചാൽ നമുക്ക് ആവശ്യമുള്ളപ്പോൾ അത് പ്രയോജനപ്പെടും. അതുപോല പലപ്പോഴായി നാം നൽകുന്ന സഹായങ്ങൾ നമുക്ക് എപ്പോഴെങ്കിലും ആവശ്യമുണ്ടാകുമ്പോൾ സമൂഹത്തിൽ നിന്നും തിരിച്ചു ലഭിക്കും. അന്യരുടെ സഹായം ഒന്നും കൂടാതെ ജീവിക്കാം എന്നു കരുതുന്നത് തെറ്റാണ്. പരസ ഹായം കൂടാതെ ഒരു ദിവസം പോലും ജീവിക്കുവാൻ കഴിയുകയില്ല. അന്യരെ സഹായി ക്കുന്നതിന് എപ്പോഴും പണം വേണമെന്നില്ല. ചിലപ്പോൾ പണവും ആവശ്യമാകും.

നിത്യവും നമ്മുടെ നാട്ടിൽ റോഡപകടങ്ങൾ ഉണ്ടാകുന്നു. അപകടത്തിൽപ്പെട്ടവരെ പെട്ടെന്ന് ശുശ്രൂഷിക്കുകയും, ആശുപത്രിയിൽ എത്തിക്കുകയും ചെയ്യുവാൻ ആദ്യം അവി ടെയെത്തുന്നവരുടെ ചുമതലയാണ്. പക്ഷേ, ഇത്തരം സന്ദർഭങ്ങളിൽ പോലും ഒരു സഹാ യവും ചെയ്യാതെ നോക്കി നിൽക്കുന്നവർ എത്രയോ ഉണ്ട്. അപകടത്തിൽപ്പെട്ട് രക്തം നഷ്ടപ്പെട്ടവർക്ക് ആശുപത്രിയിൽ വച്ച് രക്തം നൽകേണ്ടി വരും. അപ്പോൾ രക്തം നൽകു വാൻ സ്വമനസ്സുള്ളവർ ഉണ്ടെങ്കിൽ മാത്രമേ മരണത്തിൽ നിന്ന് ആ വ്യക്തിയെ രക്ഷപ്പെടു ത്തുവാൻ കഴിയൂ. ആർക്കും ഏതു സമയത്തും ഇത്തരം അവസ്ഥ ഉണ്ടാകും എന്നതു കൊണ്ട് അപരിചിതനായ ഒരാൾക്ക് വേണ്ടിയായാലും രക്തം നൽകി ജീവൻ രക്ഷിക്കുവാൻ നാം തയ്യാറാവണം.

നമ്മുടെ കർത്താവിന്റെ മാതൃക സ്വീകരിച്ച് മറ്റുള്ളവരുടെ സഹായത്തിനായി ജീവിതം അർപ്പിച്ചവർ നമുക്കു മാതൃകയാണ്. ഫാദർ ഡാമിയൻ, മദർ തെരേസ്സാ, ആൽബർട്ട് ഷ്വൈറ്റ്സർ എന്നിങ്ങനെയുള്ള മഹാത്മാക്കൾ. പാവങ്ങളുടെ തോഴനായി ജീവിച്ച മലങ്കര സഭാരത്നം അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി നമുക്ക് കാണിച്ചു തന്ന മാർഗ്ഗവും ഇതു തന്നെ. ഓരോ ദിവസവും നമ്മുടെ ജീവിതത്തെ പരോ പകാരം കൊണ്ട് ധന്യമാക്കാം. മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്ക് ചേർന്ന് നമുക്ക് ജീവിതം കൂടുതൽ ശ്രേഷ്ഠമാക്കാം.

...........................................

**നിശ്ചയം**

മറ്റുള്ളവർക്ക് ഉപകാരം ചെയ്യുവാൻ ലഭിക്കുന്ന അവസരങ്ങൾ
ഞങ്ങൾ നഷ്ടപ്പെടുത്തുകയില്ല

## പ്രവർത്തനങ്ങൾ

1. നിങ്ങൾ സാധാരണ ചെയ്യാറുള്ള പരോപകാരപ്രവർത്തനങ്ങൾ കണ്ടുപിടിക്കുക.
2. മറ്റുള്ളവർക്ക് സഹായം ചെയ്യുവാൻ അവസരം കിട്ടിയിട്ടു ചെയ്യാതിരുന്ന അവസരങ്ങൾ ഉണ്ടോ? അവയിൽ ചിലത് ക്ലാസ്സിൽ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.
3. നിങ്ങൾക്കു നിങ്ങളുടെ കൂട്ടുകാരും മറ്റും ചെയ്തു തന്നിട്ടുള്ള ഉപകാരങ്ങൾ എഴുതി വയ്ക്കുക.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | 2 കൊരിന്ത്യർ 8:1-6 |
| തിങ്കൾ | മത്തായി 25:31-34 | 2 കൊരിന്ത്യർ 8:7-9 |
| ചൊവ്വ | മത്തായി 25:35-40 | 2 കൊരിന്ത്യർ 8:10-15 |
| ബുധൻ | മത്തായി 25:42-46 | 2 കൊരിന്ത്യർ 8:16-9 |
| വ്യാഴം | സദൃശ്യവാക്യം 19:16-17 | 2 കൊരിന്ത്യർ 8:10-15 |
| വെള്ളി | ആവർത്തനം 25:13-16 | 2 കൊരിന്ത്യർ 8:16-19 |
| ശനി | ആവർത്തനം 26:1-2 | * |